
# ബഥനി ശബ്ദം

## JANUARY 2023

### ORDINATION SPECIAL






# BETHANY SABDAM

No. 129 January 2023

**Editorial Board**

Fr. Jobin Kuriakose OIC (Chief Editor)

Fr. Thomas Prasobh Kolliyelil OIC

Fr. Thomas Pramod Palavilayil OIC

Fr. Ebin Thomas Panicker OIC

Fr. Mathew Praful Palanilkunnathil OIC

**Printed at**

Bethany Press, Kottayam - 686010
Ph: 0481 - 2571355
e-mail: bethanyktm@gmail.com

**Published from**

Bethany Ashram Generalate
P.B.No. 06, Vadavathoor P.O.,
Kottayam - 686 010, KERALA
Ph : 0481 - 2578494
(Monday - Saturday from 9.30 AM to 5.00 PM)
web : www.bethanyashram.net
e-mail : oic.infonews@gmail.com

*for Private Circulation Only*

# ഉൾത്താളുകളിൽ


| | | |
|---|---|---|
| എഡിറ്റോറിയൽ | – ഫാ. ജോബിൻ കുര്യാക്കോസ് ഒ.ഐ.സി. | 3 |
| ബഥാന്യൻ പാരമ്പര്യത്തിലൂടെ (2) | – ഫാ. മത്തായി കടവിൽ ഒ.ഐ.സി. | 4 |
| പുരോഹിതൻ–പാപപരിഹാരത്തിന്റെ... | – ഫാ. ജോർജ് അയ്യനേത്ത് ഒ.ഐ.സി | 7 |
| ബലിയും ബലിവസ്തുവുമായി | – ഫാ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി | 8 |
| ക്രിസ്തുവിൽ നിന്നകലുന്ന... | – ഫാ. ഡോ.ഗീവർഗീസ് കുറ്റിയിൽ ഒ.ഐ.സി. | 11 |
| ശുശ്രൂഷാ പൗരോഹിത്യം... | – ഫാ. തോമസ് റെജി പടിഞ്ഞാറ്റേമേലേതിൽ ഒ.ഐ.സി | 15 |
| പൗരോഹിത്യത്തിന്റെ നാലു തൂണുകൾ | – ഫാ. റ്റൈറ്റസ് ജോൺ ചേരാവള്ളിൽ ഒ.ഐ.സി | 18 |
| You Are a Priest Forever | – Rev. Dr. Francis Assisi Samuel, OIC | 25 |
| പൗരോഹിത്യം: ദാനവും ഉത്തരവാദിത്വവും | – ഫാ. ജയിംസ് പുതുപ്പറമ്പിൽ ഒ.ഐ.സി. | 28 |
| പൗരോഹിത്യവും, അതിന്റെ ത്രിമാന... | – ഫാ. ജോസഫ് ഫിലിപ്പ് ആലുമ്മൂട്ടിൽ ഒ.ഐ.സി. | 31 |
| നന്ദിപൂർവ്വം... | – വത്സമ്മ ജോർജ്ജ് | 35 |
| പക്വമതിയും ശാന്തനും .... | – സിസ്റ്റർ വിനീത ഡി.എം | 37 |
| ബലിയായി ബലിപീഠത്തിലേക്ക് | – ബ്രദർ അനൂപ് ഒ.ഐ.സി | 38 |
| ദൈവത്തിന്റെ സ്വന്തമാകുവാൻ... | – ഫാ. ജിതിൻ ജോർജ്ജ് ഒ.ഐ.സി | 40 |
| ദൈവപരിപാലനയുടെ വഴികൾ | – ബെനറ്റ് ബെഞ്ചമിൻ & ഹെലൻ പ്രേമി | 41 |
| ഈ നവവൈദികൻ അഞ്ചാമട ..... | – ഡോ.എം.വി.തോമസ് | 42 |
| സ്നേഹശുശ്രൂഷകനായ ജിജോ അച്ചൻ | – ബ്രദർ. ബിബിൻ ഡേവിഡ് ഒ.ഐ.സി | 44 |
| നാഥാ ഞങ്ങളോടൊത്തു വസിച്ചാലും | – ഫാ. ജിജോ ബെഞ്ചമിൻ ഒ.ഐ.സി | 46 |
| ജീവിതം പ്രകാശമാക്കുന്ന പുരോഹിതൻ | – ഫാ.ഡോ.സിജോൺ കുഴിക്കാട്ടുമ്യാലിൽ | 48 |
| ദൈവപരിപാലനയുടെ ചിറകിന്റെ നിഴലിൽ | – ഫിൻസി പെല്ലിശ്ശേരി | 49 |
| The Servantin Christ's vineyard 'Dn.Alexis' | – Br. Linson Mathew OIC | 51 |
| സ്വപ്നസാഫല്യത്തിന്റെ നിറവിൽ... | – ഫാ. അലക്സിസ് പെല്ലിശ്ശേരി ഒ.ഐ.സി. | 53 |
| ശക്തനായവൻ ഞങ്ങൾക്കു വലിയ... | – മത്തായി കുടായിൽ & ത്രേസ്യമ്മ കുടായിൽ | 55 |
| പൗരോഹിത്യം ദൈവശുശ്രൂഷയി... | – സി. ചിത്താനന്ദ എസ്.ഐ.സി. | 57 |
| കർമ്മകുശലനായ ശുശ്രൂഷകൻ ... | – ബ്രദർ ഡെറിൻ ജോസ് ഒ.ഐ.സി. | 59 |
| എനിക്കെല്ലാം ക്രിസ്തുവാണ്... | – ഫാ. ജോസഫ് ഷൈജു ഒ.ഐ.സി. | 61 |
| വിളിച്ചവനിലേക്ക് വിശ്വസ്തതാ പൂർവ്വം | – രാജൻ & സുധാ രാജൻ | 63 |
| ബലിയർപ്പകനായി ബലിവേദിയിൽ... | – ശ്രീ. രാജേന്ദ്രൻ. ജെ | 64 |
| നല്ല ഇടമാകുന്ന ജിത്തുശെമ്മാശൻ | – ബ്രദർ. അഗസ്റ്റിൻ വി. ഒ.ഐ.സി | 65 |
| ദൈവദാനമീ... ജീവിതം | – ഫാ. ജിത്തു ജോൺ ഒ.ഐ.സി | 67 |
| ചിന്തേര്: പുസ്തക അവലോകനം | – സിസ്റ്റർ അർച്ചിത എസ്.ഐ.സി. | 68 |

# എഡിറ്റോറിയൽ

2023 ഒരു പുതുവത്സരം കൂടി കടന്നുവരുന്നു. മുന്തിരിത്തോട്ടത്തിൽ നട്ടുവളർത്തപ്പെട്ട ഫലം തരാത്ത അത്തിവൃക്ഷം കണക്കെ നിലം പാഴാക്കുന്ന ജീവിതരീതികൾ ഉണ്ടോ എന്ന് വിലയിരുത്തി ചില തീരുമാനങ്ങൾ എടുത്തുവേണം മുമ്പോട്ടു പോകുവാൻ.

മൂന്നുവർഷമായി ഫലം മാത്രം അന്വേഷിക്കുന്ന മുതലാളിയുടെ മഴുവിൽ നിന്നും കൃഷിക്കാരന്റെ വിശ്വാസമാണ് അത്തിവൃക്ഷത്തെ രക്ഷിച്ചത്. അത്തിവൃക്ഷത്തിന്റെ വിധി ഇനി കൃഷിക്കാരന്റെ അദ്ധ്വാനത്തിന്റെ ഫലമായി മാറും. ചുവടുകിളച്ച് വളമിടാൻ തയ്യാറായ കൃഷിക്കാരന്റെയും മൂടോടെ വെട്ടിമാറ്റുവാൻ മഴുവുമായി നില്ക്കുന്ന മുതലാളിയുടെയും നടുവിലാണ് അത്തിവൃക്ഷത്തിന്റെ തുലാസ്. മൂന്നുവർഷമായി ഫലം തരുന്നുമില്ല. മണ്ണിന്റെ വളം വലിച്ചെടുക്കുകയും ചെയ്യുന്നു എന്നതാണ് മുതലാളിയുടെ പ്രശ്നം. മുന്തിരിത്തോട്ടത്തിൽ അദ്ധ്വാനിക്കുന്ന കൃഷിക്കാരനാകട്ടെ അത്തിവൃക്ഷത്തിന്റെ ഫലമല്ല അതിന്റെ തണലാണാവശ്യം. ഇടയ്ക്കൊന്നു വിശ്രമിക്കാനും മയങ്ങുവാനും. വെട്ടിമാറ്റുക എന്ന ഉത്തരവ് മുതലാളിക്ക് പുറപ്പെടുവിക്കാൻ വളരെ എളുപ്പമാണ്. എന്നാൽ കർമ്മം ധർമ്മമാക്കിയ തൊഴിലാളിക്ക് അതത്ര എളുപ്പമല്ല.

ആശ്രമങ്ങളിൽ പലരും വെട്ടിമാറ്റിയ മരങ്ങൾ അവരാരും വച്ചതല്ലല്ലോ. പൂർവ്വപിതാക്കന്മാർ നട്ടുവളർത്തിയതായിരിക്കുമല്ലോ. നടാൻ ഒരു കാരണം. വെട്ടിമാറ്റാൻ മറ്റൊരു കാരണം. ഓരോ പുതുവത്സരവും ഒരു സ്വപ്നമാണ്. ഒരു വിശ്വാസമാണ്. ഫലം പുറപ്പെടുവിക്കാം എന്ന വിശ്വാസം. വെട്ടിമാറ്റുന്നത് വളരെ എളുപ്പമാണ്. എന്നാൽ ചുവടുകിളച്ച് വളമിടുന്നത് അത്ര എളുപ്പമല്ല. ചുവട് കിളച്ച് അദ്ധ്വാനിക്കുവാൻ ഇതാ ഒരു പുതുവത്സരം കൂടി. മറ്റുള്ളവരുടെ സ്വപ്നങ്ങൾക്ക് മഴുവെയ്ക്കാതെ അവരെ സഹായിക്കുവാനും അവരോട് സഹകരിക്കുവാനുമായി ഈ പുതുവത്സരം നമുക്ക് ഉപയോഗിക്കാം. പുതുവത്സരാശംസകൾ!

സന്ന്യാസപൗരോഹിത്യപരിശീലന പ്രക്രിയകളുടെ ആദ്യപാഠങ്ങൾ പൂർത്തിയാക്കി ബഥനിയിലൂടെ ക്രിസ്തുവിന്റെ സുവിശേഷം ജീവിക്കുവാനും പ്രസംഗിക്കുവാനുമായി ഈ പുതുവത്സരത്തിൽ അഞ്ച് നവവൈദികരെ ബഥനിക്ക് ലഭിക്കുന്നു. ക്രിസ്തുവിൽ ദർശിക്കുന്ന പുരോഹിതവിശുദ്ധിയും രാജകീയ ദൗത്യവും പ്രവാചക അധികാരവും തങ്ങളുടെ ജീവിതത്തിൽ ഉടനീളം പ്രാവർത്തികമാക്കുവാൻ വിളിക്കപ്പെട്ടവരാണ് പുരോഹിതർ. വിശുദ്ധ ജീവിതം നയിക്കുന്ന പുരോഹിതരും കരുണയുള്ള രാജാക്കന്മാരും വിവേകമുള്ള പ്രവാചകന്മാരുമായി തീരുവാൻ നവവൈദികർക്ക് നമ്മുടെ പ്രാർത്ഥന കോട്ടയായിരിക്കട്ടെ.

പഠനത്തിലൂടെ ലഭിച്ച അറിവിനെ പ്രാർത്ഥനയിലൂടെ ശാക്തീകരിച്ച ദൈവ ശാസ്ത്രജ്ഞനായിരുന്നു ബെനഡിക്ട് പതിനാറാമൻ പാപ്പാ. ദൈവം തനിക്ക് നൽകിയ താലന്ത് വർദ്ധിപ്പിച്ച് തന്റെ ദൗത്യം പൂർത്തിയാക്കി എന്നു തോന്നിയപ്പോഴാണ് പാപ്പാ സ്ഥാനത്തുനിന്ന് അദ്ദേഹം വിരമിച്ചത്. വിരമിക്കാതിരിക്കുവാൻ ധാരാളം സമ്മർദ്ദങ്ങളുണ്ടായിരുന്നുവെങ്കിലും സഭയുടെ ഭാവിയെ കരുതിയാണ് താൻ വിരമിക്കുന്നത് എന്നായിരുന്നു അദ്ദേഹത്തിന്റെ ചിന്ത. Two Popes എന്ന ചലച്ചിത്രത്തിൽ താൻ വിരമിക്കാനുണ്ടായ സാഹചര്യം ഫ്രാൻസിസ് പാപ്പായോട് വിവരിക്കുന്ന രംഗം വീണ്ടും വീണ്ടും കാണുവാൻ തോന്നും. അങ്ങയുടെ ജീവിതമാതൃക ഞങ്ങൾക്ക് പാഠമാകട്ടെ. പ്രാർത്ഥനയോടെ വിട!

സ്നേഹത്തോടെ

ഫാ. ജോബിൻ കുര്യാക്കോസ് ഒ.ഐ.സി.

# ബഥാന്യൻ പാരമ്പര്യത്തിലൂടെ (2)

**ഫാ. മത്തായി കടവിൽ ഒ.ഐ.സി.**
സുപ്പീര്യർ ജനറൽ

കഴിഞ്ഞ ലക്കം ബഥനി ശബ്ദത്തിൽ ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് സെറാമ്പൂരിൽ ആരംഭിച്ച ബഥനിയുടെ ആത്മീയതയെക്കുറിച്ച് രണ്ടു കാര്യങ്ങൾ സൂചിപ്പിച്ചിരുന്നു. പി.റ്റി.ഗീവർഗീസച്ചനും അച്ചന്റെകൂടെ ഹോസ്റ്റലിൽ താമസിച്ച ശെമ്മാശന്മാരും അവലംബിച്ച ആത്മീയകൃത്യങ്ങളും ബാരിസോളിൽ താമസിച്ചിരുന്ന സിസ്റ്റേഴ്സിന്റെ ആത്മീയകാര്യങ്ങളുടെ നിർവ്വഹണത്തിനായി നടത്തിയ ക്രമീകരണങ്ങളും. മലങ്കര സുറിയാനി സഭയുടെ ആത്മീയ ജീവിതത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ഒരുജീവിതക്രമമാണ് നാമിവിടെ കാണുന്നത്. ഇതിനെക്കുറിച്ച് കൂടുതൽ മനസിലാകണമെങ്കിൽ ഇക്കാലഘട്ടത്തിൽ മലങ്കരസഭയിൽ രൂപപ്പെട്ട ആരാധനാ കേന്ദ്രീകൃതമായ ജീവിതശൈലി അറിഞ്ഞിരിക്കണം.

19—ാം നൂറ്റാണ്ടിന്റെ രണ്ടാം ദശകത്തിൽ മലങ്കരസഭ ആരംഭിച്ച ആംഗ്ലിക്കൻ ബന്ധം 1836-ലെ ഒന്നാം മാവേലിക്കര സുന്നഹദോസ് മുതൽ ശിഥിലമായി. 1876-ലെ രണ്ടാം മാവേലിക്കര സൂന്നഹദോസോടുകൂടി ആംഗ്ലിക്കൻബന്ധം മലങ്കരസഭ പൂർണ്ണമായി ഉപേക്ഷിച്ചു. എങ്കിലും 60 വർഷം നീണ്ടുനിന്ന ആംഗ്ലിക്കൻബന്ധത്തിലൂടെ പ്രൊട്ടസ്റ്റന്റ് ചിന്തകൾ ചില സ്ഥലങ്ങളിലെങ്കിലും വ്യാപകമായി പ്രചരിച്ചിരുന്നു. മലങ്കരസഭയിൽ കടന്നുകൂടിയ പ്രൊട്ടസ്റ്റന്റ് ചിന്തകളെ ഉന്മൂലനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച പഠിത്തവീടുകളിലൂടെ സുറിയാനി പാരമ്പര്യത്തെ മലങ്കരയിൽ വ്യാപകമായി പ്രചരിപ്പിച്ചു. ഇതിന്റെ ഭാഗമായി പ്രൊട്ടസ്റ്റന്റ് സ്ഥാപനങ്ങളിലെ പഠനം നിരുത്സാഹപ്പെടുത്തി. പഠിക്കുന്നതിന് നിരോധനം ഏർപ്പെടുത്തി. പ്രൊട്ടസ്റ്റന്റുകാരുടെ നേതൃത്വത്തിലുള്ള പ്രൈമറി സ്കൂളിൽ പഠിച്ചിരുന്ന ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ പ്രാഥമിക പഠനം ഗവൺമെന്റ് സ്കൂളിലേക്ക് മാറ്റാൻ പരുമല തിരുമേനി നിർദ്ദേശിച്ചതിനെ ഈ പശ്ചാത്തലത്തിലാണ് മനസ്സിലാക്കേണ്ടത് (ഇഞ്ചയ്ക്കലോടി, മാർ ഈവാനിയോസ്, 33).

ഏതാനും നാളുകൾ കഴിഞ്ഞപ്പോൾ ആധുനിക വിദ്യാഭ്യാസത്തിന്റെ സാധ്യതകൾ തിരിച്ചറിഞ്ഞ സഭാനേതൃത്വം സുറിയാനി പാരമ്പര്യം നഷ്ടപ്പെടുത്താതെ തന്നെ ആധുനിക വിദ്യാഭ്യാസം നേടുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു. കോട്ടയത്ത് ആരംഭിച്ച എം.ഡി.സ്കൂളും തിരുവല്ലായിൽ ആരംഭിച്ച എം.ജി.എം.സ്കൂളും ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇതിനുദാഹരണമാണ്. പഴയസെമിനാരിയിലെ വൈദികവിദ്യാർത്ഥികൾ സി.എം.എസ്. കോളേജിൽ പഠനമാരംഭിച്ചതും ഈ പശ്ചാത്തലത്തിലാണ്. ഇതനുസരിച്ച് പി.റ്റി.ഗീവർഗീസ് ശെമ്മാശൻ സി.എം.എസ്.-ൽ ചേർന്ന് പഠനമാരംഭിച്ചു.

സി.എം.എസ്.കോളേജിലെ ഹോസ്റ്റലിൽ താമസിച്ച് പഠിച്ചിരുന്ന വിദ്യാർത്ഥികൾ ഞായറാഴ്ചകളിൽ കോളേജ് ചാപ്പലിലെ പ്രൊട്ടസ്റ്റന്റ് ശുശ്രൂഷയിൽ സംബന്ധിക്കണമെന്നായി രുന്നു നിയമം. എന്നാൽ സുറിയാനി പാരമ്പര്യം സംരക്ഷിക്കുന്നതിന്റെ ഭാഗമായി

വിദ്യാർത്ഥികൾക്ക് യാക്കോബായ ദേവാലയത്തിലെ ശുശ്രൂഷകളിൽ സംബന്ധിക്കുവാൻ അനുമതി ലഭിച്ചതും അവർക്കുവേണ്ടി വട്ടശ്ശേരിൽ മല്പാൻ (മാർ ദിവന്നാസ്യോസ്) പഴയസെമിനാരിയിൽ കുർബാന അർപ്പിച്ചതും ഇക്കാലഘട്ടത്തിലെ ആത്മീയ സമീപനങ്ങളെ വെളിപ്പെടുത്തുന്നു (എം.പീലിപ്പോസ്, ആത്മകഥ 1960, പേജ് 34) മദ്രാസിലെ സുറിയാനി ക്രിസ്ത്യാനികളായ വിദ്യാർത്ഥികൾ ആരംഭിച്ച സിറിയൻ ക്രിസ്ത്യൻ അസോസിയേഷനും ഈ ലക്ഷ്യത്തോടെയാണ് പ്രവർത്തിച്ചിരുന്നത്. എം.എ.പഠനത്തിന്റെ ഭാഗമായി മദ്രാസിലായിരുന്ന പണിക്കർ ശെമ്മാശൻ ഇത്തരം പ്രവർത്തനങ്ങൾക്ക് സജീവനേതൃത്വം വഹിച്ചു. എം.ഡി.സെമിനാരി സ്കൂളിന്റെ പ്രിൻസിപ്പലായിരുന്ന കാലഘട്ടത്തിൽ മലങ്കരയിലെ വിവിധ ഇടവകകളിൽ പ്രസംഗത്തിന് പോയിരുന്ന പി.റ്റി.ഗീവർഗീസിന്റെ പ്രഭാഷണവിഷയങ്ങൾ സുറിയാനി പാരമ്പര്യമനുസരിച്ചുള്ള ജീവിതക്രമത്തെ ശക്തിപ്പെടുത്തുന്നതായിരുന്നു. കൂദാശകളെ സംബന്ധിച്ച് പൊതുവായും വി.കുമ്പസാരം, വി.കുർബാന എന്നീ വിഷയങ്ങളെക്കറിച്ച് പ്രത്യേകമായും പ്രസംഗിച്ചതിലൂടെ 'കൂദാശ ശെമ്മാശൻ' എന്ന പേരിനും കാരണമായി.

1913-ൽ സെറാമ്പൂരിലെത്തിയ പണിക്കരച്ചൻ സുറിയാനി പാരമ്പര്യമനുസരിച്ച് പ്രാർത്ഥിക്കുന്നതിനും വി.കുർബാന അർപ്പിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് തുടക്കം മുതൽ ശ്രമിച്ചു (ഗിരിദീപം, 48-49). സുറിയാനിക്കാരായ വിദ്യാർത്ഥികൾക്ക് സുറിയാനി ഭാഷ പഠിക്കുന്നതിന് സഹായകമായ വിധത്തിൽ കല്ക്കത്ത, മദ്രാസ് യൂണിവേഴ്സിറ്റിയിൽ സംവിധാനം ഏർപ്പെടുത്തുന്നതിനും അദ്ദേഹത്തിന് കഴിഞ്ഞു. ചുരുക്കത്തിൽ പ്രൊട്ടസ്റ്റന്റ് നേതൃത്വത്തിലുള്ള സി.എം.എസ്. കോളേജിലും, മദ്രാസ് ക്രിസ്ത്യൻ കോളേജിലും, കൽക്കട്ടായിലെ സെറാമ്പൂർ കോളേജിലുമായി പഠിക്കുകയും പഠിപ്പിക്കുകയും ചെയ്ത പി.റ്റി.ഗീവർഗീസ് പ്രൊട്ടസ്റ്റന്റ് സ്വാധീനത്തെ ചെറുക്കുവാൻ സുറിയാനി ഭാഷയും ആരാധനാരീതികളും പഠിക്കുന്നതിനും അനുഷ്ഠിക്കുന്നതിനും പ്രത്യേകം ശ്രദ്ധിച്ചു.

വിശ്വാസാചാരാനുഷ്ഠാനങ്ങൾ കൃത്യമായി പാലിക്കുന്നതിൽ ജാഗ്രത പുലർത്തിയെന്ന് കരുതപ്പെടുന്ന ഇക്കാലയളവിൽ തന്നെ അദ്ദേഹത്തിന്റെ വിശ്വാസ ആചാരനുഷ്ഠാനങ്ങളിൽ ഉണ്ടായ മാറ്റങ്ങളെക്കുറിച്ച് പുനരൈക്യാനന്തരം അദ്ദേഹം വിമർശിക്കപ്പെട്ടിട്ടുണ്ട്. ഫാ.അലക്സിയോസ് ഒ.ഐ.സി. (പില്ക്കാലത്ത് മാർ തെവോദോസ്യോസ്) 'ബഥനി കാര്യങ്ങൾ' എന്ന പേരിൽ എഴുതിയതും (പ്രസാധനം: മലങ്കര സുറിയാനി സഭാ സംരക്ഷകസംഘം, 1930), ഗ്രന്ഥകാരന്റെ പേരുവയ്ക്കാതെ "റീത്തു പ്രസ്ഥാന രഹസ്യങ്ങൾ" (പ്രസാധനം: മലങ്കര സുറിയാനി സഭാ സംരക്ഷക സംഘം, 1931) എന്ന പേരിൽ പ്രസിദ്ധീകരിച്ചതുമായ പുസ്തകത്തിലും ഇതിന്റെ സൂചനകൾ കാണാം.

ആരാധനാസംബന്ധമായ വിഷയങ്ങളിൽ വരുത്തിയ മൂന്ന് മാറ്റങ്ങളെക്കുറിച്ച് പ്രധാനമായും ഇതിൽ പരാമർശിക്കപ്പെടുന്നു (റീത്ത് പ്രസ്ഥാനരഹസ്യങ്ങൾ, 9-15). ഒന്ന്, തുബ്ദേനിൽ നിന്നും ചില പിതാക്കന്മാരുടെ പേരുകൾ മാറ്റിയതിനെക്കുറിച്ചുള്ള ആക്ഷേപമാണ്. എം.എ.പഠനത്തിന്റെ ഭാഗമായി നടത്തിയ വായനയുടെയും പഠനത്തിന്റെയും ഫലമായി ലഭിച്ച അറിവുകളുടെ

പശ്ചാത്തലത്തിലാണ് ഇത്തരം മാറ്റങ്ങൾ വരുത്തിയതെന്ന് വേണം കരുതാൻ. മുണ്ടൻമലയിൽ ബഥനി സ്ഥാപിച്ചശേഷം ആരംഭിച്ച ചെറിയ തുബ്ദേനിലും ഇതു തുടർന്നുവെന്നുള്ളതും സ്മരണീയമാണ്. ക്രിസ്തുവിജ്ഞാനീയത്തെ സംബന്ധിച്ച് വിവിധ സഭകൾ തമ്മിലുള്ള ഉടമ്പടികൾ ഒപ്പിടുന്നതിനും 60-ാം വർഷങ്ങൾ മുമ്പുതന്നെ ഇത് മനസ്സിലാക്കി പ്രവർത്തിക്കാൻ പിതാവിന് കഴിഞ്ഞുവെന്നത് തിരിച്ചറിയുമ്പോഴാണ് അദ്ദേഹത്തിന്റെ മഹത്വം മനസിലാകുന്നത്.

രണ്ടാമത്തെ ആക്ഷേപം നമസ്കാരം ചൊല്ലുന്നതിനെ കുറിച്ചാണ്. ഈ വിഷയത്തിൽ മൂന്ന് ആക്ഷേപങ്ങളാണ് ഉന്നയിക്കപ്പെട്ടത്. (a) നമസ്കാരം മുഴുവൻ ചൊല്ലുന്നില്ല (b)സുറിയാനിയിലല്ല ഇത് ചൊല്ലുന്നത്. (c) ഏഴ് യാമങ്ങളിലെ പ്രാർത്ഥനകൾ രണ്ടു യാമങ്ങളിലായി നടത്തുന്നു. കോളേജ് പഠനം നിഷ്കർഷമായി നടത്തുന്നതിനിടയിൽ പ്രാർത്ഥനകൾ ചുരുക്കേണ്ടി വന്നതും സമയത്തിന്റെ പുനഃക്രമീകരണവും സ്വാഭാവികമായി സംഭവിക്കുന്നതാണെന്ന് ആർക്കും മനസ്സിലാകുമല്ലോ. ആധുനിക വിദ്യാഭ്യാസത്തിലൂടെ ലഭിച്ച നവോത്ഥാന ചിന്തകളുടെ ഭാഗമായി പ്രാർത്ഥനകൾ പ്രാദേശിക ഭാഷകളിലേക്ക് വിവർത്തനം ചെയ്യണമെന്ന ചിന്ത വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ 1909 മുതൽ അദ്ദേഹം മുമ്പോട്ട് വച്ച ആശയമാണ്. ഇത് സെറാമ്പൂരിൽവച്ച് പ്രവൃത്തിപഥത്തിലാക്കാൻ ശ്രമിക്കുക മാത്രമാണ് ചെയ്തത്. അദ്ദേഹത്തിന്റെ ശിഷ്യരായ പത്രോസ് മുക്കഞ്ചേരിൽ ശെമ്മാശനും (സ്ലീബാദാസ് സമൂഹസ്ഥാപകനായ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി) പുലിക്കോട്ടിൽ ഇട്ടൂപ്പ് ശെമ്മാശനും (പുലിക്കോട്ടിൽ ഔസേഫ് റമ്പാൻ) ചേർന്ന് വി.കുർബാന മലയാളത്തിലേക്ക് വിവർത്തനം ചെയ്തതും ഇതിന്റെ ഭാഗമാണ്.

മൂന്നാമതായി, വൈദികാഭിഷേകത്തിന്റെ ഭാഗമായി ശെമ്മാശന്മാരും വൈദികരും ശിരസിൽ ധരിച്ചിരുന്ന കറുത്ത തൊപ്പി ഒഴിവാക്കിയതിനെ സംബന്ധിച്ച ആക്ഷേപമാണ്. ബഥനിയിലൂടെ ഭാരത സുവിശേഷീകരണം ലക്ഷ്യമാക്കിയ പി.റ്റി.ഗീവർഗീസച്ചൻ വസ്ത്രധാരണത്തിൽ ദേശീയ ഭാവം കൈവരിക്കുവാൻ നടത്തിയ ശ്രമങ്ങളുടെ ഭാഗമായിട്ടാണ് ഇതിനെ മനസ്സിലാക്കേണ്ടത്.

വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ തുബ്ദേനിൽ വരുത്തിയ മാറ്റവും മാതൃഭാഷയിലുള്ള ആരാധനയും ആരാധനയുടെ സമയക്രമത്തിൽ വരുത്തിയ മാറ്റങ്ങളും പുരോഹിത വേഷത്തിൽ വരുത്തിയ മാറ്റവും സഭയുടെ ആരാധനാനുഷ്ഠാനങ്ങളെ കാലത്തിനും ദേശത്തിനും ചേർന്ന വിധത്തിൽ പുനരവതരിപ്പിക്കുന്നതിന്റെ ഭാഗമായി കാണുകയും വിലയിരുത്തപ്പെടുകയും വേണം. ബഥനിയുടെ ആരംഭത്തിൽ തന്നെ സുറിയാനി പാരമ്പര്യത്തോടു പൂർണ്ണവിശ്വസ്തത പാലിച്ചുകൊണ്ട് കാലദേശത്തിനനുസൃതം ആരാധന ചിട്ടപ്പെടുത്താൻ നടത്തിയ ശ്രമങ്ങളുടെ കാലികപ്രസക്തി നമുക്ക് പ്രചോദനമാകണം. ബഥനിയിൽ നിന്നും വൈദിക പദവിയിലേക്കുയർത്തപ്പെടുന്ന അഞ്ച് ഡീക്കന്മാർക്കും (ജിതിൻ ജോർജ്, ജിജോ ബെഞ്ചമിൻ, അലക്സിസ് പെല്ലിശ്ശേരി, ജോസഫ് ഷൈജു, ജിത്തു ജോൺ) എല്ലാവിധ പ്രാർത്ഥനാശംസകളും സ്നേഹപൂർവ്വം നേരുന്നു.

# പുരോഹിതൻ - പാപപരിഹാരത്തിന്റെ മിശിഹാ

**ഫാ. ജോർജ് അയ്യനേത്ത് ഒ.ഐ.സി**
പ്രൊവിൻഷ്യൽ സുപ്പീരിയർ, ബഥനി നവജ്യോതി പ്രോവിൻസ്

“പാപപരിഹാരം ചെയ്യുന്നവനും വെടിപ്പാക്കുന്നവനും ഞങ്ങളുടെ തിന്മകൾ ക്ഷമിക്കുന്നവനും വിസ്മരിക്കുന്നവനുമായ ദൈവമായ കർത്താവേ, നിന്റെ സ്നേഹാർദ്രതയാൽ എന്റെ അസംഖ്യ പാപങ്ങളും നിന്നിൽ വിശ്വസിക്കുന്ന ജനം മുഴുവന്റെയും പാപങ്ങളും മായിച്ച് ഉത്തമനേ, ദയതോന്നി ഞങ്ങളോടു കരുണ ചെയ്യണമേ” (ഹൂസോയോ, മലങ്കര കുർബാന).

വി.കുർബാനയിൽ പുരോഹിതൻ ചൊല്ലുന്ന ഹൂസോയോ (പാപപരിഹാര) പ്രാർത്ഥന പൗരോഹിത്യത്തിന്റെ പ്രധാനപ്പെട്ട ദൗത്യങ്ങളിലൊന്നിലേക്ക് സൂചന നൽകുന്നതാണ്. വി.കുർബാന ആദ്യന്തം ഹൂസോയൊ മയമാണ്. പൗരോഹിത്യവും അടിമുടി ഹൂസോയൊ ആത്മകമാണ്. ദാവീദ് രാജാവിന്റെ മിശിഹാദൗത്യം (messianic role) പ്രധാനമായി അടങ്ങിയിരിക്കുന്നത് പാപപരിഹാര സന്നദ്ധതയിലാണ്.

തന്റെ മുൻഗാമിയായ സാവൂളിന്റെ പാപങ്ങൾക്ക് പരിഹാരം ചെയ്യാൻ ദാവീദിലെ മിശിഹാ സന്നദ്ധനാകുന്നു. “ദാവീദിന്റെ മരണകാലത്ത് മൂന്നുവർഷം തുടർച്ചയായി ക്ഷാമമുണ്ടായി. ദാവീദ് കർത്താവിനോട് ആരാഞ്ഞു; അവിടുന്ന് അരുളിച്ചെയ്തു: സാവൂൾ ഗിബയോൻകാരെ കൊന്നതുകൊണ്ട് അവന്റെയും കുടുംബത്തിന്റെയും മേൽ രക്തപാതക കുറ്റമുണ്ട്. ദാവീദ് ഗിബയോൻകാരോടു ചോദിച്ചു: ഞാൻ നിങ്ങൾക്ക് എന്തുചെയ്തു തരണം? നിങ്ങൾ കർത്താവിന്റെ അവകാശത്തെ അനുഗ്രഹിക്കേണ്ടതിന് നിങ്ങളോടു ചെയ്ത ഉപദ്രവങ്ങൾക്ക് ഞാൻ എന്തു പരിഹാരം ചെയ്യണം?” (2 സാമു.21:1,3). വീണ്ടും ദാവീദ് തന്റേതന്നെ പാപങ്ങൾക്കുവേണ്ടി പാപപരിഹാരം ചെയ്ത് ജനതയെ മഹാമാരിയിൽ നിന്ന് രക്ഷിക്കുന്നു: “സംഹാരദൂതനെ കണ്ടിട്ട് ദാവീദ് കർത്താവിനോട് അപേക്ഷിച്ചു: ഞാനല്ലേ കുറ്റക്കാരൻ? തെറ്റു ചെയ്തത് ഞാനല്ലേ? ഈ പാവപ്പെട്ട ജനം എന്തു ദോഷം ചെയ്തു. എന്നെയും എന്റെ പിതൃഭവനത്തെയും ശിക്ഷിച്ചാലും... ബലിപീഠം പണിത് ദാവീദ് കർത്താവിനു ദഹനബലികളും സമാധാന ബലികളും അർപ്പിച്ചു. കർത്താവ് ദാവീദിന്റെ പ്രാർത്ഥന കേട്ടു; ഇസ്രായേലിൽ നിന്ന് മഹാമാരി വിട്ടുപോയി” (2 സാമു.24:17,25).

മറ്റുള്ളവരുടെ പാപങ്ങൾക്കുവേണ്ടിയും തന്റേതന്നെ പാപങ്ങൾക്കുവേണ്ടിയും പാപപരിഹാരം ചെയ്യാനുള്ള സന്നദ്ധതയാണ് ദാവീദിനെ മിശിഹായോട് സദൃശനാക്കുന്നത്. ഈ ദൗത്യത്തിന്റെ പൂർണതയാണ് ദാവീദിന്റെ നഷ്ടസാമ്രാജ്യം പുനഃസ്ഥാപിക്കാൻ വന്ന യേശുമിശിഹായിൽ കാണുന്നത്. കുരിശിലെ ഹൂസോയോ ആഘോഷം മിശിഹാ ദൗത്യത്തിന്റെ പാരമ്യതയാണ്.

ഈ മിശിഹാദൗത്യത്തിൽ പങ്കുചേരുന്നതാണ് ഇന്ന് ഓരോ പുരോഹിതന്റെയും പൗരോഹിത്യം. ഓരോ കുർബാനയിലും പുരോഹിതൻ പാപപരിഹാരത്തിന്റെ മിശിഹായായി മാറുന്നു. ഇങ്ങനെ മാറുവാൻ നവാഭിഷിക്തരാകുന്ന ബഥനിയിലെ സന്ന്യാസ സഹോദരങ്ങൾക്ക് സാധിക്കട്ടെ! അവരുടെ ജീവിതം തന്നെയും ബഥനിയിൽ, സഭയിൽ, സമൂഹത്തിൽ ഒരു ഹൂസോയോ ആഘോഷമായി മാറട്ടെ! അതുവഴി ഭൂമിയെ സ്വർഗവുമായി രഞ്ജിപ്പിക്കുന്ന പാലമായി അവരിലെ പൗരോഹിത്യം എന്നും പ്രശോഭിക്കട്ടെ!

# ബലിയും ബലിവസ്തുവുമായി വെളിച്ചം പകർന്നെരിഞ്ഞമരാൻ...

**ഫാ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി**
പ്രൊവിൻഷ്യൽ സുപ്പീരിയർ, ബഥനി നവജീവൻ പ്രൊവിൻസ്

"അവരും സത്യത്താൽ വിശുദ്ധീകരിക്കപ്പെടേണ്ടതിന് അവർക്കുവേണ്ടി ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു" (വി. യോഹന്നാൻ 17: 19)

വിശുദ്ധ അൾത്താരയിൽ വെളിച്ചം പകരുന്ന ചിരാതിനൊപ്പം, ബലിയും ബലിവസ്തുവുമായിത്തീരാനുള്ള വിളിയിൽ പങ്കുചേരാൻ, വിളിക്കപ്പെട്ടവനാണ് ഓരോ പുരോഹിതനും. നവജീവൻ നവജ്യോതി പ്രോവിൻസുകൾക്കായി, ബഥനി ആശ്രമാംഗങ്ങളായ അഞ്ച് ശെമ്മാശന്മാർ ഈ വർഷം തിരുപ്പട്ടം സ്വീകരിക്കുന്നു. ജീവദാതാവായ ദൈവത്തിന്റെ കരുണയുടെ മുഖമായി മാറാനുള്ള ഈ വിളിയിൽ, സന്ന്യാസവൈദിക നിരയിലെ തലമുറകളോടു കരംചേർക്കുന്ന പ്രിയ കുഞ്ഞനുജൻമാർക്ക്, അഭിനന്ദനങ്ങൾ! ഇടമുറിയാത്ത തപസ്യയിലൂടെയാണ് ക്രിസ്തുവിനോടുള്ള അനുരൂപപ്പെടൽ നിങ്ങളിൽ പൂർണ്ണത പ്രാപിക്കേണ്ടത്.

**ഹൃദയം നിറഞ്ഞ നന്ദിയോടെ...**

വ്യത്യസ്തങ്ങളായ സാഹചര്യങ്ങളിൽ വളർന്ന മക്കൾ, സന്ന്യാസ-വൈദിക പഠനത്തിന്റെ ദീർഘമായ രൂപീകരണ പ്രക്രിയകളിലൂടെ, തങ്ങളെത്തന്നെ വ്യയം ചെയത്, സ്രഷ്ടാവിന്റെ മൂശയിൽ രൂപപ്പെട്ടതാണ് ഈ യുവവൈദികർ. ബഹു. ജിതിൻ ജോർജ്ജ്, ജിജോ ബെഞ്ചമിൻ, അലക്സിസ്, ജോസഫ് ഷൈജു, ജിത്തു ജോൺ എന്നിവർ തിരുപ്പട്ടം സ്വീകരിക്കുന്ന ഈ വേളയിൽ, ഇവർക്ക് ജന്മം നൽകിയ മാതാപിതാക്കളെയും ദൈവത്തിനും മനുഷ്യർക്കും പ്രീതികരമായി വളർന്നുവരാൻ സഹകാർമ്മികരായവരെയും ബഥനി ആശ്രമം നന്ദിയോടെ ഓർക്കുന്നു. സ്വദേശത്തും വിദേശത്തുമായി അനേകർ, പേര് വെളിപ്പെടുത്താതെയും വെളിപ്പെടുത്തിയും ഈ മക്കൾക്കുവേണ്ടി പ്രാർത്ഥിക്കുകയും തങ്ങളാൽ കഴിയും വിധം ഇവരുടെ പഠനത്തിനും ജീവിതത്തിനുമായി സമ്പത്ത് പങ്കുവയ്ക്കുകയും ചെയ്തിട്ടുണ്ട്.

തങ്ങൾ ആർക്കുവേണ്ടി ഇത്രനാൾ പ്രാർത്ഥിച്ചു കാത്തിരുന്നോ അവരുടെ പൗരോഹിത്യ സ്വീകരണവേളയ്ക്കും ആദ്യബലിയർപ്പണത്തിനും സാക്ഷ്യം വഹിക്കുവാൻ സകുടുംബം വന്നുചേർന്നവരുടെ മഹനീയ സാന്നിധ്യം ഈ ദിനത്തെ ധന്യമാക്കുന്നു. ബഥനിയുടെ ഭാവി സന്ന്യാസവൈദികർക്കു വേണ്ടി തുടർന്നും തങ്ങളാൽ കഴിയുന്ന വിധം സഹായിക്കുമെന്ന തീരുമാനങ്ങളോടെ ബഥനിയെ സ്നേഹിക്കുന്നവരുണ്ട്. ബഥനിക്കുവേണ്ടി ദൈവവിളികൾ കണ്ടെത്തി, അവരെ ബഥനി ആശ്രമത്തിലേക്കു കൈപിടിച്ചു കയറ്റുന്ന സ്നേഹിതരുണ്ട്. തിരുപ്പട്ടം സ്വീകരിക്കുന്ന ഈ അവസരത്തിൽ പരസ്പരം നന്ദിപറയുവാനും കുടുംബങ്ങളെയും വൈദിക സന്ന്യാസ ദൈവവിളികളെയും ശക്തിപ്പെടുത്തി ലോകത്തെ അനുഗ്രഹിക്കുന്ന ദൈവത്തിനു നന്ദിപറയാനുമുള്ളതാണ്.

**തപസ്യയാണ്... അവസാനിക്കാത്ത യാത്രയാണ്...**

സന്ന്യാസ-പൗരോഹിത്യ ജീവിതം ഒരു തപസ്യയാണ്. വിളിച്ചു വേർതിരിച്ചവനോടൊപ്പമുള്ള അവസാനിക്കാത്ത യാത്രയാണിത്. ഗുരുശബ്ദത്തിന് കാതോർക്കാനും-മനനം ചെയ്യാനും കർമ്മവേദിയിൽ നസ്രായനൊപ്പം മുൻനിര പങ്കിടാനുമുള്ള വിളിയാണിത്. അവനിലായിത്തീരാനും അവനായിത്തീരാനുമുള്ള ദൗത്യമാണിത്. ക്രിസ്തുവിന്റെ മുഖവും ഹൃദയവും ലോകത്തിനു കാണിച്ചു കൊടുക്കുന്ന വൈദിക രഹസ്യങ്ങളുടെ കാര്യസ്ഥന്മാരാകാനുള്ള പ്രത്യേക ക്ഷണമാണ് നാം സ്വമനസ്സോടെയും പൂർണ്ണ സ്വാതന്ത്ര്യത്തോടെയും ഏറ്റെടുക്കുക. ഈ ജീവിതവിളി സ്വീകരിക്കുന്ന ഓരോ വൈദികനും സമ്പൂർണ്ണ സമർപ്പണവും ജീവിത വിശുദ്ധിയും സ്വന്തമാക്കി, ദൈവജനത്തെ മുന്നിൽ നിന്നു നയിക്കാൻ വിളിക്കപ്പെട്ടവനാണ്. ത്യാഗപൂർണ്ണമായ ഈ വിളിക്കുള്ളിലെ ഉപേക്ഷിക്കലും തിരഞ്ഞെടുപ്പും, പലപ്പോഴും ലോകം തമസ്കരിക്കുന്ന സുകൃതങ്ങളാണ്.

ക്രിസ്തുവിനോടൊപ്പമുള്ള സ്നേഹപാതയിൽ ജീവിച്ചുകൊണ്ട്, അജപാലന ശുശ്രൂഷയിലൂടെയും പ്രബോധനങ്ങളിലൂടെയും കൂദാശാനുഷ്ഠാനങ്ങളിലൂടെയും സന്ന്യാസ പൗരോഹിത്യ ജീവിതത്തിൽ നൂറുമേനി ഫലം പുറപ്പെടുവിക്കാൻ നവവൈദികർക്ക് ദൈവം കൃപനൽകട്ടെ. തങ്ങൾ ഏറ്റെടുക്കുന്ന ഈ വലിയ സമർപ്പണ ജീവിതത്തിലുടനീളം ശരിയായ തിരഞ്ഞെടുപ്പുകളിലൂടെ ദൈവ ജനത്തെയും തിരുസഭയേയും സ്വർഗ്ഗസ്ഥനായവന്റെ തിരുഹിതം പോലെ ശുശ്രൂഷിക്കാൻ പരിശുദ്ധാത്മാവിന്റെ നിലയ്ക്കാത്ത കൃപാവരങ്ങൾ ധാരാളമായി ഉണ്ടാകട്ടെയെന്ന് ഹൃദയപൂർവ്വം പ്രാർത്ഥിക്കുന്നു. പൗരോഹിത്യഗണത്തിലായിരുന്നുകൊണ്ടുള്ള തുടർ യാത്രയിൽ ഈ പാവനശുശ്രൂഷ കുറവുകൂടാതെ കൈമാറ്റം ചെയ്യാനുള്ള പൗരോഹിത്യദൗത്യം ജീവിതാന്ത്യത്തോളം, എക്കാലവും തുടരേണ്ട ഒരു തപസ്യയാണെന്ന് മറക്കാതിരിക്കാം.

**പുനഃസമർപ്പണ വേളയാണിത്**


പൗരോഹിത്യ ശുശ്രൂഷാവേളകൾ ദൈവജനത്തിന്റെ സംഘാത സാക്ഷ്യത്തിന്റെയും കൂട്ടായ്മയുടെയും സമർപ്പണത്തിന്റെയും പുനഃസമർപ്പണത്തിന്റെയും വേദി കൂടിയാണ്. മൺപാത്രത്തിലെ ഈ നിധി ഉടയാതെ കാത്തുസൂക്ഷിക്കാൻ നവവൈദികരോടൊപ്പം നാമേവർക്കും തുല്യകടമയുണ്ട്. പ്രാർത്ഥനയിലും മിഷൻ മേഖലയിലും ബഥനി ആശ്രമത്തോടു ചേർന്നു പ്രവർത്തിക്കാനും, വിശുദ്ധ മാമോദീസായിലൂടെ നാം ഏറ്റെടുത്ത ദൈവരാജ്യ ശുശ്രൂഷയിൽ പങ്കുപറ്റാനുമുള്ള, വ്യക്തിപരവും കൂട്ടായുമുള്ള ഉത്തരവാദിത്വത്തെ ഈ പുണ്യവേളയിൽ നമുക്ക് പുനഃസമർപ്പിക്കാം. സകല മനുഷ്യരുടെയും രക്ഷ ആഗ്രഹിക്കുകയും അതിനായി കൂട്ടായി പ്രവർത്തിക്കുകയും ചെയ്യുന്ന ഇസ്രയേലിനെ കണ്ടുകൊണ്ട് ദൈവ വചനം ഇപ്രകാരം പഠിപ്പിക്കുന്നു; " നിങ്ങൾ എനിക്കു പുരോഹിത രാജ്യവും വിശുദ്ധ ജനവുമായിരിക്കും" (പുറ.19: 6).

**ഉപസംഹാരം**

പൗരോഹിത്യ സ്വീകരണ വേളകൾ ആഘോഷങ്ങൾക്കപ്പുറം പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും സമർപ്പണത്തിന്റെയും പുനഃസമർപ്പണത്തിന്റെയും പുണ്യമുഹൂർത്തങ്ങളാണ്. ക്രിസ്തുവാണ് നമ്മുടെ ഈ യുവവൈദികരെ അഭിഷേചിച്ചിരിക്കുന്നത്. ദൈവസ്നേഹം മനുഷ്യരുമായി പങ്കുവച്ചുകൊണ്ട്, തങ്ങളിൽ ഭരമേല്പിക്കപ്പെട്ടിരിക്കുന്ന സന്ന്യാസ-പൗരോഹിത്യ ശുശ്രൂഷയിലൂടെ സകലരേയും ദൈവത്തിലേക്ക് നയിക്കുവാൻ ഈ സഹോദരങ്ങൾക്കു സാധിക്കട്ടെയെന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു. അതിനുള്ള പരിശുദ്ധാത്മ കൃപാവരങ്ങൾക്കായി പ്രാർത്ഥിക്കുന്നു. ബലിയുടെ കനലായെരിഞ്ഞ്, മഹത്വത്തിന്റെ പ്രഭാപൂരമായി തന്റെ സൃഷ്ടിയെ മുഴുവൻ സമാധാനത്തിലേക്കും പുതുജീവനിലേക്കും ക്ഷണിക്കുന്ന പരമകാരുണികനോടു ചേർന്ന് നിൽക്കാനും മറ്റൊരു ക്രിസ്തുവായി പ്രഭചൊരിയാനും നമ്മെ പേരു ചൊല്ലി വിളിക്കുന്ന ഗുരുസന്നിധിയിൽ പ്രണാമം! ഒരായിരം പ്രണാമം!

"The love-story between God and man consists in the very fact that this communion of will increases in a communion of thought and sentiment, and thus our will and God's will increasingly coincide: God's will is no longer for me an alien will, something imposed on me from without by the commandments, but it is now my own will, based on the realization that God is in fact more deeply present to me than I am to myself."

**-Deus Caritas Est**



# ക്രിസ്തുവിൽ നിന്നകലുന്ന ഇന്നിന്റെ പൗരോഹിത്യം

**ഫാ.ഡോ.ഗീവർഗീസ് കുറ്റിയിൽ ഒ.ഐ.സി.**
ഫോർമേഷൻ കോ-ഓർഡിനേറ്റർ

2013 ഏപ്രിൽ 21-ാം തീയതി വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കായിൽവച്ചു നടന്ന പട്ടം കൊടുക്കൽ ശുശ്രൂഷയിൽ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ നല്കിയ ഉപദേശം ഇപ്രകാരമായിരുന്നു: "പുരോഹിതർ ഇടയന്മാരാണ്, ജോലിക്കാരല്ല; മധ്യസ്ഥരാണ്, ഇടനിലക്കാർ അല്ല." ഈ കാലഘട്ടത്തിൽ പൗരോഹിത്യത്തിലേക്ക് വിളിക്കപ്പെട്ടവരുടെ സാക്ഷ്യത്തിൽവന്ന അപജയം മനസ്സിലാക്കി നല്ല ഇടയനായ യേശുവിനെ ശ്രദ്ധാപൂർവ്വം പിൻചെല്ലുവാൻ സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്ന പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ വാക്കുകളാണിവ.

സുവിശേഷത്തിലൂടെ യേശുതമ്പുരാൻ കാട്ടിത്തരുന്ന പൗരോഹിത്യത്തിന്റെ തെളിമയാർന്ന ചിത്രത്തിൽ നിന്നും ഇന്നിന്റെ പൗരോഹിത്യം എത്രയോ കാതം അകന്നുപോകുകയോ, വികലമാക്കപ്പെടുകയോ ചെയ്തിരിക്കുന്നുവെന്ന് പരിശുദ്ധ പിതാവിന്റെ വാക്കുകൾ നമ്മെ ഓർമ്മപ്പെടുത്തുന്നു.

**എല്ലാവരെയും ചേർത്തു നിർത്തുന്ന ക്രിസ്തുവിന്റെ പൗരോഹിത്യം:**

ക്രിസ്തുവിന്റെ പൗരോഹിത്യത്തിന്റെ ഏറ്റവും ശ്രേഷ്ഠവും മനോഹരവുമായ സാക്ഷ്യം 'നല്ല ഇടയന്റെ'യും 'കാണാതായ ആടിന്റെ'യും ഉപമകളിലൂടെ സുവിശേഷം നമ്മുടെ മുമ്പിൽ വരച്ചു കാട്ടുന്നു. "ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകുവാനും, അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ്." എന്നാൽ ഇടയനല്ലാത്തവനും ആടുകൾ സ്വന്തമല്ലാത്തവനുമായ കൂലിക്കാരൻ, ചെന്നായ് വരുന്നതു കാണുമ്പോൾ, ആടുകളെ ഉപേക്ഷിച്ച് ഓടി പോകുന്നു.' (യോഹ 10:10-12). 'ആടുകളെപ്പറ്റി താൽപ്പര്യമില്ലാത്തതുകൊണ്ടാണ്' കൂലിക്കാരനായവൻ ആടുകളെ ചെന്നായ്ക്കളുടെ മുമ്പിൽ വിട്ടിട്ട് ഓടി പോകുന്നത്. എന്നാൽ 'നല്ല ഇടയൻ' 'ഒന്നു' പോലും നഷ്ടപ്പെടുവാൻ ആഗ്രഹിക്കുന്നില്ല. മാത്രമല്ല, ഏതെങ്കിലും കാരണത്താൽ 'ഒന്ന്' നഷ്ടപ്പെട്ടാൽ, 'നഷ്ടപ്പെട്ടതിനെ കണ്ടുകിട്ടുവോളം' നല്ല ഇടയൻ തേടിയലയുന്നു. നഷ്ടപ്പെട്ടതിനെ കണ്ടെത്തുന്നതിന് ഇടയൻ ഏറ്റെടുക്കുന്ന വേദനയും ത്യാഗവും അതിനു കൊടുക്കേണ്ടി വരുന്ന വിലയും അവർണ്ണനീയമാണ്. തന്റെ ആടുകളോടുള്ള സ്നേഹവും, താൽപ്പര്യവും ഏതു ത്യാഗവും ഏറ്റെടുക്കുന്നതിൽ നിന്നും ഇടയനെ തടയുകയോ, പിൻതിരിപ്പിക്കുകയോ ചെയ്യുന്നില്ല. തന്റെ ജീവന് ഭീഷണി ഉയരുമ്പോഴും, തന്റെ ആടുകളെ കുറിച്ചുള്ള സ്നേഹവും, കരുതലും മാത്രമാണ് ഇടയന്റെ ശ്രദ്ധ. ഇപ്രകാരമുള്ള ഇടയന്മാരെയാണ് "ആടുകളുടെ ഗന്ധമുള്ള ഇടയന്മാർ" എന്ന് പരി.ഫ്രാൻസിസ് മാർപാപ്പാ വിശേഷിപ്പിക്കുന്നത്.

എല്ലാവരെയും ചേർത്തു നിർത്തുന്ന നിത്യപുരോഹിതനായ ക്രിസ്തുവിന്റെ പൗരോഹിത്യത്തിലേക്കാണ് ഓരോ ക്രിസ്തുശിഷ്യനും വിളിക്കപ്പെട്ടിരിക്കുന്നതും, അഭിഷിക്തനാകുന്നതും. അങ്ങനെയെങ്കിൽ, സുവിശേഷങ്ങളിൽ നമ്മൾ വായിച്ചെടുക്കുന്ന ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽനിന്നും വ്യത്യസ്തമായ ഒരു പൗരോഹിത്യശൈലി ഒരു പുരോഹിതനും ഉണ്ടാകുവാൻ പാടില്ല. ക്രിസ്തു ആരെയും തന്റെ അടുക്കൽ വരുന്നതിൽ

നിന്നും തടയുന്നില്ല. എല്ലാവർക്കായും തുറക്കപ്പെട്ടിരിക്കുന്ന വാതിലാണ് ക്രിസ്തു. ക്രിസ്തുവാകുന്ന വാതിലിലൂടെ അകത്ത് പ്രവേശിച്ചവർക്കെല്ലാം ജീവനുണ്ടാകുകയും അത് സമൃദ്ധമായി ഉണ്ടാകുകയും ചെയ്യുന്നു. മാത്രമല്ല, പച്ചയായ മേച്ചിൽ സ്ഥലത്തിന്റെ അനുഭവം അവർക്ക് ലഭിക്കുകയും ചെയ്യുന്നു.

വ്യത്യസ്തമായ ലേബലുകൾ നല്കി (ചുങ്കക്കാർ, പാപികൾ etc.) സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നും മാറ്റി നിർത്തപ്പെട്ടവർക്കെല്ലാം യേശുവിന്റെ സാന്നിധ്യം അഭയവും അത്താണിയുമായിരുന്നു. നിയമങ്ങളും ആചാര പാരമ്പര്യ അനുഷ്ഠാനങ്ങളുമെല്ലാം ദൈവസ്നേഹത്തിൽ നിന്നും, മനുഷ്യനു ലഭിക്കേണ്ട നന്മയിൽനിന്നും അവനെ അകറ്റി നിർത്തിയപ്പോൾ, അവയെ ചോദ്യം ചെയ്യുന്നതിനും നഖശിഖാന്തം എതിർക്കുന്നതിനും, അപ്രകാരമുള്ള നിയമത്തിന്റെ നൂലാമാലകളെ പൊളിച്ചടുക്കുന്നതിനും യേശുവിന് യാതൊരു മടിയും ഉണ്ടായിരുന്നില്ല. ''മനുഷ്യൻ സാബത്തിനുവേണ്ടിയല്ല, സാബത്ത് മനുഷ്യനു വേണ്ടിയാണ്'' എന്നുള്ള ബോദ്ധ്യത്തിലേക്ക് നിയമത്തിന്റെ കുടുസ്സു ചിന്താഗതിയിൽ കുടുങ്ങികിടന്നവരെ നയിക്കുവാൻ യേശുവിന് സാധിച്ചു.

എന്നാൽ ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ നിന്നും അകന്ന് സ്വയം പരിഹാസ്യമാകുന്ന തലത്തിലേക്ക് ഇന്നിന്റെ പൗരോഹിത്യം മാറിയിരിക്കുന്നു. ക്രിസ്തുവിലേക്കുള്ള കവാടം എല്ലാവർക്കുമായി തുറക്കപ്പെട്ടിരുന്നുവെങ്കിൽ, മറ്റുള്ളവർക്ക് മുമ്പിൽ കൊട്ടിയടക്കപ്പെടുന്ന വ്യക്തിത്വങ്ങളായി ഇന്ന് പുരോഹിതർ മാറിയിരിക്കുന്നു. ക്രിസ്തുവിന്റെ പൗരോഹിത്യത്തിന് അതിർ വരമ്പുകൾ ഇല്ല, എന്നാൽ ഇന്നിന്റെ പൗരോഹിത്യം അതിർത്തികളും, അതിർ വരമ്പുകളും നിർണ്ണയിച്ച് മനുഷ്യരിൽ നിന്നും അകലം പാലിക്കുന്നു. ഈ കാലഘട്ടത്തിന്റെ ഏറ്റവും വലിയ അപകടമായ വർഗ്ഗീയത പൗരോഹിത്യത്തിന്റെ വിശുദ്ധിക്കും കളങ്കം ചാർത്തുന്നത് നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. എന്തിനെയും ഏതിനെയും വർഗ്ഗീയ നിറം നൽകി നോക്കിക്കാണുന്നതിനും വ്യക്തികളെയും സമൂഹത്തെയും രാഷ്ട്രങ്ങളെയും ഉന്മൂലനം ചെയ്യുന്ന വിഷലിപ്തമായ സാഹചര്യത്തിലേക്ക് നമ്മുടെ നാട് നീങ്ങുമ്പോൾ, അതിന് ബദലായി എല്ലാവരെയും ചേർത്തുനിർത്തുന്ന ക്രിസ്തുവിന്റെ പൗരോഹിത്യത്തിന്റെ സംസ്കാരം പേറുന്ന പുരോഹിതരെയാണ് സഭയ്ക്ക് ഇന്ന് ആവശ്യമായിരിക്കുന്നത്.

**നല്ല സമരിയാക്കാരനാകുവാനുള്ള വിളി**

ക്രിസ്തു എല്ലാവരെയും സമത്വത്തിലേക്കും, സ്വാതന്ത്ര്യത്തിലേക്കുമാണ് ക്ഷണിക്കുന്നത്. അധികാരത്തിന്റെ ദണ്ഡ് ഉയോഗിച്ചുകൊണ്ടല്ല മറിച്ച് സ്നേഹത്തിന്റെ വിപ്ലവത്തിലൂടെയാണ് ക്രിസ്തു ലോകത്തെ ഇളക്കി മറിച്ചത്. ഒരു പുരോഹിതൻ എങ്ങനെയായിരിക്കണം എന്ന് നല്ല സമരിയാക്കാരന്റെ ഉപമ പറഞ്ഞുകൊണ്ട് യേശു വ്യക്തമാക്കുന്നുണ്ട്. 'ആരാണ് എന്റെ അയൽക്കാരൻ? എന്ന ചോദ്യത്തിന് യേശു നൽകുന്ന ഉത്തരത്തിൽ 'വർഗീയതയുടെ വേർതിരിവുകൾ' കാണുന്നില്ല. നമ്മുടെ മുമ്പിൽ നമ്മുടെ സഹായം ആവശ്യമായിരിക്കുന്നവന് സഹായിയായി മാറുക എന്നുള്ളത് മാത്രമാണ് ഒരുവൻ 'നല്ല ഒരു അയൽക്കാരൻ' ആകുവാനുള്ള മാനദണ്ഡം എന്ന് യേശു നല്ല സമരിയാക്കാരന്റെ ഉപമയിലൂടെ വ്യക്തമാക്കുന്നു. ഈ ഉപമയിലൂടെ നിയമപാലകരെയും പുരോഹിതരെയും അവരുടെ കാപട്യത്തിന്റെ പൊയ്മുഖം തുറന്നുകാട്ടി, ഒരു 'നല്ല സമരിയാക്കാരനിലേക്ക്' വളരുവാൻ യേശു ആഹ്വാനം ചെയ്യുന്നു. നല്ല സമരിയാക്കാരന്റെ ഉപമയിലെ പുരോഹിതൻ നിയമാനുഷ്ഠാനത്തിലൂടെ തന്റെ

പൗരോഹിത്യത്തിന്റെ ശ്രേഷ്ഠതയിൽ അഭിരമിക്കുന്ന വ്യക്തിയായിട്ടാണ് സുവിശേഷം അവതരിപ്പിക്കുന്നത്. അതേസമയം മറ്റുള്ളവരുടെ ആവശ്യങ്ങൾക്ക് നേരേ ഈ പുരോഹിതൻ മുഖം തിരിക്കുകയും ചെയ്യുന്നു. നിയമാനുഷ്ഠാനങ്ങൾ മാത്രം ലക്ഷ്യംവച്ചുകൊണ്ട് തന്റെ പൗരോഹിത്യത്തെ നോക്കിക്കണ്ട ഒരു പുരോഹിതന്റെ വികൃതമായ മുഖമാണല്ലോ ഈ ഉപമ നമുക്ക് പറഞ്ഞുതരുന്നത്. വേദനിക്കുന്നവന്റെ മുറിവ് വച്ചുകെട്ടുവാനും തലോടുവാനും സത്രത്തിലെത്തിക്കുവാനും മറന്നുപോയ ഒരു പുരോഹിതൻ; വേദനിക്കുന്ന സഹോദരന്റെ വേദന കാണാതെയും ഓരം മാറി നടന്ന് ബലിയർപ്പിക്കുവാൻ ബലിപീഠത്തിലേക്ക് പോകുവാൻ തിരക്കുകൂട്ടുന്ന പുരോഹിതനെ, വെറുക്കപ്പെടുന്ന ഒരു പുരോഹിതന്റെ പ്രതീകമായി ക്രിസ്തു വരച്ചു കാട്ടുന്നു.

**സഭയുടെ നവീകരണം പുരോഹിതരിലൂടെ**

രണ്ടാം വത്തിക്കാൻ സുന്നഹദോസ് വൈദികർക്കുവേണ്ടിയുള്ള ഡിക്രിയിൽ ഇപ്രകാരം വ്യക്തമാക്കുന്നു: "സഭയുടെ നവീകരണം ഒരു പരിധിവരെ സാദ്ധ്യമാകുന്നത്, സഭയിലുള്ള പുരോഹിതരുടെ, പൗരോഹിത്യ ശുശ്രൂഷയിലൂടെയാണ്". സഭയുടെ നവീകരണം (Renewal of the Church) ഫലദായകമാകണമെങ്കിൽ സഭാ ശുശ്രൂഷയ്ക്ക് നേതൃത്വം നല്കുന്ന വൈദികരുടെ പരിശീലനം (Priestly formation) ഏറ്റം കാര്യക്ഷമമായി ക്രമീകരിക്കണമെന്ന് രണ്ടാം വത്തിക്കാൻ സുന്നഹദോസ് തീരുമാനിക്കുകയുണ്ടായി. അതിനെ തുടർന്ന് വൈദിക പരിശീലനത്തിനുവേണ്ടി *Optatam Totius* (Desired Renewal of the whole Church) എന്ന പേരിൽ പ്രത്യേകമായ ഒരു ഡിക്രി 1965 ഒക്ടോബർ 6-ന് പ്രസിദ്ധീകരിച്ചു. ഈ കാലഘട്ടത്തിന്റെ വെല്ലുവിളികളും പ്രാധാന്യവും മനസിലാക്കി പ്രത്യേകിച്ച് വൈദികപരിശീലനത്തിൽ കടന്നുകൂടിയേക്കാവുന്ന അപകടങ്ങൾ തിരിച്ചറിഞ്ഞ് വൈദികരുടെ സ്വഭാവ രൂപീകരണത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള ഒരു മാർഗരേഖയും (*Ratio Fundamentalis Institutio Sacerdotalis*) പരി.ഫ്രാൻസിസ് മാർപാപ്പാ 2014-ൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ആഗോളസഭയിലുള്ള എല്ലാ സെമിനാരികളും ഈ മാർഗരേഖ അടിസ്ഥാനപ്പെടുത്തിയുള്ള പരിശീലനപദ്ധതിയാണ് നടപ്പിൽ വരുത്തിയിട്ടുള്ളത്.

രണ്ടാം വത്തിക്കാൻ സുന്നഹദോസ് (1962-1965) വൈദിക പരിശീലനത്തെക്കുറിച്ച് വിഭാവന ചെയ്ത ദർശനങ്ങൾ എത്രയോ കാലങ്ങൾക്കു മുമ്പേ മാർ ഈവാനിയോസ് പിതാവ് (1882-1953) പ്രാവർത്തികമാക്കിയെന്നുള്ളത് അദ്ദേഹത്തിന്റെ ക്രാന്തദർശനത്തിന്റെ അടയാളമായി നമുക്ക് കാണാവുന്നതാണ്. സഭയെ നവീകരിക്കുന്നതിനുള്ള ഫലപ്രദമായ ഏകമാർഗം വിദ്യാസമ്പന്നരായ വൈദികർ ഉണ്ടാവുക മാത്രമാണെന്നത് മാർ ഈവാനിയോസ് പിതാവ് വിശ്വസിച്ചു. ഈ കാരണത്താലാണ് കേരളത്തിൽ നിന്നും ശെമ്മാശന്മാരെയും സന്ന്യസ്തരെയും സെറാമ്പൂർ കോളേജിലേക്ക് കൊണ്ടുപോകുന്നതും അവർക്ക് ഉന്നതവിദ്യാഭ്യാസവും പരിശീലനവും നല്കുന്നതും. മുണ്ടൻമലയിൽ ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് സ്ഥാപിച്ച ബഥനി ആശ്രമത്തിന്റെ സന്ന്യാസപരിശീലനത്തിൽ പ്രത്യേകമായ ഒരു പാഠ്യപദ്ധതിയിലൂന്നിയ ഒരു പരിശീലനത്തിനപ്പുറം ഒരു വൈദികന് അജപാലനരംഗത്ത് ഉണ്ടായിരിക്കേണ്ട പ്രായോഗിക ജ്ഞാനം ലക്ഷ്യമാക്കിയുള്ള പരിശീലനമാണ് നല്കപ്പെട്ടത്. "വൈദികരുടെ ഉയർച്ചയിലാണ് സമുദായത്തിന്റെ ഉയർച്ചയെന്നും അവരുടെ വിജ്ഞാനമാണ് സമുദായത്തിന്റെ മൂലധനമെന്നും" മാർ ഈവാനിയോസ് പിതാവ് വിശ്വസിച്ചു.

ദൈവജനത്തിന്റെ കഷ്ടപ്പാടുകളിൽ അവരെ ചേർത്തുനിർത്തുന്ന ഒരു അജപാലനശൈലി ഓരോ പുരോഹിതന്റെയും ജീവിതശൈലിയായി മാറുമ്പോൾ മാത്രമേ പൗരോഹിത്യം ഈ കാലഘട്ടത്തിൽ അർത്ഥവത്താകുകയുള്ളു. "കാർക്കശ്യത്തിന്റെ വാളല്ല കാരുണ്യത്തിന്റെ ലേപനമാണ് ജനം പുരോഹിതരിൽ നിന്നും പ്രതീക്ഷിക്കുന്നത്." പുരോഹിതരിൽ നിന്നും ലഭിക്കേണ്ടതും ദൈവജനം പ്രതീക്ഷിക്കുന്നതുമായ കാരുണ്യത്തിന്റെയും കരുതലിന്റെയും ലേപനത്തെപ്പറ്റിയാണ് പരി.ഫ്രാൻസിസ് മാർപാപ്പാ നമ്മെ ഓർമ്മപ്പെടുത്തുന്നത്. ഒരു പുരോഹിതനുണ്ടായിരിക്കേണ്ട 'അജപാലനപരമായ പിതൃത്വത്തെ'പ്പറ്റി പരി.ഫ്രാൻസിസ് മാർപാപ്പാ പറയുന്നത് ഇപ്രകാരമാണ്: ''ഒരു വൈദികൻ തന്റെ സമൂഹത്തിന് ഒരു പിതാവല്ലെങ്കിൽ ആ വൈദികൻ ദുഃഖിതനായി തീരുന്നു. സമർപ്പണം തൃപ്തികരമായി ജീവിക്കാത്തതിൽ നിന്നുണ്ടാകുന്ന പിതൃത്വത്തിന്റെ അഭാവം." ഒരു പുരോഹിതൻ തന്റെ സമർപ്പണജീവിതത്തിലൂടെ നിവർത്തിയാക്കേണ്ട അജപാലന ധർമ്മത്തിൽ പരാജയപ്പെടുമ്പോൾ ഉണ്ടാകുന്ന ഒരു ഹൃദയവേദനയെപ്പറ്റിയാണ് മാർപാപ്പാ ഇവിടെ അനുസ്മരിക്കുന്നത്. എങ്കിൽ എത്രമാത്രം ശ്രദ്ധയോടെ ആയിരിക്കണം ഒരു പുരോഹിതൻ തന്റെ അജപാലന ശുശ്രൂഷയ്ക്കായി ഏല്പിക്കപ്പെട്ടിരിക്കുന്ന ദൈവജനത്തെ പരിപാലിക്കേണ്ടത് എന്ന് ഏറെ ചിന്തനീയമാണ്.

**മാപ്പ് തരില്ല...**

പൗരോഹിത്യത്തെ വികലമാക്കുന്നതും സഭയുടെ വിശുദ്ധിക്ക് കളങ്കം ചാർത്തുന്നതുമായ സംഭവങ്ങൾ ഈ കാലഘട്ടത്തിൽ അനുദിനം വൈദികരുടെ ഭാഗത്തു നിന്നുമുണ്ടാകുന്നത് ദൈവജനം വേദനയോടെ നോക്കിക്കാണുന്നു. സഭയോടൊത്ത് ചിന്തിക്കുവാനും പ്രവർത്തിക്കുവാനും ക്രിസ്തുവിനെ മാതൃകയാക്കി ജീവിക്കുവാനും നിയോഗിക്കപ്പെട്ടിരിക്കുന്ന പുരോഹിതൻ അനുസരണക്കേടിന്റെയും ധാർഷ്ഠ്യത്തിന്റെയും പര്യായമായി മാറിക്കൊണ്ടിരിക്കുന്നു. ഓരോ പുരോഹിതനും ദൈവത്തെ അവന്റെ 'അഹ'ത്തിന്റെ തടവറകളിലിട്ടുകൊണ്ട് സ്വാർത്ഥതയെ തൃപ്തിപ്പെടുത്തുവാനുള്ള തത്രപ്പാടിലാണ്. ദൈവത്തിന്റെ പദ്ധതികളെ പൂർത്തീകരിക്കേണ്ട പുരോഹിതൻ സ്വന്തം പദ്ധതികൾക്കായി പൗരോഹിത്യത്തിന്റെ മേലങ്കിയെടുത്ത് അണിയുന്നുവെങ്കിൽ അവിടെ പൗരോഹിത്യം അവമതിക്കപ്പെടുന്നതിന് കാരണമാകുന്നു. "ഈ നിധി മൺപാത്രങ്ങളിലാണ് ഞങ്ങൾക്ക് ലഭിച്ചിട്ടുള്ളത്" (2കോറി 4:7) എന്ന് വി.പൗലോസ് ശ്ലീഹാ പറയുമ്പോൾ, തെറ്റുകൾ ചെയ്യുവാനും, അതിന്റെ മുകളിൽ അടയിരിക്കുവാനുമുള്ള ഒരു ലൈസൻസായിട്ടല്ല ഇതിനെ വ്യാഖ്യാനിക്കേണ്ടത്, മറിച്ച് ബലഹീനമായ മനുഷ്യപ്രകൃതിയിൽ, ദൈവത്തിന്റെ പരമമായ ശക്തിയിൽ ആശ്രയിച്ച് മുന്നേറുവാനുള്ള ആഹ്വാനമാണ് ഈ തിരുവചനത്തിലൂടെ നമുക്ക് ലഭിക്കുന്നത് എന്ന് ഓരോ പുരോഹിതനും തിരിച്ചറിയണം.

ഇവിടെയാണ് നമ്മിൽ നിന്നും ചോദ്യം ഉയരേണ്ടത്: ക്രിസ്തുവിന്റെ പൗരോഹിത്യത്തിലേക്ക് ഇനിയും ഞാൻ എത്ര കാതം യാത്ര ചെയ്യേണ്ടിയിരിക്കുന്നു? "ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടവനാ''ണെന്നുള്ള യേശുവിനുണ്ടായിരുന്ന ഉറച്ച ബോദ്ധ്യം ഓരോ പുരോഹിതനിലും ആഴപ്പെടുമ്പോൾ മാത്രമേ ക്രിസ്തുവെന്ന മഹാപുരോഹിതനിലേക്കുള്ള യാത്രയുടെ ദൂരം കുറയുകയുള്ളു. അവിടെ ഓരോ പുരോഹിതനും മറ്റൊരു ക്രിസ്തുവായി (Alter Christus) രൂപാന്തരപ്പെടുകയും ചെയ്യുന്നു.

# ശുശ്രൂഷാ പൗരോഹിത്യം; ദൈവരാജ്യവിസ്തൃതിയിലേക്കുള്ളവിളിയും, വഴിയും!

ഫാ.തോമസ് റെജി പടിഞ്ഞാറ്റേമേലേതിൽ ഒ.ഐ.സി

ദൈവത്തിനും ദൈവജനത്തിനും ശുശ്രൂഷകരായിത്തീരാനുള്ള, ദൈവീക പദ്ധതിയുടെ പൂർത്തീകരണമാണ് സന്ന്യാസ ശുശ്രൂഷാ പൗരോഹിത്യം. പൗരോഹിത്യസ്വീകരണത്തിലൂടെ ഒരാൾക്കു ലഭിക്കുന്ന മായാത്ത മുദ്ര (Indelible Character) അല്ലെങ്കിൽ പരിശുദ്ധാത്മവരം ദൈവത്തിനും, ദൈവജനത്തിനും വേണ്ടി മാത്രം ജീവിക്കാനുള്ള വിളിയാണ്. ശുശ്രൂഷാ പൗരോഹിത്യ സ്വീകരണത്തിലൂടെ ഒരു വ്യക്തി പൂർണ്ണമായി പരിശുദ്ധാത്മ ഉപകരണമായി മാറുന്നു. യേശുവിന് തന്റെ പിതാവിൽനിന്നു ലഭിച്ച അതേ വിളിയിലേക്കുള്ള ഉൾച്ചേരലാണ് ഈ ശുശ്രൂഷാ പൗരോഹിത്യം. പരിശുദ്ധാത്മ നിറവിൽ, യേശുവിനായി സാക്ഷ്യം കൊടുക്കാനും, യേശുവിനെപ്പോലായിത്തീരാനും ഒരു പുരോഹിതനു സാധിക്കണം.

യേശുവിന്റെ ജ്ഞാനസ്നാന വേളയിൽ പിതാവായ ദൈവം തന്റെ ഏകജാതനെ ലോകത്തിന് വെളിപ്പെടുത്തിയത്, സ്വർഗംതുറന്ന് പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ യേശുവിന്റെമേൽ ആവസിച്ച്, ഇവൻ എന്റെ പ്രിയ പുത്രൻ ഇവനിൽ ഞാൻ സംപ്രീതനായിരിക്കുന്നു എന്നരുൾചെയ്തുകൊണ്ടായിരുന്നു (ലൂക്കാ.3:21-22). ഇവൻ എന്റെ പ്രിയ പുത്രൻ, ഇവനിൽ ഞാൻ സംപ്രീതനായിരിക്കുന്നുവെന്ന വെളിപ്പെടുത്തലിലൂടെ രക്ഷണീയദൗത്യം പൂർണ്ണമായും ദൈവത്തിൽ നിന്നും ലഭിച്ചതാണ് എന്ന് ലോകത്തിന് മുൻപിൽ സാക്ഷ്യപ്പെടുത്തുന്നു. യേശുവിന് വഴിയൊരുക്കുവാൻ ദൈവത്താൽ നിയോഗിതനായ സ്നാപകയോഹന്നാൻ കാരാഗൃഹസ്ഥനായപ്പോൾ, യേശു തന്റെ സമയം സമാഗതമായിയെന്ന തിരിച്ചറിവിൽ പരസ്യജീവിതം ആരംഭിക്കുന്നു. മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിച്ച് ദൈവരാജ്യത്തിലെ അംഗങ്ങളായിത്തീരാൻ യേശു ജനങ്ങളോട് ആഹ്വാനം ചെയ്യുന്നു (മർക്കോ.1:15). പുതിയനിയമത്തിൽ ദൈവരാജ്യം എന്ന സംജ്ഞ 122 പ്രാവിശ്യം ഉപയോഗിച്ചിരിക്കുന്നതായി നമുക്ക് കാണാം. ദൈവരാജ്യം എന്ന സംജ്ഞയുടെ ആവർത്തിച്ചുള്ള പ്രയോഗത്തിലൂടെ ദൈവരാജ്യത്തിന്റെ പ്രാധാന്യവും, പ്രസക്തിയും എത്രമാത്രമായിരുന്നു എന്ന് നമുക്ക് മനസ്സിലാകും. യേശുവിന്റെ സുവിശേഷപ്രഘോഷണം മുഴുവൻ ദൈവരാജ്യപ്രഘോഷണമായിരുന്നു. യേശു ജീവിച്ചതും, തന്റെ ജീവൻ ബലിയായി സമർപ്പിച്ചതും ഈ ദൈവരാജ്യത്തിനു വേണ്ടിയായിരുന്നു.


ദൈവരാജ്യമെന്നത് ദൈവത്തിന്റെ ഭരണവും ആധിപത്യവും അതിന്റെ പൂർണ്ണതയിൽ ആയിരിക്കുന്ന അവസ്ഥയാണ്. ഈ ദൈവരാജ്യത്തിൽ മനുഷ്യൻ മാത്രമല്ല പ്രകൃതിയും അതിലെ എല്ലാ ജീവജാലങ്ങളും, സ്നേഹത്തിലും, ഐക്യത്തിലും, നീതിയിലും, സമാധാനത്തിലും ജീവിക്കുന്നു. അവിടെ വലിയവനും, ചെറിയവനും, പണക്കാരനും, പാവപ്പെട്ടവനും, ആരോഗ്യമുള്ളവനും, രോഗിയുമെല്ലാം വ്യത്യാസങ്ങളില്ലാതെ സഹവസിക്കുന്നു. ഈ ദൈവരാജ്യം ശരിയായ

അർത്ഥത്തിൽ ഈ ലോകത്തിനു അപ്പുറമുള്ള രാജ്യമാണ്; ദൈവത്താൽ അതിന്റെ പൂർണ്ണതയിൽ ഭരിക്കപ്പെടുന്ന രാജ്യം. ദൈവവും മനുഷ്യനും ഐക്യത്തിന്റെയും സ്നേഹത്തിന്റെയും പൂർണ്ണതയിലായിരിക്കുന്ന അവസ്ഥാവിശേഷം. ഈ ദൈവരാജ്യത്തിലെ അംഗങ്ങളും, പ്രഘോഷകരുമാണ്, ശുശ്രൂഷാ പൗരോഹിത്യത്തിലേക്ക് വിളിക്കപ്പെട്ടവർ. ഇന്നലെകളെയും, ഇന്നിനെയും, നാളെയെയും ഏകോപിപ്പിച്ച്, മനുഷ്യജീവിതത്തിന്റെ ആകത്തുകയായി, ദൈവരാജ്യം പരിണമിപ്പിക്കുന്നതിന് ഓരോ പുരോഹിതനും ഇടയാകണം. ദൈവരാജ്യത്തിലേക്ക് എല്ലാവരെയും, എല്ലാറ്റിനെയും ക്ഷണിക്കുവാനും സ്വീകരിക്കുവാനുമുള്ള ശ്രേഷ്ഠ ഉപകരണമായി മാറുവാൻ ഒരോ പുരോഹിതനും സാധിക്കണം.

യേശുവിന്റെ ജീവിതത്തിൽ സുവിശേഷസന്ദേശത്തിന്റെ സാരാംശം സ്നേഹമാണ്. നിങ്ങൾ പരസ്പരം സ്നേഹിക്കുമെങ്കിൽ എന്റെ ശിഷ്യന്മാരായിത്തീരും എന്നരുളിയ നാഥൻ, സ്നേഹിതനു വേണ്ടി ജീവൻ ബലി കഴിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലായെന്ന് തന്റെ ജീവിതത്തിലൂടെ ലോകത്തിനു കാണിച്ചുകൊടുത്തു. യേശുവിന്റെ വാക്കുകളും, പ്രവർത്തികളും സ്നേഹത്തിന്റെ പ്രതീകങ്ങളായിരുന്നു. യേശുവിന്റെ സ്നേഹം പിതാവായ ദൈവത്തിന്റെ സ്നേഹത്തിലേക്കുള്ള കടന്നു പോകലായിരുന്നു. തനിക്കുണ്ടായിരുന്ന സകലവും, സ്നേഹത്തിനുവേണ്ടി യേശു മറ്റുള്ളവർക്കായി വിഭജിച്ചുകൊടുത്തു. യേശു ജീവിച്ച സ്നേഹം, വരാനിരിക്കുന്ന ദൈവരാജ്യത്തിന്റെ അടയാളമായിരുന്നു, സൂചികയായിരുന്നു. ഈ ദൈവസ്നേഹത്തിൽ നിന്നും, യേശു ആരെയും മാറ്റി നിർത്തിയില്ല. ഈ സ്നേഹം പരിപൂർണ്ണവും വ്യവസ്ഥാരഹിതവുമായിരുന്നു. ഓരോ പുരോഹിതനും നിത്യ പുരോഹിതനായ ക്രിസ്തുസ്നേഹത്തിൽ ഭാഗഭാക്കുകളാകുകയും സ്നേഹത്തിന്റെ പ്രതീകങ്ങളും വക്താക്കളുമായിത്തീരുകയും ചെയ്യണം. യേശു തന്റെ പിതാവിനെ അബ്ബാ, പിതാവെ, എന്ന് വിളിച്ചതുപോലെ ദൈവസ്നേഹത്തിലേക്ക് ഓരോ പുരോഹിതനും കടന്നുചെല്ലുകയും, സ്നേഹത്തിന്റെ രൂപങ്ങളായിതീരുകയും, ലോകത്തെ മുഴുവനെയും യേശുവിന്റെ സ്നേഹവലയത്തിലേക്ക് കൊണ്ടുവരുകയും ചെയ്യണം. ലോകത്തിലെ യാതൊന്നിനെയും, ദൈവസ്നേഹത്തിൽ നിന്നും മാറ്റി നിർത്താൻ ഇടയാകരുത്.

“The Gospel must be preached and taught
as an integral way of life,
offering an attractive and true answer,
intellectually and practically,
to real human problems.”

**POPE BENEDICT XVI**



യേശുവിന്റെ രക്ഷാകരദൗത്യം ദൈവരാജ്യത്തെക്കുറിച്ചുള്ള പ്രഘോഷണവും, ദൈവസ്നേഹത്തിൽ അടിയുറച്ചുള്ള ജീവിതവുമായിരുന്നു. യേശു ഇവ പ്രസംഗിക്കുക മാത്രമല്ല ചെയ്തത്, പിന്നെയോ, ദൈവരാജ്യത്തിന്റെയും, സ്നേഹത്തിന്റെയും ശുശ്രൂഷകനായിത്തീരാൻ, ഗോഗുൽത്തായിൽ അവസാനത്തെ തുള്ളിരക്തംവരെയും ചിന്തി, മരണം വരിക്കുകയും, മനുഷ്യനെയും, ലോകത്തെയും, പിതാവായ ദൈവത്തോടു ബന്ധിപ്പിക്കുകയും, രക്ഷിക്കുകയും ചെയ്തു. എല്ലാവരുടെയും ശുശ്രൂഷകനായിത്തീരുവാൻ വേണ്ടി, രോഗിക്കും, വിശക്കുന്നവനും, ദാഹിക്കുന്നവനും, നഗ്നനും, പിശാചുബാധിതനും, എല്ലാവരാലും തിരസ്കരിക്കപ്പെട്ടവർക്കും, യേശു അത്താണിയായിത്തീർന്നു. രാജത്വവും അധികാരവും ശുശ്രൂഷയ്ക്കുള്ള വ്യവസ്ഥകളാണെന്ന് അന്ത്യഅത്താഴവേളയിൽ യേശു ശിഷ്യന്മാരെ പഠിപ്പിച്ചു (ലൂക്കാ.22:25-27; യോഹ.13:1-20). അതുകൊണ്ട്, രാജത്വവും അധികാരവും, സേവനത്തിനും ശുശ്രൂഷയ്ക്കുംവേണ്ടിയുള്ളതാണെന്നുള്ള തിരിച്ചറിവ് ഓരോ ക്രിസ്തുശിഷ്യനും, പ്രത്യേകിച്ച് ശുശ്രൂഷാ പുരോഹിതനുമുണ്ടാകണം. യേശുവിന്റെ മരണമാണ്, ശുശ്രൂഷയുടെ മഹനീയമായ ഉദാഹരണം. മനുഷ്യവംശത്തിനു മുഴുവനായി യേശു തന്റെ ജീവനെ ബലിയായി, ഹോമയാഗമായി അർപ്പിച്ച്, മനുഷ്യനെ പാപത്തിൽ നിന്നും, മരണത്തിൽ നിന്നും എന്നേക്കുമായി മോചിപ്പിച്ചു. ഓരോ പുരോഹിതനും തന്റെ ജീവൻ ബലിയായി അർപ്പിക്കുമ്പോൾ, ലോകം രക്ഷയുടെ ഫലങ്ങൾ അനുഭവിക്കുകയും, ദൈവരാജ്യം ലോകത്തിൽ വിസ്തൃതമാകുകയും ചെയ്യും.

ശുശ്രൂഷാ പൗരോഹിത്യത്തിൽ പങ്കാളികളാകാൻ ദൈവത്താൽ പ്രത്യേകമായി വിളിച്ചുചേർക്കപ്പെട്ട സ്നേഹമുള്ള ജിതിൻ ജോർജ്ജ്, ജിജോ ബഞ്ചമിൻ, അലക്സിസ് പെല്ലിശ്ശേരി, ഷൈജു ജോസഫ്, ജിത്തു ജോൺ എന്നീ സന്ന്യാസ സഹോദരങ്ങൾക്ക് യേശുവിന്റെ പൗരോഹിത്യത്തിന്റെ പൂർണ്ണതയിൽ, മെത്രാന്മാരിലൂടെ പങ്കാളികളാകാൻ സാധിക്കട്ടെയെന്ന് ആശംസിക്കുന്നു. അങ്ങനെ ലോകത്തിന്റെ പ്രവാചകന്മാരായി, പുരോഹിതരായി, ഇടയശ്രേഷ്ഠരായി, സ്നേഹത്തിലൂടെ, സേവനത്തിലൂടെ ലോകത്തിന്റെ പ്രകാശമായി, ഉപ്പായി മാറുവാൻ നിങ്ങളുടെ കൊച്ചുജീവിതങ്ങൾക്ക് ഇടയാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ദൈവരാജ്യ പ്രഘോഷകരായി, യേശുവിന്റെ സ്നേഹത്തിന്റെ ശുശ്രൂഷകരാകാനുള്ള വിളിയാണ്, സന്ന്യാസവും, പൗരോഹിത്യജീവിതവും എന്നുള്ള തിരിച്ചറിവിൽ ജീവിതത്തെ ദൈവത്തിനായും ദൈവജനത്തിനായും പൂർണ്ണമായി സമർപ്പിക്കാൻ സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ സഹോദരങ്ങളുടെ മാതാപിതാക്കളെയും, സഹോദരങ്ങളെയും ഗുരുക്കന്മാരെയും ഇടവകകൂട്ടായ്മകളെയും നന്ദിയോടെ സ്മരിക്കുന്നതോടൊപ്പം കുടുംബങ്ങളിൽ നിന്നും, കൂട്ടായ്മകളിൽ നിന്നും സന്ന്യാസജീവിതത്തിലേക്ക് തുടർന്നും ദൈവവിളികൾ ഉണ്ടാകുവാൻ പ്രോത്സാഹനവും, പ്രാർത്ഥനയും ഉണ്ടാകണമെയെന്ന് അപേക്ഷിക്കുന്നു. എല്ലാവർക്കും പുതുവത്സരത്തിന്റെ മംഗളങ്ങൾ ആശംസിക്കുന്നു.

# പൗരോഹിത്യത്തിന്റെ നാലു തൂണുകൾ

ഫാ. റ്റൈറ്റസ് ജോൺ ചേരാവള്ളിൽ ഒ.ഐ.സി

**ആമുഖം**

നാം അധിവസിക്കുന്ന ലോകം അതിവേഗം മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ഒരു മാറ്റത്തിന്റെ യുഗത്തിലാണ് നാം ജീവിക്കുന്നത് എന്ന് പറയുന്നതാകും ശരി. ഇതിൽ എന്തെങ്കിലും സംശയമുണ്ടെങ്കിൽ കോവിഡ് മഹാമാരി അതിനൊരു വ്യക്തത വരുത്തിയിട്ടുണ്ട്. ലോകം, കോവിഡിന് മുമ്പും പിൻപും എന്ന രീതിയിൽ സാമൂഹ്യ വ്യവസ്ഥിതിയെ താരതമ്യം ചെയ്യുവാൻ ആരംഭിച്ചിരിക്കുന്നു. കോവിഡാനന്തരലോകം ഉയർത്തുന്ന വെല്ലുവിളികളെ നേരിടാൻ സമൂഹത്തിലെ ഓരോ സംവിധാനങ്ങളെയും പ്രാപ്തമാക്കുന്നതിനാണ് ഇന്ന് ലോകം കൂടുതൽ ശ്രദ്ധ നൽകുന്നത്.

പല പരിഹാരമാർഗങ്ങളും ഇത്തരത്തിലുള്ള പ്രശ്നത്തെ നേരിടുവാനായി നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഇതിൽ ഒന്ന് നാം പലപ്പോഴും മുൻകാലങ്ങളിൽ സ്വീകരിച്ച സ്ഥാപിതമായ വഴികളിലൂടെ യാത്ര ചെയ്യുക എന്നതാണ്. ചരിത്രം നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്ന അപകടങ്ങളിൽ നിന്നും വെല്ലുവിളികളിൽ നിന്നും ഇത്തരം ഒരു യാത്ര നമ്മെ സംരക്ഷിക്കും എന്ന വിശ്വാസമാണ് ഈയൊരു സഞ്ചാരം നടത്തുവാൻ നമ്മെ പ്രേരിപ്പിക്കുന്നത്. എന്നാൽ ഇത്തരം യാത്രകൾ ഇന്നത്തെ യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു ലോകക്രമത്തിലേക്കോ, സമൂഹത്തിലേക്കോ ആണ് നമ്മെ കൊണ്ട് ചെന്നെത്തിക്കുന്നത് എന്ന് എത്രപേർ ചിന്തിക്കുന്നുണ്ട്? സുരക്ഷകൾ തേടി പുറകിലേക്ക് നടക്കുന്ന ഓരോ സമൂഹവും നേരിടുന്ന ഒരു പ്രതിസന്ധിയാണിത്. ഇന്നത്തെ പ്രതിസന്ധികളിൽ നിന്നും രക്ഷനേടാൻ മനുഷ്യൻ സ്വീകരിക്കുന്ന മറ്റൊരു മനോഭാവം അതിശയോക്തി കലർന്ന ഒരു ശുഭാപ്തിവിശ്വാസമാണ്. എല്ലാം 'ശരിയാകും' എന്ന അമിതമായ ആത്മവിശ്വാസത്തോടെയുള്ള ഈ ശൈലി വിവേകമില്ലാതെയും, ആവശ്യമായ തീരുമാനങ്ങൾ കൃത്യമായ സമയത്ത് എടുക്കാതെയുമുള്ള ഒരു ജീവിത അവസ്ഥയിലേക്കാണ് നമ്മെ കൊണ്ടു ചെന്നെത്തിക്കുന്നത്.

ഇവ രണ്ടും പ്രതിസന്ധികളെ നേരിടാനുള്ള രണ്ടു തരത്തിലുള്ള പ്രതികരണങ്ങളാണ്. പക്ഷേ, ഈ പ്രതികരണങ്ങൾ സുവിശേഷത്തിന്റെ ഭാഷയിൽ ചെന്നായ വരുമ്പോൾ ഓടിപ്പോകുന്ന കൂലിക്കാരന്റെ പ്രതികരണത്തിന് സദൃശ്യമാണ് (യോഹ. 10:12). വെല്ലുവിളികളെ തരണം ചെയ്യാൻ ഒന്നുകിൽ ഭൂതകാലത്തിലേക്ക് അല്ലെങ്കിൽ ഭാവിയിലേക്ക് നോക്കി ഓടുവാനാണ് ഇവ നമ്മെ പ്രേരിപ്പിക്കുന്നത്. എന്നാൽ പക്വമായ പരിഹാരങ്ങളിലേക്ക് നയിക്കുന്ന ഒരു പ്രതികരണശൈലി വർത്തമാന കാലത്തിൽ ആയിരുന്നു കൊണ്ട് പ്രതിസന്ധികളെ നേരിടുക എന്നതാണ്. സുവിശേഷത്തിൽ ക്രിസ്തു ഇത്തരത്തിലുള്ള ഒരു ശൈലിയാണ് പ്രോത്സാഹിപ്പിക്കുന്നത്. യാഥാർത്ഥ്യങ്ങളിൽ നിന്നും ഒളിച്ചോടാതെ ആഴങ്ങളിലേക്ക് ഇറങ്ങി ചെല്ലുവാനുള്ള ക്രിസ്തുവിന്റെ ആഹ്വാനം രണ്ടായിരം വർഷങ്ങൾക്കു മുൻപു തന്റെ ശിഷ്യന്മാരെ മാത്രം

ഉദ്ദേശിച്ചുള്ള ഒരു ഉപദേശമായിരുന്നില്ല. യാഥാർത്ഥ്യങ്ങളെ അംഗീകരിച്ചുകൊണ്ട് അവയോടുള്ള സുവിശേഷാനുസൃതമായ ഒരു പ്രതികരണത്തിന് ഇന്നും നമ്മെ പ്രാപ്തരാകുന്നത് യാഥാർത്ഥ്യങ്ങളുടെ ആഴങ്ങളിലേക്ക് ഇറങ്ങിചെന്നുള്ള യാഥാർത്ഥ്യബോധത്തോടെയുള്ള വിശകലനങ്ങളാണ്.

പൗരോഹിത്യ ജീവിതവും ഇത്തരത്തിലുള്ള വെല്ലുവിളികളെ അഭിമുഖീകരിക്കുന്നുണ്ട്. ഇതിനടയാളമാണ് പല വൈദീകരുടെ ജീവിതത്തിലും തങ്ങളുടെ ദൈവവിളിയുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രതിസന്ധികൾ. അപ്പസ്തോലിക തീക്ഷ്ണതയുള്ള കൂട്ടായ്മകളുടെ അഭാവവും ഇതുവഴി സൃഷ്ടിക്കപ്പെടുന്ന ആകർഷണീയതയും ഉത്സാഹവും ഇല്ലാത്ത കൂട്ടായ്മകളും ക്രിസ്തുവിന് സാക്ഷ്യം വഹിക്കേണ്ട വൈദീക കൂട്ടായ്മകൾ ശിഥിലമായിക്കൊണ്ടിരിക്കുന്നു എന്നതിന്റെ സൂചനയാണ്. ഈ കൂട്ടായ്മകളെല്ലാം ഭംഗിയായിട്ടാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. എല്ലാ പ്രവർത്തനങ്ങളും ഈ കൂട്ടായ്മകളിൽ ഭംഗിയായി നടത്തപ്പെടുകയും നടക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ മറ്റൊരുവനെ ആകർഷിക്കേണ്ട ഇത്തരം സംവിധാനത്തിൽ നിലനിൽക്കുന്ന ഒരു വ്യക്തിയെ പ്രചോദിപ്പിക്കേണ്ട ആത്മാവിന്റെ ഒരു ജ്വലനം വൈദീക കൂട്ടായ്മകൾക്കും വൈദീക ജീവിതത്തിനും നഷ്ടപ്പെടുന്നു എന്ന യാഥാർത്ഥ്യമാണ് ഇന്നു നമ്മെ ഉൽക്കണ്ഠാകുലരാക്കുന്നത്.

പൗരോഹിത്യം ഇന്ന് നേരിടുന്ന വെല്ലുവിളികളെ യഥോചിതം അഭിമുഖീകരിക്കാൻ പൗരോഹിത്യം എന്ന കൂദാശയുടെ വിവിധങ്ങളായ അർത്ഥതലങ്ങളിലേക്ക് ആഴത്തിൽ നാം ഇറങ്ങി ചെല്ലേണ്ടത് അത്യാവശ്യമാണ്. ഒരു വൈദീകന്റെ ജീവിതം മാമ്മോദീസായിലൂടെ അവൻ പ്രവേശിച്ച രക്ഷാകരജീവിതത്തിന്റെ ഒരു ചരിത്രമാണ് നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നത്. ശുശ്രൂഷാ പൗരോഹിത്യം ഒരുവൻ മാമോദീസായിലൂടെ ആരംഭിച്ച പൊതുവായ പൗരോഹിത്യത്തിന്റെ തുടർച്ച തന്നെയാണ് എന്ന വസ്തുതയാണ് ഒരുവൻ സ്വീകരിക്കുന്ന ശുശ്രൂഷ പൗരോഹിത്യത്തെ അവന്റെ രക്ഷാകരജീവിതവുമായി അടുപ്പിച്ച് നിർത്തുന്നത്. എന്നാൽ പലപ്പോഴും പൗരോഹിത്യത്തിന് മാമ്മോദീസാ എന്ന കൂദാശയുമായുള്ള ബന്ധത്തെക്കുറിച്ച് നാം മറന്നുപോകാറുണ്ട്. ഈ ഒരു മറവിയാണ് ഓരോ പുരോഹിതനേയും തന്റെ പൗരോഹിത്യത്തെ ഒരു ധർമ്മമായി (ജോലി) മാത്രം കാണുവാൻ പ്രേരിപ്പിക്കുന്നത്. പൗരോഹിത്യം ഒരു ചുമതല മാത്രമായി തീരുമ്പോൾ പൗരോഹിത്യ ജീവിതത്തിൽ പ്രവർത്തനക്ഷമതയുടെ (Functionalism) അപകടം ആരംഭിക്കുന്നു. പൗരോഹിത്യജീവിതത്തിലെ എല്ലാ പ്രശ്നങ്ങളുടേയും അടിസ്ഥാന കാരണം പൗരോഹിത്യം ഒരു ആചരണമായി, ആഘോഷമായി അല്ലെങ്കിൽ ഒരു തൊഴിലായി മാത്രം മനസ്സിലാക്കപ്പെടുന്നു എന്ന യാഥാർത്ഥ്യമാണ്.

പൗരോഹിത്യം ഉൾപ്പെടെയുള്ള ഓരോ പ്രത്യേക വിളിയും മാമ്മോദീസാ എന്ന കൂദാശയുടെ പൂർത്തീകരണമാണ്. ഇത് സൂചിപ്പിക്കുന്നത് നമ്മുടെ പ്രാഥമിക വിളി വിശുദ്ധിയിലേക്കാണ് എന്നുള്ള യാഥാർത്ഥ്യമാണ്. മാമ്മോദീസാ എന്ന കൂദാശയിലൂടെ വിശുദ്ധിയുടെ ജീവിതത്തിലേക്ക് പ്രവേശിക്കുന്ന ഒരു വ്യക്തി പൗരോഹിത്യം എന്ന പ്രത്യേക വിളി സ്വീകരിക്കുന്നതു വഴിയായി വിശുദ്ധിയിലേക്കുള്ള വിളിയിൽ ആഴപ്പെടുകയാണ് ചെയ്യുന്നത്. വിശുദ്ധ

നായിരിക്കുക എന്നതിനർത്ഥം യേശുവിനോട് അനുരൂപപ്പെടുക, അവന്റെ അതേ വികാരങ്ങളാൽ നമ്മുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കുക എന്നതാണ് (cf.Phil 2:15). യേശുവിനെപ്പോലെ മറ്റുള്ളവരെ സ്നേഹിക്കാൻ ശ്രമിക്കുമ്പോൾ മാത്രമേ ഓരോ പുരോഹിതനും ദൈവത്തെ ദൃശ്യമാക്കുകയും വിശുദ്ധിയിലേക്കുള്ള വിളി പൂർത്തിയാക്കുകയും ചെയ്യുകയുള്ളൂ. ഇതിനോടനുബന്ധമായിട്ടാണ് വി.ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ വൈദികരെ ഓർമ്മിപ്പിച്ചത്, സഭയിലെ മറ്റെല്ലാ അംഗങ്ങളെയും പോലെ പുരോഹിതനും സുവിശേഷവൽക്കരണം നിരന്തരം ആവശ്യമുള്ളവനാണെന്ന അവബോധത്തിൽ വളരണം (Pastores Dabo Vobis). ഒരു വൈദീകൻ ജീവിക്കുന്ന പുതിയ യുഗം ധാരാളം വെല്ലുവിളികളാണ് അവന്റെ മുമ്പിൽ ഉയർത്തുന്നത്. ഈ വെല്ലുവിളികളെ നേരിടാനുള്ള ഏകമാർഗം സുവിശേഷാനുസൃതമായി ജീവിതത്തെ നിരന്തരം നവീകരിക്കുക എന്നതാണ്. മറ്റൊരർത്ഥത്തിൽ പൗലോസ് അപ്പസ്തോലൻ പഠിപ്പിച്ചതുപോലെ ക്രിസ്തുവിൽ സമന്വയിക്കപ്പെട്ട് കർത്താവിന്റെ പരിശുദ്ധ ആലയമായി (എഫേ. 3:21) ഓരോ വ്യക്തിയും നിരന്തരം വളരുമ്പോഴാണ് ഈ നവീകരണം യഥാർത്ഥത്തിൽ സാദ്ധ്യമാകുന്നത്. വൈദീക ജീവിതത്തിന്റെ അടിസ്ഥാനമായ ദൈവവുമായുള്ള അടുപ്പം നാല് വ്യത്യസ്ത ഭാവത്തിലൂടെയാണ് നമ്മുടെ ജീവിതത്തിൽ അനുഭവവേദ്യമാകുന്നത്. ഈ നാല് വ്യത്യസ്ത തലങ്ങളിലൂടെ ദൈവവുമായുള്ള അടുപ്പം നിലനിർത്തുന്ന ഒരു വൈദീകനുമാത്രമേ ക്രിസ്തുവുമായി സമ്പൂർണ്ണ ഐക്യം പ്രാപിച്ച് വൈദീക ജീവിതത്തിന്റെ വിശുദ്ധി നിലനിർത്തുവാൻ സാധിക്കുകയുള്ളൂ. അതിനാൽ തന്നെ ദൈവവുമായുള്ള അടുപ്പത്തിന്റെ നാല് വ്യത്യസ്ത തലങ്ങളെ പൗരോഹിത്യത്തെ അതിന്റെ അടിസ്ഥാന സ്വഭാവത്തിൽ നിലനിർത്തുന്ന നാല് തൂണുകളായി നമുക്ക് വിശേഷിപ്പിക്കാം.

**1. ദൈവവുമായുള്ള അടുപ്പം**

വൈദീകജീവിതത്തെ നിലനിർത്തുന്ന ഏറ്റവും പ്രാധാന്യമേറിയ തൂണുകളിലൊന്നാണ് ഒരു വൈദീകന്റെ ദൈവവുമായുള്ള അടുപ്പം. നിങ്ങൾ എന്നിൽ വസിക്കുവിൻ ഞാൻ നിങ്ങളിലും വസിക്കും (യോഹ. 15:5-7) എന്ന ക്രിസ്തുവിന്റെ പ്രബോധനം തന്നെ ദൈവവുമായി ഒരുവന് ഉണ്ടായിരിക്കേണ്ട ആത്മബന്ധത്തെ സൂചിപ്പിക്കുന്നതാണ്. ദൈവവുമായി ഒരു വൈദീകൻ പുലർത്തുന്ന ബന്ധമാണ് അവന്റെ ശുശ്രൂഷയെ ഫലദായകമാക്കുന്നത്. യേശുവിനോടുള്ള അടുപ്പവും അവന്റെ വചനവുമായുള്ള ദൈനംദിന സമ്പർക്കവുമാണ് ഒരു വൈദികന്റെ ജീവിതത്തെ ക്രിസ്തുവിന്റെ ജീവിതത്തിന് തത്തുല്യമാക്കി തീർക്കുന്നത്.

ക്രിസ്തുവുമായുള്ള അടുപ്പം ഒരു വൈദികന് സമ്മാനിക്കുന്നത് ക്രിസ്തു തന്റെ ജീവിതത്തിൽ അനുഭവിച്ച അതേ അനുഭവങ്ങൾ തന്നെയാണ്. ക്രിസ്തുവിനെപ്പോലെ സന്തോഷിക്കാനും അത്ഭുതങ്ങളും രോഗശാന്തികളും നടത്തുവാനും സ്തുതിയുടെ നിമിഷങ്ങൾ അനുഭവിക്കാനും സാധിക്കുമ്പോൾ തന്നെ ക്രിസ്തു അനുഭവിച്ചതുപോലെ തന്നെ തിരസ്കരണത്തിന്റെയും സംശയത്തിന്റെയും നിഴലിൽ ഏകാന്തതയും ഒരു വൈദികൻ അനുഭവിക്കുന്നുണ്ട്. ഇപ്രകാരം മറ്റുള്ളവരാൽ തിരസ്കരിക്കപ്പെടുമ്പോൾ ക്രിസ്തുവിനോടുള്ള അടുപ്പം വൈദീകരെ ഭയപ്പെടുത്തുകയോ വിഷമിപ്പിക്കുകയോ ചെയ്യുന്നില്ല. ഇതിനു കാരണം

അവർ തങ്ങളുടെ ശക്തിയിൽ ആശ്രയിക്കാതെ എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കുന്ന ദൈവത്തിൽ ആശ്രയിക്കാൻ തക്ക ഒരു ഹൃദയഅടുപ്പം ദൈവത്തോടു വളർത്തിയെടുക്കുന്നതുകൊണ്ടാണ്.

ഇന്ന് വൈദീകർ അനുഭവിക്കുന്ന എല്ലാ പ്രശ്നങ്ങളുടെയും അടിസ്ഥാനകാരണം അവരുടെ ശുഷ്കമായ പ്രാർത്ഥനാ ജീവിതവും അതിലൂടെ അവർക്ക് നഷ്ടമാകുന്ന ദൈവവുമായുള്ളഅടുപ്പവുമാണ്. ഒരുവന്റെ പ്രാർത്ഥനാജീവിതം അവന്റെ ആത്മീയജീവിതത്തിന്റെ അടിസ്ഥാനമാണ്. എന്നാൽ ആത്മീകജീവിതത്തെ കേവലം മതപരമായ അനുഷ്ഠാനങ്ങളിലേക്ക് ചുരുക്കിയാൽ ആത്മീക ജീവിതത്തിൽ നിന്നും ഉടലെടുക്കേണ്ട ദൈവവുമായുള്ള ആത്മബന്ധം രൂപപ്പെടുകയില്ല. പിന്നെയോ പ്രാർത്ഥനകൾപോലും കർത്തവ്യ നിർവ്വഹണത്തിന്റെ ഭാഗമായി മാത്രം ചിത്രീകരിക്കപ്പെടുകയും അനുഷ്ഠിക്കപ്പെടുകയും ചെയ്യും. ആചാരാനുഷ്ഠാനങ്ങൾ നമ്മെ ദൈവബന്ധത്തിലേക്ക് നയിക്കുന്ന മാർഗങ്ങളാണെന്നും, ഇവയുടെ അനുഷ്ഠാനങ്ങൾ കേവലം കടമകൾ നിർവ്വഹിക്കുന്ന ഒന്നല്ല എന്നും തിരിച്ചറിയുമ്പോൾ മാത്രമാണ് ഇവയെല്ലാം മൂർത്തമായ ദൈവ അടുപ്പത്തിന്റെ ഭാവങ്ങൾ ആയി മാറുന്നത്.

ദൈവാനുഭവത്തിന്റെ മാർഗങ്ങളെ അതിന്റെ എല്ലാ അർത്ഥതലങ്ങളെയും നിലനിർത്തിക്കൊണ്ട് ജീവിക്കുക എന്നതാണ് ഇന്ന് വൈദീകർ അനുഭവിക്കുന്ന ഏറ്റവും വലിയ വെല്ലുവിളി. അതിവേഗം സഞ്ചരിച്ചു കൊണ്ടിരിക്കുന്ന ലോകത്തിൽ പ്രവർത്തിപഥത്തിൽ എപ്പോഴും വ്യാപരിക്കുക എന്ന പ്രലോഭനത്തിൽ പല വൈദീകരും വീണു പോകാറുണ്ട്. ദിവസം മുഴുവൻ സജീവമായി നിലകൊള്ളുന്ന വൈദീകർ ജീവിതത്തിൽ നിശബ്ദതയുടെ നിമിഷങ്ങളെ കണ്ടെത്തുകയും, ശാന്തമായി ധ്യാനത്തിന്റെ ശൈലി പഠിക്കുകയും ചെയ്താൽ മാത്രമേ ദൈവത്തോടുള്ള അടുപ്പത്തിന്റെ ഭാവങ്ങളെ ജീവിതത്തിൽ പൂർണമായി നിലനിർത്തുവാൻ സാധിക്കുകയുള്ളു.

**2. അധികാരികളുമായുള്ള അടുപ്പം**

ദൈവവുമായുള്ള വൈദീകരുടെ അടുപ്പത്തിന്റെ രണ്ടാമത്തെ രൂപം അവന് അധികാരികളുമായുള്ള അടുപ്പമാണ്. ഒരു സന്ന്യാസ വൈദീകനെ സംബന്ധിച്ചിടത്തോളം സഭയിൽ അവൻ മെത്രാന്മാരുമായും സന്ന്യാസ സമൂഹത്തിൽ അവൻ സന്ന്യാസ അധികാരികളുമായിട്ടാണ് അടുപ്പം കാത്തു സൂക്ഷിക്കുന്നത്. ഈ അടുപ്പം അധികാരിയും അധീനരും തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ മാത്രം രൂപപ്പെടുന്ന ഒന്നല്ല. പലപ്പോഴും ഈ ഒരു ബന്ധം ഏകപക്ഷീയമായിട്ടാണ് വ്യാഖ്യാനിക്കപ്പെടുന്നത്. അധികാരിയോട് നാം പുലർത്തുന്ന അനുസരണം ഒരു കടമ എന്ന രീതിയിലൊക്കെ ചിത്രീകരിക്കാറുണ്ട്. എന്നാൽ ഇത്തരത്തിലൊരു വ്യാഖ്യാനം സുവിശേഷത്തിന്റെ അർത്ഥതലത്തിൽ നിന്നും വളരെ അകലെയാണ്. സുവിശേഷങ്ങളിൽ അനുസരണം അച്ചടക്കത്തിനുവേണ്ടിയുള്ള ഒരു ഗുണമല്ല. പിന്നെയോ അത് ദൈവഹിതം പിൻതുടരുന്നതിനുള്ള ഒരു മാർഗമാണ്. പിതാവായ ദൈവത്തിന്റെ ഹിതത്തെ മരണം വരെ അനുസരിച്ച പുത്രൻ തന്റെ അനുസരണത്തിലൂടെ വളർത്തിയെടുത്തത് പിതാവുമായുള്ള ഒരു കൂട്ടായ്മയാണ്. ഇതുകൊണ്ടുതന്നെ സഭയിലും സന്ന്യാസ സമൂഹത്തിലും വൈദീകർ പിൻതുടരുന്ന അനുസരണം കൂട്ടായ്മയിൽ ഒന്നിപ്പിക്കുന്ന ബന്ധങ്ങളുടെ ആഴമേറിയ ഒരടയാളമാണ്.

ഇതിനാൽ ഒരു അധികാരിയെ അനുസരിക്കുക എന്നു പറഞ്ഞാൽ അതിനർത്ഥം ദൈവഹിതം എങ്ങനെ ശ്രദ്ധയോടെ കേൾക്കണമെന്ന് പഠിക്കുക എന്നാണ്. ദൈവഹിതം ആരും പൂർണ്ണ മായി സ്വന്തമാക്കുന്നില്ലാത്തതിനാൽ അത് വിവേകത്തിലൂടെയും വിവേചനത്തിലൂടെയുമാണ് നമുക്ക് തിരിച്ചറിയാൻ സാധിക്കുന്നത്. ഈ ഒരു ബന്ധം രൂപപ്പെടുന്നതിന്റെ സാദ്ധ്യതയാണ് ഓരോ അധികാരിയും നമ്മുടെ മുമ്പിലേക്ക് അവതരിപ്പിക്കുന്നത്. അതിനാൽ തന്നെ അധികാരി കളുമായുള്ള അടുപ്പം പുലർത്താത്ത ഓരോ വൈദീകനും കൂട്ടായ്മയിൽ നിന്നും അകന്നാണ് ജീവിക്കുന്നത്. മറ്റൊരർത്ഥത്തിൽ അവൻ ദൈവത്തിൽ നിന്നും അകന്നാണ് ജീവിക്കുന്നത്.

സഭയിലെ അധികാരികളുമായുള്ള ബന്ധം, ദൈവീകഹിതത്തോട് ചേർത്ത് വ്യാഖ്യാ നിക്കുന്നതിനാൽ സഭയിലെ അധികാരികൾ ദൈവഹിതത്തിന്റെ വാഹകരാമെന്ന ഉത്തമ ബോദ്ധ്യ മുള്ളവരാണെങ്കിൽ മാത്രമേ ഇത്തരമൊരു ദൈവീക കൂട്ടായ്മ സൃഷ്ടിക്കപ്പെടുന്നുള്ളൂ. സന്ന്യാസനിയമങ്ങളിൽ അധികാരികൾ "സ്നേഹത്തിന്റെ നീർച്ചാലുകളാകണമെന്നും", സന്ന്യാസജീവിതസഹായിൽ അധികാരികൾ "കരൾ കനിവോടെ അധീനരെ കരുതുന്നവരാ കണം" എന്നും സൂചിപ്പിച്ചിരിക്കുന്നത് സുവിശേഷാനുസൃതമായ ഒരു അധികാരത്തെ സൂചിപ്പിക്കുന്നതിനു വേണ്ടിയാണ്. ഇപ്രകാരം അധികാരികളും അധീനരും അധികാരത്തെ സമീപിക്കുമ്പോൾ മാത്രമാണ് പൗരോഹിത്യജീവിതം വിശ്വസനീയവും ഉറപ്പുള്ളതുമായ ഒരു യാഥാർത്ഥ്യമായി മാറുന്നത്.

**3. വൈദീകസഹോദരങ്ങളുമായുള്ള അടുപ്പം**

ദൈവവുമായുള്ള അടുപ്പത്തിന്റെ മൂന്നാമത്തെ തലം സഹവൈദീകരുമായുള്ള അടുപ്പ മാണ്. ഈ അടുപ്പം രൂപപ്പെടുന്നത് സാഹോദര്യം എന്ന മൂല്യത്തെ അടിസ്ഥാനപ്പെടുത്തിയാ ണ്. എല്ലാ വൈദീകരും ദൈവത്തിന്റെ വിളി സ്വീകരിച്ച് വിശുദ്ധിയിലേക്ക് യാത്ര ചെയ്യുന്നവരാണ് എന്ന ബോദ്ധ്യമാണ് ഈ സാഹോദര്യത്തിന്റെ അടിസ്ഥാനം. ഇതിനാൽ തന്നെ സാഹോദര്യം എന്ന മൂല്യം ദൈവീക വിശുദ്ധി പിൻതുടരുവാൻ ഒരുവൻ സ്വയം തിരഞ്ഞെടുത്ത വഴിയേ ഒരു കൂട്ടായ്മയിൽ സഞ്ചരിക്കുന്നു എന്നാണർത്ഥമാക്കുന്നത്.

സാഹോദര്യത്തിന്റെ അടയാളങ്ങൾ സ്നേഹത്തിലൂടെയാണ് ദൃശ്യമാകുന്നത്. വി. പൗലോസ് കോറിന്തോസുകാർക്കുള്ള ഒന്നാം ലേഖനത്തിൽ സ്നേഹത്തിന്റെ വ്യക്തമായ ദിശാസൂചിക (road map) നമുക്ക് നല്കി സാഹോദര്യഭാവത്തിൽ ജീവിക്കുന്നതിന്റെ ലക്ഷ്യം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വി. പൗലോസിന്റെ ഉപദേശത്തിൽ സ്നേഹത്തിൽ ജീവിക്കുക എന്നു പറഞ്ഞാൽ അതർത്ഥമാക്കുന്നത് ക്ഷമ പഠിക്കുക, മറ്റുള്ളവരോടുള്ള ഉത്തരവാദിത്വത്തിൽ വളരുക, അവരുടെ ഭാരങ്ങൾ വഹിക്കുക, അവരോടൊപ്പം വേദനയിൽ പങ്കുചേരുക (1 കോറി 13:4-8) ഇവയൊക്കെയാണ്.

സഹോദര്യത്തിന്റെ വിപരീതാവസ്ഥ നിസ്സംഗതയാണ്. മറ്റുള്ളവരുമായി അകലം സൃഷ്ടിച്ച് അവരുടെ ജീവിതത്തിൽ ഇടപെടലുകൾ നടത്താതെ വൈദീക കൂട്ടായമകളിൽ നിന്നും, സംവിധാനങ്ങളിൽ നിന്നും ഒറ്റപ്പെട്ടു നടക്കുന്ന വൈദീകർ സഹോദര്യത്തിന്റെ വിപരീത ദിശയിലാണ് സഞ്ചരിക്കുന്നത്. ഇവരുടെ സഞ്ചാരം വിശുദ്ധിയിൽ നിന്നും അകലേക്കുള്ള

യാത്രയാണ്. അതിനാൽ തന്നെ ഇവരുടെ യാത്ര യഥാർത്ഥമായ വൈദീക ജീവിതത്തെ പ്രതിനിധാനം ചെയ്യുകയോ, ഒരു കെട്ടുറപ്പുള്ള പൗരോഹിത്യ സംവിധാനത്തിന് സാക്ഷ്യം വഹിക്കുകയോ ചെയ്യുന്നില്ല.

വൈദീകകൂട്ടായ്മയിലാണ് സഭ നിലനില്ക്കുന്നതും വിശ്വാസം പ്രഘോഷികപ്പെടുന്നതും എന്നാണ് സഭയിലെ പ്രാർത്ഥനകളെല്ലാം സൂചിപ്പിക്കുന്നതും. ഇതിനേറ്റവും നല്ല ഉദാഹരണം. "സഭമേൽരക്ഷക കൃപ ചെയ്കയോജിപ്പേകുക വൈദീകരിൽ സത്യമതാം വിശ്വാസത്തെ ഏകസ്വരത്തിൽ ഘോഷിക്കാൻ" എന്ന് വി. കുർബാനയുടെ അവസാനം വൈദീകൻ പാടി പ്രാർത്ഥിക്കുന്ന ഹൂത്തോമ്മായാണ്. എന്നാൽ ഇത്തരത്തിലൊരു കൂട്ടായ്മ സാദ്ധ്യമാകുന്നില്ലാ എന്നതുതന്നെയാണ് വൈദീകജീവിതം മനഷ്യസമൂഹത്തിനു മുൻപിൽ അവഹേളനയക്ക് കാരണമായി തീരുന്നത്. സഹവൈദീകരെപ്പറ്റി അസൂയയാൽ വിഷലിപ്തമായ വിവരങ്ങൾ പ്രചരിപ്പിച്ച് നിർവൃതി അടയുന്ന ഒരു കൂട്ടം വൈദീകർ ഉയർന്നു വരുന്നുണ്ട് എന്നതാണ് വിശുദ്ധമായ വൈദീക സംവിധാനം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. ഈ വെല്ലുവിളി നിലനിൽക്കുന്നുണ്ടെങ്കിലും കർത്താവിന്റെ കരങ്ങൾ സ്പർശിക്കാനും, വാക്കുകൾ ശ്രവിക്കുവാനും അവന്റെ വെല്ലവിളികൾ ഏറ്റെടുക്കാനും ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട് അഭിഷിക്തരാകുന്ന വൈദീകരാണ് ദൈവം ഈ വൈദീക സംവിധാനത്തെ ലോകത്തിൽ നിലനിർത്തുവാനായി അതിയായി ആഗ്രഹിക്കുന്നു എന്നതിന്റെ ഏറ്റവും വലിയ തെളിവ്. ഇപ്രകാരം തിരഞ്ഞെടുക്കപ്പെട്ട് അഭിഷിക്തരാകുന്ന വൈദീകർ ഇന്ന് നിലനില്ക്കുന്ന വൈദീക സംവിധാനത്തിലെ അപചയങ്ങളിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കാതെ വൈദീകജീവിതത്തെ നിലനിർത്തുന്ന തൂണുകളിലൊന്നായ വൈദീക സഹോദര്യത്തിൽ ജീവിച്ച് വൈദീക സംവിധാനത്തെ സമൂഹത്തിലെ ഏറ്റവും വിലമതിക്കുന്ന ഒരു വിളിയായി രൂപപ്പെടുത്തുവാനാണ് പരിശ്രമിക്കേണ്ടത്.

**3. ദൈവജനവുമായുള്ള അടുപ്പം**

ദൈവജനവുമായുള്ള അടുപ്പമാണ് ഒരു വൈദീകനെ രൂപപ്പെടുത്തുന്ന മറ്റൊരു ത്വരിതകം. അതിനാൽ തന്നെ ദൈവജനവുമായുള്ള അടുപ്പം വൈദീകസംവിധാനത്തെ നിലനിർത്തുന്ന അതിപ്രധാനമായ തൂണുകളിലൊന്നാണ്. ദൈവജനത്തിൽ നിന്നും ദൈവജനത്തിനു വേണ്ടിയാണ് ഒരു വൈദീകൻ തിരഞ്ഞെടുക്കപ്പെടുന്നത്. ഇതിനാൽ ദൈവജനത്തെ മാറ്റിനിർത്തിക്കൊണ്ടുള്ള ഒരു വൈദീകജീവിതത്തെകുറിച്ച് ചിന്തിക്കാൻ നമുക്ക് സാദ്ധ്യമല്ല. മറ്റുള്ളവരെ സ്നേഹിക്കുന്നത് ദൈവവുമായുള്ള ഐക്യത്തിലേക്ക് നമ്മെ നയിക്കുന്ന ഒരു ചാലകശക്തിയാണ്. ഇതേ കാരണത്താൽ തന്നെ ദൈവജനവുമായുള്ള ഊഷ്മളമായ ഒരു ബന്ധത്തിലാണ് ഒരു വൈദീകൻ തന്റെ വൈദീക വ്യക്തിത്വം തിരിച്ചറിയുന്നത്.

ദൈവജനവും വൈദീകജീവിതവും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതാൽ തന്നെ വൈദീകജീവിതത്തിന്റെ യഥാർത്ഥ നവീകരണവും സംഭവിക്കുന്നത് ദൈവജനത്തെ അടിസ്ഥാനപ്പെടുത്തി തന്നെയാണ്. പലപ്പോഴും ക്രിസ്തുവിന്റെ ദൈവീകരഹസ്യങ്ങളുടെ സൂക്ഷിപ്പുകാരെന്ന നിലയിൽ ദൈവജനത്തിൽ നിന്നും വ്യത്യസ്തമായ ഒരു വിഭാഗമായി നിലകൊള്ളാൻ വൈദീകർ പ്രലോഭിപ്പിക്കപ്പെടാറുണ്ട്. എപ്പോഴൊക്കെ ഈ പ്രലോഭനത്തിന്

വൈദീകർ വശംവദരാകുന്നുവോ അപ്പോഴൊക്കെ വൈദീക ജീവിതം ദൈവജനത്തിന് അപ്രാപ്യ മാകുകയും, അർത്ഥവത്തല്ലാതായിത്തീരുകയും ചെയ്തിട്ടുണ്ട്. ഇന്ന് വൈദീകജീവിതത്തെ ഒരു പരിധിവരെ ദൈവജനം സംശയദൃഷ്ടിയോടെ നോക്കുന്നതിന് കാരണവുമിതു തന്നെയാണ്.

ഒരു യഥാർത്ഥമായ വൈദീക വ്യക്തിത്വ നവീകരണം സംഭവിക്കേണ്ടത് ദൈവജന ത്തിന്റെ യഥാർത്ഥമായ ജീവിതവുമായി അടുത്തിടപഴകിയാകണം. മനുഷ്യരുടെ ദുരിതങ്ങളെ സ്പർശിച്ചും അവന്റെ കഷ്ടപ്പാടുകളിൽ അവനോടൊത്തായിരുന്നുമാണ് യേശു ആഗ്രഹിച്ചതു പോലെയുള്ള ഒരു പൗരോഹിത്യസംസ്കാരം നമുക്ക് നമ്മുടെ സമൂഹത്തിൽ വളർത്തിയെടു ക്കാൻ സാധിക്കുന്നത്. മാനുഷികമായ എല്ലാ ബുദ്ധിമുട്ടുകളിൽ നിന്നും നമ്മെ സംരക്ഷിക്കുന്ന വ്യക്തിപരമോ, സമുദായികപരമോ ആയ ഇടങ്ങൾ തേടുന്നതവസാനിപ്പിച്ച് മറ്റുള്ളവരുടെ ജീവിതത്തിന്റെ യഥാർത്ഥ അവസ്ഥകളിലേക്ക് പ്രവേശിക്കുമ്പോൾ മാത്രമേ ആർദ്രതയുടെ ശക്തി വൈദീകജീവിതത്തിലൂടെ നമുക്ക് അനുഭവിക്കാനും മറ്റുള്ളവർക്ക് അനുഭവവേദ്യമാക്കുവാനും സാധിക്കുകയുള്ളു. ഇങ്ങനെയുള്ള ഒരു വൈദീകൻ മാത്രമേ ഭൂമിയുടെ അതിർത്തികളോളം സഞ്ചരിച്ച് 'ആടുകളുടെ ചൂരുള്ള' ഇടയന്മാരായി രൂപാന്തരപ്പെടുകയുള്ളു. ദൈവജനത്തോടുള്ള ആത്മബന്ധത്താൽ ദൈവവുമായി അടുപ്പം സൂക്ഷിക്കുന്ന ദൈവജനത്താൽ നവീകരിക്ക പ്പെടുന്ന ഒരു വൈദീക സമൂഹത്തിനാണ് ഇനിയുള്ള ലോകത്തിൽ ക്രിസ്തുവിനപ്പോലെ മാറ്റത്തിന്റെ വക്താക്കളാകാൻ സാധിക്കുന്നത്.

**ഉപസംഹാരം**

വൈദീകജീവിതം ആത്യന്തീകമായി നയിക്കപ്പെടുന്നതും ബലപ്പെടുത്തപ്പെടുന്നതും ദൈവവുമായുള്ള അവന്റെ അടുപ്പത്തിന്റെ പശ്ചാത്തലത്തിലാണ്. ദൈവവുമായുള്ള ഒരു വൈദീ കന്റെ അടുപ്പം കൂടുതൽ ആഴപ്പെടുന്നത് അവന്റെ അധികാരികളുമായും, സഹവൈദീകരുമായും, ദൈവജനവുമായുള്ള ബന്ധത്തിലാണ്. ഇവരിലൂടെ ദൈവത്തിന് ഒരു വൈദീകനെപ്പറ്റിയുള്ള സ്വപ്നം വെളിപ്പെടുത്തപ്പെടുന്നു. അതിനാൽ അധികാരികളുമായും, സഹവൈദീകരുമായും ദൈവജനവുമായുള്ള അടുപ്പം അധികമായി ഒരു വൈദീകന്റെ ചുമലിലേക്ക് അടിച്ചേൽപ്പിക്കുന്ന ഒരു ബന്ധമല്ല, പിന്നെയോ അവന്റെ ദൗത്യത്തെ ഊർജ്ജസ്വലവും, സജീവവുമായി പൂർത്തി യാക്കുന്നതിന് ദൈവം അവന് നല്കുന്ന സമ്മാനമാണ്. പൗരോഹിത്യത്തെക്കുറിച്ചുള്ള എല്ലാ ദൈവശാസ്ത്രവിശകലനങ്ങളും ഒരു പുരോഹിതന് ദൈവവുമായും, അധികാരികളുമായും, സഹവൈദീകരുമായും, ദൈവജനവുമായും അവനുള്ള അടുപ്പത്തെ ആധാരമാക്കിയാണ് രൂപപ്പെടുത്തിയിരിക്കുന്നത്. ഈ ഒരു ബന്ധം മൂലമാണ് എല്ലാ പുരോഹിതർക്കും തങ്ങളെ ഭരമേല്പിച്ചിരിക്കുന്ന ദൈവജനത്തോട് ആർദ്രതയോടും, അനുകമ്പയോടും എപ്പോഴും അവരോട് ചേർന്നിരിക്കുന്ന ദൈവത്തിന്റെ അതേ ശൈലിയിൽ ഒരടുപ്പം സൂക്ഷിക്കാൻ സാധിക്കുന്നത്. ഇന്ന് വൈദീകജീവിതം നേരിടുന്ന എല്ലാ പ്രശ്നങ്ങളുടേയും ശാശ്വതമായ പരിഹാരവും ഈ ഒരു ബന്ധത്തിൽ നിന്നുമാണ് രൂപപ്പെടേണ്ടത്.

# You Are a Priest Forever

**Rev. Dr. Francis Assisi Samuel, OIC**

Congratulations to our newly ordained priests, Rev. Fathers: Jithin George Purathoottu OIC, Jijo Benjamin Pallitharayil OIC, Alexis Pallissery OIC, Joseph Shaiju Kudayil OIC and Jithu John Panamkala OIC, who are called by God to become His beloved priests forever. What a privilege! Bethany is so happy and proud of you. Hearty felicitations to each one of you.

The word "priest" is derived from the Hebrew word *kohen*, which means a cultic official in the temple who can perform rituals and offer sacrifices. The Greek word is *presbytros* (an elder, community leader); but in Latin the word used is *sacerdos* which signifies a person who is "sacred." It means that the person is filled with divine power, "consecrated to God" and so belongs to "the divine sphere." Thus, we understand that a priest is one who is set apart for spiritual activities in the realm of the divine.

We find the concept of priest and priesthood in the Old Testament. When Abraham returned after defeating four great kings, he was met by the priest-king Melchizedek (Gen. 14). He was called "a priest of God Most High" (Gen. 14: 18). In psalm 110, it is proclaimed: "You are a priest forever in the line of Melchizedek" (110:4).

In his letter to Hebrews, St. Paul describes Melchizadek as "the king of Salem, priest of the Most High, king of righteousness and peace" (Heb. 7: 1-3). Genesis 14 mentions him as a priest-king who brought out "bread and wine," a token of generosity and goodwill, which nourished Abraham and his companions. It foreshadows the Eucharist, which Jesus, the Eternal High Priest and King of kings, provides us for our spiritual nourishment and well-being.

Although the concept of priesthood has its roots in the Old Testament, it is fulfilled in the New Testament in Jesus Christ, the Eternal High Priest. Theologically, a priest shares the ministerial priesthood of Jesus Christ. Jesus is the perfect mediator between God and human beings (Heb. 9: 15; 12: 24). In the new priesthood inaugurated and established by Jesus Christ, the Catholic priests are called to share Jesus' priesthood, personhood, and holiness.

According to Thomas Aquinas and other theologians, an ontological transformation takes place in the newly ordained priests as they are consecrated. At the sacrament of the Holy Orders, the priest becomes Christ Himself with the spiritual powers. As Christ, he has power to forgive sins, consecrate bread and wine and transform them into the precious body and blood of Jesus Christ and also administer other sacraments.

Of course, a priest is chosen and commissioned by God. Jesus says to his disciples: "You did not chose me but I chose you and appointed you..." (Jn. 15: 16). A priest is not only called by God, he is also anointed and consecrated by God. Just as Christ was anointed by the Holy Spirit—the same spirit is given to a priest through the imposition of hands during ordination (Acts 6:6; 2 Tim. 1:6). A priest is called to a life of holiness (1 Pet. 1:19), to be a teacher and preacher (Lk. 4: 17-18; Mk. 16:15; 1 Cor. 9:16), and a mediator and intercessor between God and human beings (Jn.13-18).

A Catholic priest is an "Icon of Christ."The Catholic theology and tradition always upheld the notion that the priest is 'the Icon of Christ" (*Icona Christi*) or "another Christ" (*Alter Christus*). He is also called to be a living "Image of Christ," as "Extension of Christ, the High Priest." He continues to perform what Jesus himself did: teaching and preaching, forgiving and sanctifying.

As an Icon of Christ, a priest forgives sins and offers sacrifices, proclaims the Gospel, and brings salvation through the sacraments. As another Christ, the priest sanctifies the faithful by relieving the people from their guilt and helps them experience the true redemption and liberation that Christ has brought. Therefore, the priest not only performs the sacraments, he simultaneously, is the living, visible, and tangible sign of the risen Christ interacting with people.

Moreover, Jesus himself gave the authority to St. Peter to be like him "the shepherd" when he said, "feed my lambs" (Jn. 21:15), "tend my sheep" (Jn. 21:16). Thus, the Catholic priest is best described as "Another Christ" (*Alter Christus*), for he is ordained to "act in the person of Christ", and he is called to be a holy priest to offer holy sacrifices acceptable to Almighty God (1 Pet. 2:5).

According to the Second Vatican Council, a priest is a pastor and servant leader (L.G. 28).

The Scriptures are filled with the shepherd imagery; and a priest is called to be a pastor and compassionate leader. For example, John's Gospel presents him as one who leads, feeds, protects and loves his sheep (10: 1-18). Leaving the ninety-nine behind (LK. 15: 4-7), he goes after the one lost sheep until he finds it (Mt. 18: 12-14).

A priest is the living instrument of Jesus Christ, the Eternal High Priest, who can act in the place of Jesus Himself. He becomes the channel of God's grace. He is the hands and the heart of Jesus Christ. He is the "Good Shepherd" who knows his sheep. He lives in their midst. As Pope Francis puts it, like "shepherds living with the smell of their sheep." He is ready, like the ultimate Good Shepherd, Jesus Christ, to sacrifice himself for his sheep.

In short, scripturally speaking, the concept of priesthood is well established in the Old Testament and culminated in the ultimate High Priest, Jesus Christ.Theologically,

a ministerial priest shares in the priesthood of Jesus Christ. Jesus is the High priest in a unique way. He is the perfect mediator between God and human beings. The Catholic priests shares in His priesthood by participating in His holiness and personhood.

Thus, dear Reverend Fathers, you are now anointed and set apart by Our Lord Jesus Christ, the High Priest, according to the order of Melchizadech. You are consecrated to live like our Master and Lord, Jesus Christ. You are called to live in the midst of the world and yet not to be addicted to worldly pleasures and values. You are now given the extraordinary powers of Jesus Christ, the High Priest, to heal, to pardon, to consecrate, and to offer sacrifices for the expiation of our sins and salvation of the world. What a privilege, "O priests of Jesus Christ." Hearty felicitations once again!

Recently, on the occasion of my 50th priestly ordination, I received a lovely card from one of my friends with the following poetic words. May I, therefore,conclude this article with those beautiful words, originallywritten by Jean-Baptiste Henri Lacordaire:

**You are a Priest Forever**

To live in the midst of the world
without wishing its pleasures;
To be a member of each family,
yet belonging to none;
To share all suffering;
to penetrate all secrets;
To heal all wounds;
to go from men to God
and offer Him their prayers;
To return from God to men
to bring pardon and hope;
To have a heart of fire for Charity,
and a heart of bronze for Chastity
To teach and to pardon,
console and bless always.
My God, what a life;
and it is yours,
O priest of Jesus Christ.

# പൗരോഹിത്യം: ദാനവും ഉത്തരവാദിത്വവും

ഫാ. ജയിംസ് പുതുപ്പറമ്പിൽ ഒ.ഐ.സി.

നിധി കണ്ടെത്തിയവർ തനിക്കുള്ളതെല്ലാം വിറ്റ് അത് സ്വന്തമാക്കിയവനെപ്പോലെ, സന്ന്യാസസമർപ്പണം നടത്തുകയും ദൈവജനത്തിന് ശുശ്രൂഷ ചെയ്യുന്നതിനായി പൗരോഹിത്യ ശുശ്രൂഷയ്ക്ക് തങ്ങളെത്തന്നെ സമർപ്പിക്കുകയും ചെയ്യുന്ന ജിതിൻ ജോർജ്, ജിജോ ബെഞ്ചമിൻ, ജിത്തു ജോൺ, അലക്സിസ് പെല്ലിശ്ശേരി, ജോസഫ് ഷൈജു എന്നീ നവവൈദികരെ ഏറ്റവും ഹൃദ്യമായി അനുമോദിക്കുകയും ഭാവുകങ്ങൾ അർപ്പിക്കുകയും ചെയ്യുന്നു.

സ്വന്തം കാര്യം പരിഗണിക്കാതെ മറ്റുള്ളവർക്കുവേണ്ടി ജീവിതം ബലിയായി അർപ്പിച്ച യേശുനാഥനാണ് പുരോഹിതന്റെ മാതൃകയും പ്രചോദനവും. ദൈവത്തിന്റെ കരുണയും സ്നേഹവും വാക്കിലും പ്രവൃത്തിയിലും അനുഭവവേദ്യമാക്കിയ യേശുവിനെപ്പോലെ ജീവിക്കുവാനുള്ള ഈ ദൗത്യം ഒരേ സമയം ദൈവത്തിന്റെ വിലമതിക്കാനാവാത്ത ദാനവും ഗൗരവമേറിയ ഉത്തരവാദിത്തവുമാണ്. അയോഗ്യരായ മനുഷ്യരെ വിളിച്ച്, ഏല്പിക്കുന്ന ദൗത്യത്തിന് യോഗ്യരാക്കുന്നവനാണ് ദൈവം. ദൈവിക ദൗത്യത്തിനായി ഒരുവനെ വിളിക്കുന്നതിനേക്കാൾ, വിളിച്ചവരെ യോഗ്യരാക്കുന്നതാണ് ദൈവിക പദ്ധതി. ഈ തെരഞ്ഞെടുപ്പിനെക്കുറിച്ച്, വി.പൗലോസ് ശ്ലീഹാ എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്: "തന്റെ ശുശ്രൂഷയ്ക്കായി എന്നെ നിയമിച്ചുകൊണ്ട് അവൻ എന്നെ വിശ്വസ്തനായി കണക്കാക്കി" (1 തിമോത്തി 1:12). അവർണ്ണനീയമായ ദൈവികദാനത്തിന് നമുക്ക് നന്ദി അർപ്പിക്കാം.

ദൈവനാമത്തിൽ ജനത്തെ അനുഗ്രഹിക്കാനുള്ള വിളിയായിട്ടാണ് പഴയ നിയമത്തിൽ പൗരോഹിത്യശുശ്രൂഷയെ മനസ്സിലാക്കിയിരിക്കുന്നത്. ഹൃദയത്തിന്റെ കർമ്മോന്മുഖമായ നന്മകൊണ്ട് ജനത്തിന്റെ പാപങ്ങൾക്ക് പരിഹാരം അനുഷ്ഠിക്കുന്നതിനായിട്ടാണ് പുരോഹിതന്മാരെ നിയമിച്ചിരിക്കുന്നത്. ജനം, വഴി തെറ്റിപ്പോയപ്പോഴും ഉറച്ചു നിന്നവരാണവർ. ദേശത്ത് അവർക്ക് യാതൊരു ഓഹരിയും ഇല്ലായിരുന്നു. കാരണം കർത്താവുതന്നെയായിരുന്നു അവരുടെ ഓഹരി. ഈജിപ്തിൽ നിന്ന് വാഗ്ദാനദേശത്തേക്ക് തീർത്ഥാടനത്തിലായിരുന്ന ഇസ്രായേൽ മക്കളുടെ ജീവിതത്തിൽ പുരോഹിതന്റെ പങ്ക് നിർണായകമായിരുന്നു. പത്തു പ്രമാണങ്ങൾ എഴുതിയ കല്പലകകൾ സൂക്ഷിച്ചിരുന്ന കർത്താവിന്റെ പേടകങ്ങൾ വഹിക്കാനും, അവിടുത്തെ സന്നിധിയിൽ ശുശ്രൂഷ ചെയ്യാനും അവിടുത്തെ നാമത്തിൽ അനുഗ്രഹിക്കാനുമായിരുന്നു കർത്താവ് പുരോഹിതന്മാരെ തെരഞ്ഞെടുത്ത് വേർതിരിച്ചത് (നിയമാ 10:8). ഈജിപ്തിൽ നിന്നും വാഗ്ദാനനാട്ടിലേക്കുള്ള യാത്രയിൽ, കരകവിഞ്ഞൊഴുകുന്ന ജോർദാൻ നദി കടക്കുക അസാദ്ധ്യമായ കാര്യമായിരുന്നു. ജോർദാൻ നദി കടക്കുന്നതിന് ദൈവം ജോഷ്വായ്ക്ക് കൊടുത്ത നിർദ്ദേശമനുസരിച്ച്, വാഗ്ദാനപേടകം വഹിച്ചിരുന്ന പുരോഹിതന്മാരുടെ പാദങ്ങൾ ജലത്തെ സ്പർശിച്ചപ്പോൾ, കരകവിഞ്ഞൊഴുകിയ ജോർദാൻ നദിയിലെ വെള്ളത്തിന്റെ ഒഴുക്കു നിലച്ചു. സാരെഥാനു സമീപമുള്ള ആദം പട്ടണത്തിനരികെ അതു ചിറപോലെ പൊങ്ങി. അരാബാ ഉപ്പു കടലിലേക്ക് ഒഴുകിയ വെള്ളം നിശേഷം വാർന്നു പോയി. ജനം ജറീക്കോയ്ക്ക് നേരെ മറുകരെ കടന്നു (ജോഷ്വാ 3:15-16).

ജനത്തെ വിശുദ്ധീകരിച്ചും പഠിപ്പിച്ചും നയിച്ചുകൊണ്ട് ഇസ്രായേല്യരെ വാഗ്ദാന നാട്ടിലെത്തിക്കുന്നതിനു പുരോഹിതന്മാർ നിർണായകമായ പങ്കു വഹിച്ചതുപോലെ, ജീവിതത്തിന്റെ പരമമായ ലക്ഷ്യം സർഗ്ഗഭാഗ്യമാണെന്ന് അനുസ്മരിപ്പിക്കുന്ന സമർപ്പണവും ദൗത്യവുമാണ് ക്രൈസ്തവ പൗരോഹിത്യം. അനുഗ്രഹിക്കപ്പെട്ട വിധത്തിൽ ഈ ലോകത്തിൽ ജീവിക്കുന്നതിനും മരണാനന്തരം നിത്യജീവന് യോഗ്യരാകുന്നതിനും വിശ്വാസികളെ ഒരുക്കുന്നതിനുള്ള ദൗത്യവും സാക്ഷ്യത്തിന്റെ ജീവിതമാണ് പൗരോഹിത്യസമർപ്പണം. വി.പൗലോസ് തന്റെ ശുശ്രൂഷയിൽ ഈ വീക്ഷണത്തിന് വലിയ പ്രാധാന്യം കൊടുത്തിട്ടുണ്ട്. "ഈ ജീവിതത്തിനുവേണ്ടി മാത്രം ക്രിസ്തുവിൽ പ്രത്യാശ വച്ചിട്ടുള്ളവരാണെങ്കിൽ നമ്മൾ എല്ലാ മനുഷ്യരെയുംകാൾ നിർഭാഗ്യരാണ്" (1 കൊറി 15:9). തന്റെ അപ്പസ്തോലിക ശുശ്രൂഷയ്ക്കുള്ള പ്രതിഫലമായി വി.പൗലോസ് ശ്ലീഹാ ആഗ്രഹിച്ചതും സ്വർഗ്ഗീയ ഭാഗ്യമാണ്. തിമോത്തെയോസിന് എഴുതിയ ലേഖനത്തിൽ നിത്യജീവൻ ലക്ഷ്യമാക്കിയുള്ള തന്റെ ശുശ്രൂഷയെക്കുറിച്ചുള്ള പ്രത്യാശ ഇപ്രകാരം പ്രകടിപ്പിക്കുന്നു: "ഞാൻ നന്നായി പൊരുതി; എന്റെ ഓട്ടം പൂർത്തിയാക്കി; വിശ്വാസം കാത്തു. എനിക്കായി നീതിയുടെ കിരീടം കർത്താവ് ഒരുക്കിയിരിക്കുന്നു. നീതിപൂർവം വിധിക്കുന്ന കർത്താവ്, ആ ദിവസം അത് എനിക്ക് സമ്മാനിക്കും. എനിക്കു മാത്രമല്ല, അവന്റെ ആഗമനത്തെ സ്നേഹപൂർവം ഉറ്റുനോക്കിക്കൊണ്ടിരിക്കുന്ന എല്ലാവർക്കും" (2 തിമോ 4:7-8). ദൈവികമായ ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നവർ ശ്രദ്ധിക്കണമെന്ന് വി.പൗലോസ് ശ്ലീഹായും വി.പത്രോസ് ശ്ലീഹായും ചൂണ്ടിക്കാണിക്കുന്ന ചില കാര്യങ്ങൾ ഇവിടെ അനുസ്മരിക്കുന്നത് ഉചിതമാണെന്നു കരുതുന്നു.

**1. മാതൃകാജീവിതം:** സ്നേഹത്തിലും വിശ്വാസത്തിലും വിശുദ്ധിയിലും പ്രേഷിതർ വിശ്വാസികൾക്ക് മാതൃകയായിരിക്കണം. വിശുദ്ധ ലിഖിതങ്ങൾ വായിക്കുന്നതിലും ഉപദേശങ്ങൾ നല്കുന്നതിലും അദ്ധ്യാപനത്തിലും ശ്രദ്ധാലുവായിരിക്കണം (1തിമോ 4:12-13).

**2. നവീകരണം:** കൈവയ്പിലൂടെ ലഭിച്ച ദൈവിക വരം വീണ്ടും ഉജ്ജ്വലിപ്പിക്കണം (2 തിമോ 1:6). വ്യക്തിപരമായ പ്രാർത്ഥന, പരിത്യാഗജീവിതം എന്നിവ നവീകരണത്തിനു സഹായിക്കും.

**3. സ്ഥിരത:** പഠിച്ചിട്ടുള്ളതും ഉറപ്പായി വിശ്വസിച്ചിട്ടുള്ളതുമായ കാര്യങ്ങൾ ആരിൽ നിന്നാണ് പഠിച്ചതെന്നോർത്ത് അവയിൽ സ്ഥിരമായി നില്ക്കുക (2 തിമോ 3:14). നവമായ പല ചിന്തകളും കാഴ്ചപ്പാടുകളും ആദർശനങ്ങളുമൊക്കെ ക്രൈസ്തവ വിശ്വാസത്തിനനുസൃത മാണെന്ന വിധത്തിൽ അവതരിപ്പിക്കപ്പെടുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. ഈ പശ്ചാത്തലത്തിൽ, പഠിച്ച് ഉറപ്പായി വിശ്വസിച്ചിട്ടുള്ള കാര്യങ്ങളിൽ സ്ഥിരതയോടെ, പുരോഹിതർ നില്ക്കേണ്ടിയിരിക്കുന്നു.

**4. തീക്ഷ്ണത നിറഞ്ഞ ശുശ്രൂഷ:** കേട്ടതും പഠിച്ചതുമായ കാര്യങ്ങൾ മറ്റുള്ളവരെ പഠിപ്പിക്കാൻ കഴിവുള്ള വിശ്വസ്തരായ ആളുകൾക്കു പകർന്നു കൊടുക്കുക (2 തിമോ 2:2). അതോടൊപ്പം, ഏല്പിക്കപ്പെട്ടിരിക്കുന്ന ദൈവത്തിന്റെ അജഗണത്തെ പരിപാലിക്കുക. നിർബന്ധം കൂടാതെ ദൈവത്തെപ്രതി സന്മനസോടെ, ലാഭേച്ഛകൂടാതെ തീക്ഷ്ണതയോടെ

അജഗണത്തിന്റെമേൽ ആധിപത്യം ചുമത്താതെ സന്മാതൃക നല്കിക്കൊണ്ടായിരിക്കണം ഈ ഉത്തരവാദിത്തം നിർവഹിക്കേണ്ടത്. ഇങ്ങനെ തങ്ങളുടെ ശുശ്രൂഷ നിർവഹിക്കുന്നവർക്ക് മഹത്വത്തിന്റെ ഒളിമങ്ങാത്ത കിരീടം ലഭിക്കും (1 പത്രോ 5:3-5).

പൗരോഹിത്യ ശുശ്രൂഷ വഴി എല്ലാ മനുഷ്യരിലേക്കും എത്തിച്ചേരുന്നതിനുള്ള സാദ്ധ്യത ബഥനി ആശ്രമത്തിലുണ്ട്. കേരളത്തിലും മറ്റു സംസ്ഥാനങ്ങളിലും, ഭാരതത്തിനു വെളിയിൽ ആഫ്രിക്ക, യൂറോപ്പ്, അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിലും ബഥനി സന്ന്യാസി സമൂഹാംഗങ്ങൾ പ്രേഷിത ദൗത്യത്തിൽ ഏർപ്പെട്ടിരിക്കുന്നു. "എന്റെ രക്ഷ ലോകാതിർത്തി വരെ എത്തുന്നതിന് ഞാൻ നിന്നെ ലോകത്തിന്റെ പ്രകാശമായി നല്കും" (ഏശ 49:6). സഭാമേലദ്ധ്യക്ഷന്മാരുടെയും സന്ന്യാസാധികാരികളുടെയും തീരുമാനമനുസരിച്ച് ദൗത്യങ്ങൾ നിർവഹിച്ചുകൊണ്ട് ബഥനി വൈദികർ ലോകത്തിന്റെ പ്രകാശമായിത്തീരാൻ ശ്രമിക്കുന്നു.

പൗരോഹിത്യ ശുശ്രൂഷ വഴി ജനം ദൈവത്തിലേക്ക് ആകർഷിക്കപ്പെടുമ്പോൾ ഈ ശുശ്രൂഷ അനുഗ്രഹിക്കപ്പെട്ടതാകുന്നു. ഒരു പുരോഹിതന്റെ ശുശ്രൂഷയും ജീവിതവും കണ്ട് പുരോഹിതനെ നോക്കി ജനത്തിനു പറയാൻ കഴിയണം: "ഞങ്ങൾ നിന്റെ കൂടെ വരട്ടെ. ദൈവം നിന്നോടുകൂടെയുണ്ടെന്ന് ഞങ്ങൾ കേട്ടിരിക്കുന്നു.'' ദൈവഭയവും ആദ്ധ്യാത്മികതയും അപ്രധാനമെന്നു കരുതുന്ന ചിന്താഗതികൾ വർദ്ധിച്ചു വരുന്ന ഈ കാലത്ത് ദൈവിക പദ്ധതികളെക്കുറിച്ച് ഓർമ്മപ്പെടുത്താൻ പുരോഹിതർക്കു കഴിയണം. ഭൗതിക ചിന്തകളാൽ മാത്രം നയിക്കപ്പെടുന്ന വ്യക്തികളെയും കൂട്ടായ്മകളെയും ദൈവഹിതം തേടാനും അത് പിഞ്ചെല്ലാനും പ്രേരിപ്പിക്കേണ്ട ചുമതല പുരോഹിതർക്കുണ്ട്. പ്രവാചകൻ പറഞ്ഞതുപോലെ "നമുക്ക് വേഗം ചെന്ന് കർത്താവിന്റെ പ്രീതിക്കായി പ്രാർത്ഥിക്കാം. ഞാൻ പോവുകയാണ്" എന്നു പറഞ്ഞുകൊണ്ട് പ്രചോദിപ്പിക്കാൻ പുരോഹിതനു കഴിയണം.

"ദൈവമേ, അങ്ങയുടെ കരം അങ്ങയുടെ വലത്തുവശത്തു നിർത്തിയിരിക്കുന്നവന്റെ മേൽ - അങ്ങേയ്ക്ക് ശുശ്രൂഷ ചെയ്യൻ ശക്തനാക്കിയ മനുഷ്യപുത്രന്റെ മേൽ-ഉണ്ടായിരിക്കട്ടെ" (സങ്കീ 80:17) എന്ന് ഈ നവവൈദികർക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയിലൂടെ ലഭ്യമായ ആദ്ധ്യാത്മിക ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് ഉത്തമ പുരോഹിതരായി ദൈവത്തെ മഹത്വപ്പെടുത്താൻ ദൈവം നവവൈദികരെ അനുഗ്രഹിക്കട്ടെ.

# പൗരോഹിത്യവും, അതിന്റെ ത്രിമാന വെല്ലുവിളികളും

**ഫാ. ജോസഫ് ഫിലിപ്പ് ആലുമ്മൂട്ടിൽ ഒ.ഐ.സി.**

നമ്മുടെ സമൂഹത്തില പ്രിയപ്പെട്ട അഞ്ച് സഹോദരന്മാർ, ഡീക്കൻ ജിതിൻ ജോർജ്, ജോസഫ് ഷൈജു, ജിജോ ബെഞ്ചമിൻ, അലക്സിസ്, ജിത്തുജോൺ എന്നിവർ തങ്ങളുടെ സന്ന്യാസ - പൗരോഹിത്യ പരിശീലനം പൂർത്തിയാക്കി പൗരോഹിത്യ പദവിയിലേക്ക് ഉയർത്തപ്പെടുകയാണല്ലോ. പ്രിയപ്പെട്ട നവവൈദികർക്ക് എന്റെ എല്ലാവിധമായ അനുമോദനങ്ങളും, തുടർന്നുള്ള സന്ന്യാസ-പൗരോഹിത്യ ജീവിതം ഒരു അനുഗ്രഹത്തിന്റെ ജീവിതമായി മാറുവാൻ തുടർ പ്രർത്ഥനാമംഗളങ്ങളും. ഈ അഞ്ചുപേരിൽ ജിതിൻ ജോർജ് അച്ചന്റെ ഫിലോസഫി പരിശീലന കാലയളവിൽ ആത്മീയ പിതാവായും, ജോസഫ് ഷൈജു അച്ചന്റെ ആദ്യകാലപരിശീലന റെക്ടറായും ദൈവാനുഗ്രഹത്താൽ അവരുടെ പരിശീലനത്തിൽ പങ്കുചേരാൻ സാധിച്ചു എന്ന കൃതാർത്ഥതയോടെ പൗരോഹിത്യം ഇന്ന് നേരിടുന്ന വെല്ലുവിളികളെ അല്പമായി വിശകലനം ചെയ്യാൻ ശ്രമിക്കുകയാണിവിടെ.

നൂറ്റാണ്ടുകളുടെ വൈദിക ചരിത്രത്തിലൂടെ കടന്നുപോകുമ്പോൾ, കാലചക്രത്തിന്റെ മാറ്റങ്ങൾക്കനുസരിച്ചും മാറിമറിയുന്ന സാമൂഹിക സാംസ്കാരിക പ്രവണതകൾക്കനുസരിച്ചും അജപാലന സാഹചര്യങ്ങൾ ആവശ്യപ്പെടുന്നതുപോലെ പൗരോഹിത്യ ധർമ്മത്തിന്റെ ഊന്നൽ പൗരോഹിത്യത്തിൽനിന്ന് പ്രവാചകത്വത്തിലേക്കോ, പൗരോഹിത്യത്തിൽ നിന്ന് രാജത്വ ത്തിലേക്കോ മാറ്റപ്പെട്ടിരുന്നു, ഇന്നും മാറ്റപ്പെട്ടുകൊണ്ടിരിക്കുന്നു എന്നുവരികിലും സാധാരണ വിശ്വാസികളെ സംബന്ധിച്ചിടത്തോളം പുരോഹിതരുടെ ആരാധനാസ്വത്വവും പുരോഹിതധർമ്മങ്ങളും ശ്രേഷ്ഠപുരോഹിതനായ യേശുവുമായി ബന്ധപ്പെടാനുള്ള മാർഗവും ദൈവ-മനുഷ്യബന്ധത്തിന്റെ മധ്യസ്ഥനായി നിലകൊള്ളാനുള്ള ദൗത്യവുമാണ് എന്നത് നിസ്തർക്കമായ വസ്തുതയാണ്.

പൗരോഹിത്യ സ്വത്വത്തിന്റെ മേൽപ്പറഞ്ഞ മൂന്ന് മാനങ്ങളും (Teacher, Priest, Pastor) പൗരോഹിത്യ ജീവിതത്തിന്റെയും, ശുശ്രൂഷയുടെയും വ്യത്യസ്ത മാതൃകകൾ മനസ്സിലാക്കി പ്രവർത്തിക്കുന്നതിനുള്ള ഉപാധികളാണെങ്കിലും, ശ്രേഷ്ഠപുരോഹിതനായ യേശു ക്രിസ്തുവിനെ, ഒരുപുരോഹിതൻ എങ്ങനെ വ്യക്തിപരമായി വീക്ഷിക്കുന്നു എന്നതിനെയും, മറ്റൊരു ക്രിസ്തുവായി രൂപപ്പെടാനുള്ള (Alter Christus) സമഗ്രപരിശ്രമത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും പൗരോഹിത്യത്തിന്റെ ശ്രേഷ്ഠത ഓരോ പുരോഹിതനും സ്വജീവിതത്തിൽ കൈവരിക്കാൻ ശ്രമിക്കേണ്ടത്.

കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം പഠിപ്പിക്കുന്നതു പോലെ തന്റെ ശരീരത്തിന്റെ ശിരസ്സും, തന്റെ അജഗണത്തിന്റെ ഇടയനും, വീണ്ടെടുപ്പ് ബലിയുടെ മഹാപുരോഹിതനും, സത്യത്തിന്റെ പ്രബോധകനും എന്ന നിലയിൽ ക്രിസ്തു തന്നെയാണ് തിരുപ്പട്ടം സ്വീകരിച്ച ശുശ്രൂഷകന്റെ സഭാശുശ്രൂഷയിലൂടെ സഭയിൽ സന്നിഹിതനാകുന്നത്. തിരുപ്പട്ട കൂദാശയുടെ ശക്തിയാൽ പുരോഹിതൻ ശിരസ്സായ ക്രിസ്തുവിന്റെ വ്യക്തിത്വത്തിൽ (in Persona Capitis) പ്രവർത്തിക്കുന്നു (CCC 1548). മറ്റൊരു വാക്കിൽ പറഞ്ഞാൽ ഒരു പുരോഹിതൻ ഭൂമിയിലെ ദൈവത്തിന്റെ സ്ഥാനപതിയും മറ്റൊരു ക്രിസ്തുമാണ് (Alter Christus).

യേശുക്രിസ്തുവിനെ സ്വന്തം ജീവിതത്തിൽ അനുകരിക്കുമ്പോൾ സ്വാഭാവികമായും ഒരു പുരോഹിതന്റെ മുന്നിൽ വ്യത്യസ്തങ്ങളായ യേശുവിന്റെ പ്രതിച്ഛായകൾ തെളിഞ്ഞുനിൽക്കും. ദൈവരാജ്യത്തിന്റെ പ്രഘോഷകൻ എന്ന നിലയിലുള്ള യേശുവിന്റെ പ്രതിച്ഛായ, ബലിഅർപ്പകനും, രക്ഷകനും എന്ന നിലയിൽ പെസഹാരഹസ്യം അർപ്പിച്ച കൂദാശാനുഷ്ഠാനത്തിന്റെ പ്രതിച്ഛായ, സ്വന്തം ആട്ടിൻകൂട്ടത്തെ സ്നേഹിക്കുകയും സേവിക്കുകയും അവയ്ക്കുവേണ്ടി സ്വജീവൻ അർപ്പിക്കുകയും ചെയ്യുന്ന നല്ല ഇടയനായ യേശുവിന്റെ പ്രതിച്ഛായ. ഇവയെല്ലാംതന്നെ ഒരു പുരോഹിതന്റെ ജീവിതത്തിൽ അവൻ ബന്ധപ്പെടുന്ന അജപാലന-സാമൂഹിക-സാംസ്കാരിക മണ്ഡലങ്ങളിൽ പ്രതിഫലിക്കണം എന്നത് അനിഷേധാത്മക വസ്തുതയാണ്.

നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും സ്വാധീനം ചെലുത്തുന്ന സാമ്പത്തിക പ്രതിസന്ധിയുടെയും, ഭീകരഭീഷണിയുടെയും, വ്യത്യസ്തങ്ങളായ നൂതന ഇസങ്ങളുടെയും വെല്ലുവിളിനിറഞ്ഞ ഒരുകാലഘട്ടത്തിലാണ് ദൈവജനത്തിന് പ്രത്യാശയുടെ കിരണവും, വഴികാട്ടിയുമായി നമ്മുടെ പ്രിയപ്പെട്ട അഞ്ച് സഹോദരന്മാർ പൗരോഹിത്യ ജീവിതത്തിലേക്ക് കാലെടുത്തുവയ്ക്കുന്നത്. അതിനാൽതന്നെ പൗരോഹിത്യസ്വത്വത്തിന്റെ പ്രവാചക, പൗരോഹിത്യ, രാജത്വത്രിമാനങ്ങൾ ഇന്ന് നേരിടുന്ന വെല്ലുവിളികളെ അല്പമായി വിശകലനം ചെയ്യാൻ ഞാൻ ഇവിടെ ആഗ്രഹിക്കുന്നു.

**പ്രവാചക ജീവിത വെല്ലുവിളികൾ**

പ്രവാചകനും അധ്യാപകനും എന്ന നിലയിൽ ഇന്നത്തെ പുരോഹിതൻ, മത്സരിക്കുന്ന വാക്കുകളുടെയും, അതിതീവ്രമായി സ്വാധീനിക്കുന്ന ശബ്ദങ്ങളുടെയും ലോകത്താണ് ജീവിക്കുന്നത്. സിനിമകൾ മുതൽ മൊബൈൽ ഫോണുകൾ വരെ സാമൂഹിക ആശയ വിനിമയത്തിന്റെ ഉപകരണങ്ങളായി, പുതിയ പഠിപ്പിക്കലും, നൂതന മൂല്യങ്ങളും ശക്തമായി ആശയവിനിമയം ചെയ്യുന്ന ഈ മത്സരക്കളരിയിലാണ് ദൈവവചനത്തിന്റെ പ്രഘോഷകരായി പുരോഹിതർ ഇറങ്ങിത്തിരിക്കുക. കൂടാതെ ശാസ്ത്രലോകം, നിഗൂഢമായ ദൈവിക വെളിപാടിനെ യുക്തിസഹജവും ശാസ്ത്രീയവുമായ തെളിവുകൾ നിരത്തി നിഷേധിക്കുകയും വികലമാക്കുകയും ചെയ്യുന്ന അത്യാധുനികലോകം. ആത്മനിഷ്ഠത, വ്യക്തിവാദം, ആപേക്ഷികത തുടങ്ങിയ പുതിയ ഇസങ്ങളെ മതേതരത്വത്തിന്റെയും ഭൗതികവാദത്തിന്റെയും ആത്മാവിലേക്ക് കുത്തിനിറക്കുകയും, തങ്ങൾക്കാവശ്യമുള്ള സിദ്ധാന്തങ്ങളെയും ധാർമ്മികതയെയും മാത്രം സഭാപഠനങ്ങളിൽനിന്നും തിരഞ്ഞെടുത്ത് സഭാഗാത്രത്തെ മുറിപ്പെടുത്തുകയും ചെയ്യുന്ന ഉത്തരാധുനിക കാലഘട്ടത്തിലാണ് പ്രവാചക ദൗത്യവുമായി ഇന്നിന്റെ പുരോഹിതർ അഭിഷിക്തരാവുക.

അതിനാൽതന്നെ കർത്താവിന്റെ അഭിഷിക്തൻ പ്രവാചകദൗത്യം കൃത്യമായി നിർവ്വഹിക്കുകയും നൂതന ഇസങ്ങളെ പ്രോത്സാഹിപ്പിക്കാതെ താൻ പഠിച്ച വിശ്വാസ സത്യങ്ങളെ മുറുകെ പിടിച്ചുകൊണ്ട് അത് പഠിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. ഒഴുക്കിനൊത്തു നീന്താതെ താൻ വിശ്വസിക്കുകയും പഠിക്കുകയും ചെയ്ത സത്യത്തെ മുറുകെപ്പിടിച്ചുകൊണ്ട് ഒഴുക്കിനെതിരെ നീന്താനും ഈ പ്രവാചകദൗത്യം ഓരോ പുരോഹിതനെയും ആഹ്വാനം ചെയ്യുന്നു. കൂടാതെ പ്രവാചകനെന്ന നിലയിൽ താൻ പഠിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്ന കാര്യങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കി

തന്റെ വിശ്വാസവും, പഠിപ്പിക്കലും, ജീവിതവും ഒന്നാണ് എന്ന് സമൂഹത്തിന് സാക്ഷ്യം നൽകാനും ഈ പ്രവാചകദൗത്യം പുരോഹിതരെ ക്ഷണിക്കുന്നു.

**പൗരോഹിത്യ ധർമ്മ വെല്ലുവിളികൾ**

ആരാധനാ ജീവിതത്തിന്റെയും കൗദാശിക ജീവിതത്തിന്റേയും അടിസ്ഥാനവും ഉറവിടവും കേന്ദ്രവുമായ വിശുദ്ധ കുർബാനയുടെ അനുഷ്ഠാനകരാണല്ലോ പുരോഹിതർ. ദൈവികതയുടെ അതീന്ദ്രീയരഹസ്യം, പൗരാണികതയുടെയും, പാരമ്പര്യത്തിന്റെയും രഹസ്യാത്മകതയുടെയും ആയ ഈ പാവനസമ്പത്ത് ആരാധനയിലെ പ്രതീകങ്ങളിലൂടെ മനുഷ്യന് വെളിപ്പെടുത്തി കൊടുക്കുന്ന, ദൈവത്തിനും മനുഷ്യനുമിടയിലുള്ള പാലങ്ങളായാണ് പുരോഹിതർ തന്റെ പൗരോഹിത്യ ധർമ്മശുശ്രൂഷ നിർവഹിക്കുക. പൗരോഹിത്യ അഭിഷേകത്താൽ ഒരു വിശുദ്ധ വ്യക്തിയും ദൈവത്തിന്റെ രഹസ്യങ്ങളുടെ കാര്യവിചാരകനും. ദൈവത്തിൽ നിന്നുള്ളതും ദൈവത്തിനുള്ളതുമായ ഒരാൾക്ക് യോജിച്ച, മാലാഖമാരേക്കാൾ ഉയർന്ന ബഹുമാനത്തിന്റെ പീഠം അലങ്കരിക്കുന്ന വ്യക്തിയാണ് പുരോഹിതൻ. എന്നാൽ സെക്കുലറിസത്തിന്റെ അതിതീവ്ര പ്രചാരണത്തോടെ ഈ പവിത്ര സങ്കൽപ്പം ഇന്ന് നിഷേധാത്മക പ്രതീകമായി നിലനിൽക്കുന്നു എന്നത് ഖേദകരമായ സംഗതിയാണ്. കൂടാതെ മാനുഷിക- മനഃശാസ്ത്ര തത്വങ്ങളുടെ പിൻബലത്തെ കൂട്ടുപിടിച്ചും, ആപേക്ഷികധാർമ്മിക സിദ്ധാന്തത്തിന്റെ ചുവടുപിടിച്ചും പവിത്രസങ്കല്പത്തെ നിഷേധിക്കുകയും കൂദാശകളുടെ, പ്രത്യേകിച്ച് വിശുദ്ധ കുർബാനയുടെ ആഘോഷത്തിൽ അതിന്റെ പവിത്രത നഷ്ടപ്പെടുത്തുന്നതും ഇന്നിന്റെ പ്രവണതകളായി മാറുന്നു എന്നതും സങ്കല്പാതീതമാണ്.

ഒപ്പം സഭയിൽ അടുത്തിടെയായി ഉണ്ടായിക്കൊണ്ടിരിക്കുന്നതും, സഭയെ ഗുരുതരമായി മുറിവേൽപ്പിക്കുന്നതുമായ ലൈംഗിക അപവാദങ്ങൾ, വിളിക്കപ്പെട്ട വിശുദ്ധ ജീവിതത്തിന്റെ നിഷേധ പ്രതിഫലനങ്ങളായി മനസിലാക്കുകയും, അത് പൗരോഹിത്യ-സന്ന്യാസ ദൈവവിളികളെയും, ഈ ജീവിതാന്തസ് തിരഞ്ഞെടുക്കുവാൻ ആഗ്രഹിക്കുന്നവരുടെയും ജീവിതത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്, ബാധിക്കുന്നുണ്ട് എന്നതും നിസ്തർക്കമായ വസ്തുതയാണ്.

അതിനാൽ ആരാധനയുടെ പവിത്രത നഷ്ടപ്പെടുത്താതെ അതിന്റെ പൗരാണികവും പാരമ്പര്യവുമായ ശ്രേഷ്ഠത കാത്തുസൂക്ഷിക്കുവാൻ ആരാധനാ സമൂഹത്തിന്റെ നേതാവെന്ന നിലയിൽ, തന്റെ പൗരോഹിത്യധർമ്മം ഓരോ പുരോഹിതനെയും ആഹ്വാനം ചെയ്യുന്നു. കൂടാതെ മാലാഖമാർക്കടുത്ത വിശുദ്ധി കാത്തുസൂക്ഷിക്കുവാൻ വ്യക്തിപരവും സമൂഹപരവുമായ പ്രാർത്ഥനാ ജീവിതത്തിലൂടെ വിളിച്ചവനുമായുള്ള ബന്ധം കാത്തുസൂക്ഷിക്കുവാനും ഓരോ പുരോഹിതനും കടമയുണ്ട്. “പൗരോഹിത്യത്തിന്റെ വിശുദ്ധിയാണ് സഭയുടെ വിശുദ്ധി” എന്ന വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ വാക്കുകൾ ഇവിടെ ഏറെ ചിന്തനീയമാണ്.

**രാജകീയധർമ്മ വെല്ലുവിളികൾ**

ഒരു പുരോഹിതന്റെ അജപാലന ദൗത്യം, സ്വന്തം ആട്ടിൻകൂട്ടത്തെ സ്നേഹിക്കുകയും സേവിക്കുകയും അവർക്കുവേണ്ടി സ്വജീവൻ അർപ്പിക്കുകയും ചെയ്ത നല്ലിടയനായ യേശുവിന്റെ ജീവിതത്തെ അനുകരിക്കലാണ്. സഭാജനങ്ങളെ നയിക്കുക, അവരുടെ വിശ്വാസത്തെ കെട്ടിപ്പടുക്കുക, ആ വിശ്വാസത്തെ പക്വതയിലേക്ക് പരിപോഷിപ്പിക്കുക, സഭയുടെ

രക്ഷാകര ദൗത്യത്തിലേക്ക് വിശ്വാസ സമൂഹത്തെ ഒന്നായി സംഘടിപ്പിക്കുകയും ചെയ്യുക എന്നത് പുരോഹിതന്റെ രാജകീയധർമ്മത്തിൽ ഉൾച്ചേർന്നിരിക്കുന്നു.

എന്നാൽ പലപ്പോഴും തന്റെ അജഗണത്തെ ശ്രദ്ധിക്കുന്നതിനോ, അവരോടുകൂടി ആലോചിക്കുന്നതിനോ, അവരുമായി സംവദിക്കുന്നതിനോ, ഒരു മെച്ചപ്പെട്ട സഭയ്ക്കുവേണ്ടിയും സമൂഹത്തിനുവേണ്ടിയും സമയം കണ്ടെത്തുവാനോ തന്റേതായ 'വ്യക്തിതാൽപ്പര്യങ്ങൾക്ക് 'ഊന്നൽ നൽകുന്നത് വഴിയും,' 'പൊതുജനശ്രദ്ധ ആകർഷിക്കുന്ന' പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതു വഴിയും ഇന്നിന്റെ പുരോഹിതർ പരാജയപ്പെടുന്നു.

ഫ്രാൻസിസ് മാർപാപ്പ 'ഏവൻഗെലി ഗൗഡിയും' എന്ന തന്റെ ചാക്രിക ലേഖനത്തിൽ ഇപ്രകാരം ഉദ്ബോധിപ്പിക്കുന്നു: സാധാരണ ആളുകൾ അവരുടെ കഴിവുകൾ വികസിപ്പിച്ച് സ്വയം പ്രകടിപ്പിക്കാനും പൊതുപ്രാധാന്യം നേടാനും ശ്രമിക്കുക സ്വാഭാവികമാണ്. എന്നാൽ പൗരോഹിത്യത്തിലേക്കും സന്ന്യാസത്തിലേക്കും വിളിക്കപ്പെട്ടവർ ഈ പാത സ്വീകരിക്കരുത്. കാരണം അവർ തങ്ങളുടെ വ്യക്തിപരമായ അഭിലാഷങ്ങളല്ല, ദൈവത്തെയും മനുഷ്യരെയും സേവിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കണം (Evangeli Gaudium, 93-97).

യജമാനന്മാരാകാനല്ല, മറിച്ച് അവസാന അത്താഴവേളയിൽ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയ യേശുവിന്റെ സേവനമാതൃകയിലെ വിനയവും എളിമയും അനുകരിച്ച് പാർശ്വവൽക്കരിക്കപ്പെട്ടവരിലേക്ക് ഇറങ്ങിച്ചെന്ന് അവരെ സേവിക്കാനും, മറ്റുള്ളവരുടെ ആവശ്യങ്ങൾക്കായി ജാഗ്രത പുലർത്താനും, ശബ്ദമില്ലാത്തവരുടെ ശബ്ദമായി മാറാനും ഈ സേവനനേതൃത്വം ഓരോ പുരോഹിതനെയും ആഹ്വാനം ചെയ്യുന്നു. അതിലൂടെ തങ്ങളുടെ 'സുരക്ഷിതമായ ചെറിയലോകം' ഉപേക്ഷിച്ച് യേശുവിന്റെ യഥാർത്ഥ സ്നേഹമുഖം മനുഷ്യരാശിക്ക് കാണിച്ചു കൊടുക്കുവാൻ ഓരോ പുരോഹിതനും ഉത്തരവാദിത്തമുണ്ട്.

ആത്മീയനവീകരണം, വ്യക്തിപരവും അജപാലനപരവുമായ അനിവാര്യതയാണ്. 'ക്രിസ്തുവിന്റെ വിശ്വസ്ഥപുരോഹിതന്റെ വിശ്വസ്ഥ' എന്ന പ്രമേയവുമായി വൈദിക വർഷത്തിന്റെ പ്രധാന ലക്ഷ്യവും ഇതുതന്നെയായിരുന്നു. അന്തിമ വിശകലനത്തിൽ പുരോഹിതൻ, പ്രവാചകൻ, രാജാവ് എന്നീ നിലകളിൽ നമ്മുടെ ജീവിതത്തിലൂടെയും ശുശ്രൂഷയിലൂടെയുമാണ് നാം വിശുദ്ധരും, ആത്മാവിൽ നിറഞ്ഞവരും, നയിക്കപ്പെടുന്നവരും, നിത്യപുരോഹിതനായ യേശുക്രിസ്തുവിന്റെ പൗരോഹിത്യത്തിന്റെ പങ്കാളികളും ആയിത്തീരുക. അങ്ങനെയുള്ള പുരോഹിതരായി കർത്താവിന്റെ മുന്തിരിത്തോപ്പിൽ ശുശ്രൂഷിക്കുവാൻ നമ്മുടെ പ്രിയപ്പെട്ട അഞ്ച് കൊച്ചച്ചന്മാർക്കും സാധിക്കട്ടെ എന്ന് ഹൃദയപൂർവം ആശംസിക്കുന്നു.

# നന്ദിപൂർവ്വം...

വത്സമ്മ ജോർജ്ജ്
(ജിതിൻ അച്ചന്റെ മാതാവ്)

“മാതാവിന്റെ ഉദരത്തിൽ നിനക്ക് രൂപം നൽകുന്നതിനു മുമ്പേ ഞാൻ നിന്നെ അറിഞ്ഞു. ജനിക്കുന്നതിനു മുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു” (ജെറമിയ 1:4).

യേശുവിന്റെ ബലിയാകുവാൻ, തിരുബലിയേകുവാൻ, ഇഷ്ടപ്പെട്ട് വിളിച്ച്, ഞങ്ങളുടെ മകൻ ജിതിൻ ജോർജിനെ സ്വന്തമാക്കിയ നല്ല ദൈവത്തിന് സ്തുതിയും നന്ദിയും അർപ്പിക്കുന്നു. ഈ അനുഗ്രഹ നിമിഷങ്ങളിൽ യാഗവേദിയിൽ വസ്തുവായി മാറിക്കൊണ്ട് കർത്താവിന്റെ ശുശ്രൂഷാ പദവി ഏറ്റെടുത്തിരിക്കുന്ന അഞ്ച് നവ വൈദികർക്കും ഞങ്ങളുടെ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ!

ഞങ്ങളുടെ ദാമ്പത്യവല്ലരിയിൽ രണ്ടു മക്കളെ ദൈവം ദാനമായി നൽകി. മൂത്തമകൻ ജിബി ജോർജ് വിവാഹിതനാണ്. നിത്യപുരോഹിതനായ യേശുവിന്റെ പൗരോഹിത്യത്തിൽ പങ്കുചേരുവാൻ, മാലാഖമാർപോലും കൊതിയോടെ വീക്ഷിക്കുന്ന ഈ മഹനീയമായ ദാനം നൽകുവാൻ ഞങ്ങളുടെ ഇളയ മകൻ ജിതിൻ ജോർജിനെ ദൈവം തിരഞ്ഞെടുത്തു.

പത്തനംതിട്ട ജില്ലയിലെ പുത്തൻപീടിക എന്ന പ്രദേശത്ത് 1990 ഒക്ടോബർ 22ന് ജിതിൻ ജോർജ് ജനിച്ചു. വി.തോമാശ്ലീഹായുടെ നാമധേയത്തിൽ സ്ഥാപിതമായ പുത്തൻപീടിക മലങ്കര ദേവാലയത്തിൽ വെച്ച് മാമ്മോദീസ സ്വീകരിക്കുകയും തിരുസഭയുടെ അംഗമാവുകയും ചെയ്തു. ഞങ്ങളുടെ മകനെ കുറിച്ച് ഓർക്കുമ്പോൾ എപ്പോഴും അത്ഭുതം മാത്രമേ തോന്നാറുള്ളൂ. ക്രിസ്തീയ സ്നേഹം നിറഞ്ഞു നിൽക്കുന്ന കുടുംബത്തിൽ നിന്ന് അവൻ ആദ്യമായി ഈശോയെ അറിഞ്ഞു. സ്നേഹവും പ്രാർത്ഥനയും ചേർത്തിണങ്ങിയ പ്രിയപ്പെട്ട പപ്പയുടെ മാതൃക, ജിതിന് എന്നും മാർഗദീപമായിരുന്നു. മകന്റെ ചെറുപ്പത്തിൽ ഭിലായിൽ ആയിരുന്ന അവസരങ്ങളിൽ ദേവാലയത്തിൽ ശുശ്രൂഷ ചെയ്യുന്ന ബഥനിയച്ചന്മാർ അവന്റെ ദൈവവിളി പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്തു. മകന്റെ ദൈവവിളിയിൽ ബഥനി സമൂഹത്തിലെ സാമുവേൽ കിടങ്ങിൽ അച്ചൻ വഹിച്ച പങ്ക് നിർവചനീയമാണ്. അവൻ കർത്താവിന്റെ മകനായി വളർന്നു. ചെറുപ്പം മുതലേ വൈദികൻ ആകണം എന്ന് പറയുമായിരുന്നു. അന്ന് ഞങ്ങൾ അതൊന്നും അത്രയും കാര്യമാക്കിയില്ല. കാരണം കുട്ടികൾ എല്ലാം മാറ്റിപ്പറയുമല്ലോ. ഭിലായിൽ ബഥനി വിദ്യാലയ സ്കൂളിൽ പ്രൈമറി വിദ്യാഭ്യാസത്തിനുശേഷം, പത്തനംതിട്ട സെവൻത് ഡേ ഹയർ സെക്കൻഡറി സ്കൂളിൽ ഹൈസ്കൂൾ പഠനം നടത്തി. ചെറുപ്പം മുതലേ പള്ളിയിൽ പോകുവാനും ഭക്താനുഷ്ഠാനങ്ങളിൽ പങ്കെടുക്കുവാനും അവന് താല്പര്യമുണ്ടായിരുന്നു. എട്ടാം ക്ലാസിൽ പഠിക്കുമ്പോൾ അവൻ അൾത്താര ബാലനായി ശുശ്രൂഷ ചെയ്യാൻ തുടങ്ങി. 2007 പുത്തൻ പീടിക പള്ളിയിൽ വച്ച് ബിബിഎസ് ക്യാമ്പ് നടന്നു. ക്യാമ്പിൽ വച്ച് ബഹുമാനപ്പെട്ട ബനഡിക്ട് മൂഴിക്കര അച്ചനോട് അവൻ മനസ്സിനെ ആഗ്രഹം പറഞ്ഞു. ജിതിന്റെ ആഗ്രഹം കേട്ടറിഞ്ഞ സാമുവൽ കിടങ്ങിൽ അച്ചനും ജോൺ തുണ്ടിയത്ത് അച്ചനും വീട്ടിലേക്ക് കടന്നു വരികയും, ബഥനി ആശ്രമത്തിലേക്ക് കൂട്ടിക്കൊണ്ട് പോകുകയും

ചെയ്തു. ബലിയാകുവാനും ബലിവാനുമുള്ള ഉൾവിളിക്ക് ധീരതയോടെ പ്രത്യുത്തരമേകിയ ജിതിന്റെ ജീവിതം ഞങ്ങൾക്ക് കിട്ടാവുന്ന ഏറ്റവും വലിയ സമ്മാനമായി ഞങ്ങൾ കരുതുന്നു.

• ജന്മം നൽകി, ഓമനിച്ച വളർത്തി, ബലിവേദിയിലേക്കുള്ള പാതയിൽ ആത്മീയ സാന്നിധ്യമായി എന്നും നിലനിന്നുകൊണ്ടു സ്വർഗ്ഗത്തിൽ ഇരുന്നുകൊണ്ട് എന്നും ജിതിനായി പ്രാർത്ഥിക്കുന്ന പ്രിയപ്പെട്ട പപ്പയെ ഈ നിമിഷം ഓർക്കുന്നു.

• ഒരു ചേട്ടന്റെ വാത്സല്യത്തോടെ കരുതലോടെ ജിതിന്റെ ഏതൊരു അവസരത്തിലും ശക്തമായ കരമായി മാറാൻ ഒരു നല്ല കൂടപ്പിറപ്പിനെ (ജിബി) ഒരുക്കിയ ദൈവത്തിന് നന്ദി അർപ്പിക്കുന്നു.

• ജിതിന്റെ ജീവിതയാത്രയിൽ പ്രാർത്ഥനയുടെ പിൻബലത്താൽ ശക്തിപ്പെടുത്തുന്ന എല്ലാ ബന്ധുക്കളെയും നന്ദിയോടെ സ്മരിക്കുന്നു.

• ആശ്രമത്തിൽ ചേർന്നതിനു ശേഷം തിരുവനന്തപുരത്തും ആലുവയിലും ബാംഗ്ലൂരിലും പൂനയിലും ബഹുമാനപ്പെട്ട വൈദികരുടെ ശിക്ഷണത്തിൽ ദൈവകൃപയാൽ പഠനം നടത്തുവാൻ ഞങ്ങളുടെ മകനെ സഹായിക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത ആശ്രമത്തിലെ വൈദികർക്കും സഹോദരങ്ങൾക്കും സിസ്റ്റേഴ്സിനും ഞങ്ങളുടെ ഇടവകയിൽ സേവനമനുഷ്ഠിച്ച വൈദികർക്കും സിസ്റ്റേഴ്സിനും ഞങ്ങളുടെ ഇടവക അംഗങ്ങൾക്കും നല്ലവരായ നാട്ടുകാർക്കും നന്ദി അറിയിക്കുന്നു

ബഥനി സമൂഹത്തിൽനിന്ന് ലഭിച്ച വിവിധ കഴിവുകൾ കൊണ്ട് ഏറ്റവും എളിയവനായി ദൈവത്തെ അനുകരിക്കുവാനും ദൈവത്തെ ശുശ്രൂഷിക്കുവാനും ഞങ്ങളുടെ മകന് കഴിയട്ടെ എന്ന് ദൈവത്തോട് പ്രാർത്ഥിക്കുന്നു ഞങ്ങളുടെ ഇടവകയിൽ നിന്നും കൂടുതൽ ദൈവവിളി ഉണ്ടാകുന്നതിന് വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. പൗരോഹിത്യം എന്ന ദൈവിക ദാനത്തെ സ്മരിച്ച് ദൈവമേ അങ്ങേയ്ക്ക് നന്ദി അർപ്പിക്കുന്നു ജീവിതാവസാനം വരെ ദൈവം ഒരുക്കി വെച്ചതെല്ലാം കൈനീട്ടി വാങ്ങുവാനും ദൈവം തരാത്ത ഒന്നും പരാതി പറയാതെ വിശ്വസ്തതയോടെ ജീവിക്കുവാനും അങ്ങനെ അനേകം ആത്മാക്കളെ രക്ഷിക്കുന്ന നല്ല ഇടയനായി തീരുവാനും ഞങ്ങളുടെ മകനെ അനുഗ്രഹിക്കണമെന്ന് സർവ്വശക്തനായ ദൈവത്തോട് പ്രാർത്ഥിക്കുന്നു.

# പക്വമതിയും ശാന്തനും സ്നേഹസമ്പന്നനുമായ ജിതിൻ ശെമ്മാശൻ

**സിസ്റ്റർ വിനീത ഡി.എം**

"കർത്താവാണ് എന്റെ ഓഹരിയും പാനപാത്രവും; എന്റെ ഭാഗധേയം അവിടുത്തെ കരങ്ങളിലാണ്. അഭികാമ്യമായ ദാനമാണ് എനിക്ക് അളന്നു കിട്ടിയിരിക്കുന്നത്; വിശിഷ്ടമായ അവകാശം എനിക്ക് ലഭിച്ചിരിക്കുന്നു" (സങ്കീ. 16: 5-6).

ദൈവമാണ് യഥാർത്ഥ സമ്പത്ത് എന്ന് മനസ്സിലാക്കി ജീവിച്ച ഒരു കുടുംബം - പുറത്തുട്ട് കുടുംബം. ജോർജ് ഡാനിയേലിന്റെയും വത്സമ്മ ജോർജിന്റെയും രണ്ടാമത്തെ മകൻ ആയിട്ട് ജിതിൻ ശെമ്മാശന്റെ ജനനം. ദൈവം നൽകിയ വലിയ സമ്മാനത്തെ ദൈവമകനായി വളർത്തുന്നതിൽ മാതാപിതാക്കൾ താല്പര്യമെടുത്തു. ശെമ്മാശന്റെ എട്ടാമത്തെ വയസ്സിൽ പിതാവ് ദൈവസന്നിധിയിലേക്ക് വിളിക്കപ്പെട്ടതിനെ തുടർന്ന് അമ്മയുടെ പരിലാളനയിൽ നന്മയുടെ വഴിയിൽ ശെമ്മാശൻ വളർന്നു. വളർന്നു വന്നപ്പോൾ "കർത്താവിന്റെ നാമവും അങ്ങയുടെ ഓർമ്മയുമാണ് ഞങ്ങളുടെ ഹൃദയ അഭിലാഷം" (ഏശ26:8) എന്ന തിരുവചനത്തിൽ തന്റെ വിളിയുടെ പൊരുൾ കണ്ടെത്തി. അതിലേക്ക് ദൈവം തന്നെ വിളിച്ചടുപ്പിച്ചപ്പോൾ ഒരു വൈദികൻ ആകുക, അതും ഒരു സന്ന്യാസി വൈദികൻ ആകുക എന്നത് തന്റെ വിളിയാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. തനിക്ക് തുറക്കപ്പെട്ട ബഥനി ആശ്രമത്തിന്റെ കവാടത്തിനുള്ളിലേക്ക് പ്രവേശിച്ച് അവിടെ ദൈവഹിതത്തിനായി തന്നെ സമർപ്പിച്ചു. സന്ന്യാസ പരിശീലനത്തിന്റെ ഇടയിൽതന്നെ എൽ.എൽ.ബി പഠനവും പൂർത്തീകരിച്ചു.

അടൂർ ഇടവകയിൽ വളർന്ന ശെമ്മാശനെ അവധിക്ക് വീട്ടിൽ വരുമ്പോഴാണ് പരിചയപ്പെടുന്നത്. ഇടവകയോടും ഇടവക കൂട്ടായ്മയോടും സ്നേഹ ബന്ധം നവീകരിക്കാൻ ശെമ്മാശൻ ഏറെ താല്പര്യമെടുക്കുന്നു എന്നും താൻ ഒരു വൈദിക വിദ്യാർഥിയാണ് എന്ന ബോധ്യത്തോടെ കൂടി തന്നെയാണ് അൾത്താര ശുശ്രൂഷയിൽ സഹകരിക്കുന്നതെന്നും തോന്നിയിട്ടുണ്ട്. ശാന്തതയോടും പക്വതയോടും കൂടിയാണ് എല്ലാവരോടും ഇടപെടുന്നത്. "ക്രിസ്തുവിന്റെ സ്ഥാനപതിയും ദൈവരഹസ്യത്തിന്റെ ശുശ്രൂഷകനും ആകുവാനുള്ള" (2 കോറി 5:18) കൂട്ടായ്മയിലേക്ക് താനും വിളിക്കപ്പെട്ടിരിക്കുന്നു എന്നതിൽ ശെമ്മാശൻ അഭിമാനിക്കുന്നു. അവധിക്ക് വരുമ്പോൾ മഠത്തിൽ വിശുദ്ധ കുർബാനയുള്ള ദിവസം ശുശ്രൂഷകനായി സംബന്ധിക്കുകയും അതിനുശേഷം സിസ്റ്റേഴ്സ് ആയി പരിചയപ്പെടുകയും പരിചയം പുതുക്കയും ഒക്കെ ചെയ്യുമായിരുന്നു. തന്റെ പ്രസംഗത്തിലൂടെ മനുഷ്യഹൃദയങ്ങളെ ദൈവത്തിലേക്ക് അടുപ്പിക്കാനുള്ള പ്രത്യേകമായ കൃപയും ശെമ്മാശനിൽ ദൈവം നിക്ഷേപിച്ചിട്ടുണ്ട്. വിശിഷ്ടമായ അവകാശമാണ് ദൈവം തനിക്ക് നൽകിയിരിക്കുന്നത് എന്ന ബോധ്യത്തിൽ കൂടുതൽ വളർന്ന് ആഴപ്പെടുവാൻ ദൈവകൃപയ്ക്കായി പ്രാർത്ഥിക്കുന്നു. അതോടൊപ്പം മാർ ഈവാനിയോസ് പിതാവ് വിഭാവനം ചെയ്ത സന്ന്യാസത്തിന്റെ അന്തസത്ത അറിഞ്ഞ് അനുവർത്തിക്കാൻ ദൈവ തൃക്കരങ്ങളിൽ ഉപകരണം ആകട്ടെ എന്നും ആശംസിക്കുന്നു.

# ബലിയായി ബലിപീഠത്തിലേക്ക് പ്രിയ വക്കീലച്ചൻ

**ബ്രദർ അനൂപ് ഒ.ഐ.സി**

സ്വപ്നങ്ങളെ യാഥാർഥീകരിക്കുവാൻ ഉള്ള ഒരുയാത്രയാണല്ലോ ഓരോ ജീവിതവും. സന്ന്യാസ ജീവിതവഴിയിലൂടെ, ബഥനിയിലൂടെ ശുശ്രൂഷാ പൗരോഹിത്യഗണത്തിലേക്ക്, തന്റെ സ്വപ്ന സാക്ഷാത്കാരത്തിലേക്ക് നടന്നടുക്കുന്ന പ്രിയവക്കീലച്ചനെ (ജിതിനച്ചനെ) ഓർക്കുമ്പോൾ വലിയ സന്തോഷമാണ്. ഒരുപക്ഷേ ബഥനിയുടെ ചരിത്രത്തിൽ നിരവധി വർഷം ഫോർമേഷനിൽ ഇരുന്നിട്ടുള്ള വ്യക്തികളിലൊരാളാണ് പ്രിയപ്പെട്ട അച്ചൻ. നീണ്ട 15 വർഷം തന്റെ ജീവിതത്തിന്റെ സ്വപ്നസാക്ഷാത്കാരത്തിന്റെ വഴി ബഥനിയിലൂടെ വെട്ടിത്തുറക്കുകയായിരുന്നു. ഈ വഴിയിൽ നല്ല സുഹൃത്തായി, നല്ല അദ്ധ്യാപകനായി, നല്ല ജ്യേഷ്ഠനായി, അർപ്പണബോധത്തിന്റെ ഉടമയായി, നല്ല സ്നേഹിതനായി, ഒരു തികഞ്ഞ സന്ന്യാസിയായി രൂപപ്പെടുവാൻ പ്രിയ വക്കീലച്ചന് കഴിഞ്ഞു.

നിങ്ങളെ വിളിക്കുന്നവൻ വിശ്വസ്തനാണ്, അവിടുന്ന് അതനുസരിച്ച് പ്രവർത്തിക്കും. (1 തെസ.5:24) അച്ചന്റെ ജീവിതം മുഴുവൻ ദൈവത്തിന്റെ പ്രത്യേകമായ നടത്തിപ്പ് എപ്പോഴും ഉണ്ടായിരുന്നു. മാതാവിന്റെ ഉദരത്തിൽ ആയിരുന്നപ്പോൾതന്നെ ദൈവം പ്രത്യേകം തിരഞ്ഞെടുത്തു, തന്റെ കൃപയാൽ അവിടുന്ന് വിളിച്ചു (ഗലാ. 1:15) വേർതിരിച്ചു. പ്രിയ ജിതിനച്ചൻ പത്തനംതിട്ട ജില്ലയിലെ അടൂരിൽ പുറത്തൂട്ട്വീട്ടിൽ പരേതനായ ശ്രീജോർജ് ഡാനിയേൽ, ശ്രീമതി വൽസമ്മാ ജോർജ് ദമ്പതികളുടെ രണ്ടാമത്തെ മകനായി 1990 ഒക്ടോബർ മാസം 22-ാം തീയതി ജനിച്ച്, തോമസ് എന്ന മാമോദീസാ നാമം സ്വീകരിച്ച ജിതിനച്ചൻ ഭിലായിലും, തുടർന്ന് അടൂരിലുമായി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. 2007-ൽ ബഥനി ആശ്രമത്തിൽ അർത്ഥിയായി ചേർന്നു. പ്രിയ മാതാവിന്റെ പ്രാർത്ഥനയും മാതൃകാജീവിതവും അച്ചനെ വൈദീക പരിശീലനത്തിനായി ചേരുന്നതിൽ ഏറെ സ്വാധീനിച്ചു. ചെറുപ്പത്തിൽതന്നെ പഠനകാര്യങ്ങളിൽ മുൻപന്തിയിലായിരുന്ന ജിതിൻ തുടർന്ന് തന്റെ സന്ന്യാസ വൈദീക പരിശീലനത്തിന്റെ വിവിധ തലങ്ങളിലും ആ കഴിവ് ഒട്ടും ചോരാതെ മുന്നോട്ട് പ്രയാണം ചെയ്തു. ജ്യേഷ്ഠന്റെ ശിക്ഷണം ഏറെ സ്വീകരിച്ചതുകൊണ്ട് ആവാം, ആശ്രമത്തിലെ തന്റെ സഹോദരങ്ങൾക്ക് എല്ലാം ജ്യേഷ്ഠ സാന്നിധ്യമാകുവാൻ പ്രിയ ജിതിനച്ചന് കഴിഞ്ഞത്. തന്റെ കഴിവുകളിലൂടെ മറ്റുള്ളവരെയും വളർത്തുവാൻ എപ്പോഴും ജിതിനച്ചൻ പരിശ്രമിച്ചു എന്നത് നന്ദിയോടെ ഓർക്കേണ്ടതാണ്.

സന്ന്യാസജീവിതത്തിൽ അർത്ഥിയായി നാലാഞ്ചിറ മേക്കോണം ദയറായിൽ ചേർന്ന നാൾമുതൽ പ്രിയ ജിതിനച്ചനെ അറിയുവാനും, സൗഹൃദവും സ്നേഹവും പങ്കുവെയ്ക്കുവാനും എനിക്കു കഴിഞ്ഞു. കൂടുതലായി അടുത്തറിയാൻ കഴിഞ്ഞത് അദ്ദേഹത്തിന്റെ എൽ.എൽ.ബി പഠനത്തിന്റെ അവസാന കാലത്തിലും, പിന്നീട് തിയോളജി പഠനത്തിന്റെ സമയത്തുമാണ്. കൂടെയുള്ള സഹോദരങ്ങളെ കൂടപ്പിറപ്പിനെപ്പോലെ സ്നേഹിക്കുകയും കരുതുകയും ചെയ്യുന്ന ഒരു നല്ല സുഹൃത്തായിരുന്നു ജിതിനച്ചൻ. കൂടെയുള്ളവരുടെ കുറവുകളെ തിരിച്ചറിഞ്ഞ്, അവ

രോടൊപ്പം നടന്ന്, അവരെ സഹായിക്കുവാനും, ഉയർച്ചയിലും താഴ്ച്ചയിലും ഒരുപോലെ തണലാകുവാനും അച്ചൻ പലപ്പോഴും ശ്രമിച്ചിരുന്നു. അദ്ദേഹത്തിന്റെ ഒപ്പമുള്ളവരെ പലകാര്യ ങ്ങളിലും പ്രത്യേകിച്ച്, പഠനത്തിന്റെ മേഖലയിലും, മറ്റ് അറിവുകൾ പങ്കുവെയ്ക്കുന്നതിലും അച്ചൻ കാണിച്ചിട്ടുള്ള മാതൃക എന്നും അനുകരണീയമാണ്. ജീവിതയാഥാർത്ഥ്യങ്ങളോട് ഒരു ഉത്തമ ക്രിസ്ത്യാനിയുടെ വികാരത്തോടെയും ഒപ്പം സന്ന്യാസജീവിതത്തിന്റെ നിഷ്ഠകളിലൂ ടെയും, കലർപ്പില്ലാതെ ജീവിക്കുവാനും, അച്ചൻ ശ്രമിച്ചിരുന്നു. വിമർശനങ്ങളെ തന്റെ ക്രിയാത്മകമായ ഇടപെടൽ കൊണ്ട് അതിജീവിച്ച്, അതിനെ അതിന്റെതായ അർത്ഥതലങ്ങളിൽ ജീവിതത്തിൽ സ്വീകരിച്ച്, ഉത്തമമായ ജീവിത ബോദ്ധ്യങ്ങളിൽ ജീവിക്കുകയും അതോടൊപ്പം മറ്റുള്ളവരെ അതിന് പ്രേരിപ്പിക്കുകയും ചെയ്യുന്ന ഒരു പ്രേരകശക്തിയായിരുന്നു ജിതിനച്ചൻ.

നിരവധി കഴിവുകളുടെ ഒരുകലവറയാണ് പ്രിയ അച്ചൻ. പഠനത്തിൽ വിവിധ കലാലയ ങ്ങളിൽ ഫിലോസഫി, എൽ. എൽ. ബി, തിയോളജി എന്നിവയിൽ തന്റേതായ മികവ്, സാന്നിദ്ധ്യം തെളിയിക്കുവാൻ അച്ചൻ ശ്രമിച്ചിരുന്നു. അതോടൊപ്പംതന്നെ താൻ ആയിരുന്ന എല്ലാ ആശ്രമ ങ്ങളിലും, കലാ-കായികവിനോദങ്ങളിലുള്ള അച്ചന്റെ ക്രിയാത്മകമായ സാന്നിധ്യം കൂടെ ഉള്ള വർക്ക് എന്നും ഒരു അനുഭവമായിരുന്നു.

പ്രിയ അച്ചാ, ബഥനിയിലൂടെ അച്ചൻ നേടിയെടുത്ത കഴിവുകളും, അറിവുകളും, കഠിനാ ധ്വാനത്തിലുടെ നേടിയെടുത്ത ബിരുദവും എല്ലാം സഭയ്ക്കും സമൂഹത്തിനും അതിലുപരി അച്ചനെ കണ്ടുമുട്ടുന്നവർക്കും ഒരുമുതൽകൂട്ടായി തീരട്ടെ എന്ന് ആശംസിക്കുന്നു. ദൈവ ജനത്തെ നയിക്കുന്ന സ്നേഹിക്കുന്ന നല്ല ഇടയനായി, ശുശ്രൂഷ പൗരോഹിത്യത്തിലൂടെ എല്ലാ വർക്കും മാതൃകയായ സന്ന്യാസിയായി മാറുവാൻ അച്ചന് കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു.

വിളിച്ചവൻ ഉണ്മയുള്ളോൻ,
കണ്ണിൻ മണി പോലെ കാത്തിടുമേ
അന്ത്യംവരെ വഴുതാതെയവൻ
താങ്ങി നടന്നിടും പൊൻകരത്താൽ

കർത്താവിന്റെ ബലിപീഠത്തിലേക്ക് ജിതിനച്ചൻ നടന്നടുക്കുമ്പോൾ, നമ്മുടെ കർത്താ വിന്റെ നിത്യ പൗരോഹിത്യത്തിൽ ആയുഷ്ക്കാലം മുഴുവൻ ബലിയായി മാറുമ്പോൾ, മുകളിൽ ഉദ്ധരിച്ച വരികൾ അച്ചന്റെ കാതിൽ മന്ത്രമായിമാറട്ടെ. അച്ചനിലൂടെ സഭയും സമൂഹവും, ചുറ്റും ഉള്ളവരും ഒരു അനുഗ്രഹമായിമാറട്ടെ എന്ന് പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു.

# ദൈവത്തിന്റെ സ്വന്തമാകുവാൻ...

**ഫാ. ജിതിൻ ജോർജ്ജ് ഒ.ഐ.സി**

“നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണ് ചെയ്തത്. നിങ്ങൾ പോയി ഫലം പുറപ്പെടുവിക്കുന്നതിനും നിങ്ങളുടെ ഫലം നിലനിൽക്കുന്നതിനും വേണ്ടി ഞാൻ നിങ്ങളെ നിയോഗിച്ചിരിക്കുന്നു” (യോഹ15:16). ശുശ്രൂഷ പൗരോഹിത്യത്തിലേക്ക് പ്രവേശിക്കുന്ന ഈ വേളയിൽ എന്റെ ഹൃദയത്തിലേക്ക് വരുന്ന വചന ഭാഗമാണിത്. എന്റെ ഈ എളിയ ജീവിതം അനേകം മുത്തുകളുള്ള ഒരു മാലയ്ക്ക് സദൃശ്യമാണ്. ഞാൻ ആ മാലയിലെ ഒന്നുമല്ലാത്ത ചരട് മാത്രം. ദൈവത്തിന്റെയും അനേകരുടെയും അനുഗ്രഹവും ഔദാര്യവും പ്രാർത്ഥനയും സഹായവും കാരുണ്യവുമായ മുത്തുകളാൽ ആ ചരടിന്മേൽ കെട്ടപ്പെട്ട മാല പൊട്ടിപ്പോകാതിരിക്കാൻ ഞാൻ നിങ്ങളോരോരുത്തരോടും നിരന്തരമായി പ്രാർത്ഥന അഭ്യർത്ഥിക്കുന്നു. കർത്താവിന്റെ സന്നിധിയിൽ ഒരു വേലക്കാരനാകുവാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്യുമ്പോൾ എന്റെ ഹൃദയം വാക്കുകൾ കൊണ്ട് കോറിയിടുവാൻ കഴിയാത്ത വിധം നന്ദിയാൽ നിറയുന്നു. ഒന്നുമില്ലായ്മയിൽ നിന്നും സൃഷ്ടിച്ച്, എന്നെ നയിക്കുന്ന പൊന്നുതമ്പുരാനേ, നിന്നെ ജീവിതാവസാനം വരെ നന്ദിയുള്ള ഹൃദയത്തോടെ ശുശ്രൂഷിക്കുവാൻ എന്നെ കഴിവുള്ളവനാക്കണമേ.

എനിക്കു ജന്മം നൽകുകയും സ്നേഹവും കരുതലും ഏറെ നൽകി നന്മയുടെ പാഠങ്ങൾ പറഞ്ഞു തന്നു വഴി നടത്തിയ പ്രിയപ്പെട്ട മാതാപിതാക്കൾക്കും, എന്നെ സ്നേഹിച്ച് എന്റെ കൂടെയായിരുന്ന എന്റെ സഹോദരനും, എനിക്ക് വേണ്ടി പ്രാർത്ഥിക്കുന്ന എല്ലാ ബന്ധുമിത്രാദികൾക്കും നന്ദി... സന്ന്യാസ ജീവിതത്തിലേക്ക് എന്നെ സ്വീകരിച്ചു വൈദിക പരിശീലനത്തിൽ എന്നെ വളർത്തിയ ബഥനി സമൂഹത്തിലെ എല്ലാ ബഹുമാനപ്പെട്ട അധികാരികൾക്കും വൈദികർക്കും നന്ദി. സന്ന്യാസ ജീവിത പാതയിൽ വിളക്ക് കത്തിച്ച് എനിക്ക് വഴികാട്ടികളായും സന്ന്യാസ പൗരോഹിത്യ ജീവിതത്തിന്റെ അന്തസത്ത മന്ത്രിച്ച് നൽകിയ ഗുരുഭൂതർക്കും തെറ്റുകൾ തിരുത്തി സ്നേഹത്തിലൂടെയും പ്രോത്സാഹനത്തിലൂടെയും കൈപിടിച്ചു നടത്തിയ എല്ലാ ബഹുമാനപ്പെട്ട ഗുരു അച്ചന്മാർക്കും നന്ദി. എന്റെ പരിശീലന കാലഘട്ടത്തിനുള്ളിൽ എന്നെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്ത എന്റെ എല്ലാ കൂടപ്പിറപ്പുകൾക്കും ആത്മീയ പിതാക്കന്മാർക്കും നന്ദി.

എന്റെ ദൈവവിളി പ്രോത്സാഹിപ്പിക്കുകയും, ശക്തിപ്പെടുത്തുകയും ചെയ്ത വികാരിയച്ചന്മാർക്കും ഇടവകയിൽ നിന്നും ഉള്ള എല്ലാ വൈദികർക്കും സിസ്റ്റേഴ്സിനും, ഇടവകയിൽ ശുശ്രൂഷ ചെയ്യുന്ന എല്ലാ സിസ്റ്റേഴ്സിനും നന്ദി. വിവിധ സമയങ്ങളിൽ ആദ്ധ്യാത്മികമായും ഭൗതികമായും രൂപീകരിക്കുകയും വേണ്ട പ്രോത്സാഹനം നൽകുകയും ചെയ്ത വിശ്വാസപരിശീലകരെ ഞാൻ നന്ദിയോടെ ഓർക്കുന്നു. എന്നെ ദൈവവിളിക്കു യോഗ്യനാക്കുവാൻ തക്കവിധത്തിൽ അടിത്തറ പാകി രൂപപ്പെടുത്തിയ എന്റെ ഇടവക സമൂഹം, പ്രാർത്ഥന കൊണ്ടും സ്നേഹം കൊണ്ടും എനിക്ക് എന്നും പിന്തുണ നൽകിയ എന്റെ നാട്ടുകാർ, സുഹൃത്തുക്കൾ, ഉപകാരികൾ ഓരോരുത്തരേയും നന്ദിയോടെ ഓർക്കുന്നു.

നിത്യപുരോഹിതനായ ഈശോയുടെ പൗരോഹിത്യത്തിൽ പങ്കുചേർന്ന് ബഥനി സന്ന്യാസസമൂഹത്തിലൂടെ സഭയെ വളർത്തുവാൻ ദൈവമേ എന്നെ യോഗ്യനാക്കണമേ. എന്റെ സമർപ്പണം പൂർണ്ണതയിൽ എത്തുന്നതിനു എല്ലാവരുടെയും പ്രാർത്ഥന വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

എല്ലാവർക്കും നിറമനസ്സോടെ നന്ദി...

# ദൈവപരിപാലനയുടെ വഴികൾ

**ബെനറ്റ് ബെഞ്ചമിൻ & ഹെലൻ പ്രേമി**
(ജിജോ ബെഞ്ചമിൻ അച്ചന്റെ മാതാപിതാക്കൾ)

തിരുവനന്തപുരം ജില്ലയിൽ വട്ടിയൂർക്കാവിന് സമീപം 1933-ൽ ഭാഗ്യസ്മരണാർഹൻ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനാൽ സ്ഥാപിതമായ അഞ്ചാമട സെന്റ് ജോൺസ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയിൽ കൊടുങ്ങാനൂർ പ്രദേശത്തു പള്ളിത്തറവീട്ടിൽ ബെനറ്റ് ബെഞ്ചമിന്റെയും, ഹെലൻ പ്രേമിയുടെയും മൂത്തമകനായി 24-08-1991-ൽ ജനിച്ചു. ഇളയ മകനായ ബിനോയ് ബെഞ്ചമിൻ ആതുരസേവനരംഗത്ത് പ്രവർത്തിച്ചുവരുന്നു. അഞ്ചാമട സെന്റ് ജോൺസ് യു.പി.എസ്.ൽ പ്രാഥമിക പഠനവും, പട്ടം സെന്റ് മേരീസിൽ ഹൈസ്കൂൾ പഠനവും തുടർന്ന്, ഡിഗ്രിക്ക് പഠിച്ചുകൊണ്ടിരിക്കുമ്പോഴാണ് നാലാഞ്ചിറ ബഥനി ആശ്രമത്തിൽ വൈദീക പഠനത്തിന് ചേരുന്നത്.

ജിജോ അച്ചന്റെ ദൈവവിളിയിൽ ഇടവകസമൂഹം വഹിച്ച പങ്ക് വളരെ വലുതാണ്. അൾത്താര ബാലനായി തുടങ്ങി കാറ്റിക്കിസം ക്ലാസിലും ഇടവക സമൂഹത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും പ്രവർത്തന നിരതമാകുവാൻ ബ്രദറിനെ സഹായിച്ചത് ഇടവക കൂട്ടായ്മയുടെ സജീവസാന്നിധ്യവും പ്രോത്സാഹനവുമാണ്. ഓരോ തവണയും അവധിക്കാലങ്ങളിൽ ഭവനത്തിലേക്ക് കടന്നുവരുമ്പോൾ കുടുംബാംഗങ്ങളോടും സമൂഹത്തോടുമുള്ള ഇടപെടൽ അവരോടുള്ള സ്നേഹം, അവരുടെ ക്ഷേമ പ്രവർത്തനങ്ങളിലുള്ള ഇടപെടലുകൾ ഇവയൊക്കെ അവരുടെ ഹൃദയത്തിൽ ഇടം നേടി എന്ന വസ്തുതത ഞങ്ങൾ തിരിച്ചറിയുന്നു. അതോടൊപ്പം ബ്രദറിന്റെ പരിശീലനകാലഘട്ടത്തിൽ ബ്രദറിന് പരിശീലനം കൊടുത്തു വളർത്തിയ ബഥനി ആശ്രമത്തിലെ എല്ലാവരോടും നന്ദിയും കടപ്പാടും അറിയിക്കുന്ന. താൻ മുൻകൂട്ടി നിശ്ചയിച്ചവരെ അവിടുന്ന് വിളിച്ചു. വിളിച്ചവരെ നീതീകരിച്ചു. നീതീകരിച്ചവരെ മഹത്വപ്പെടുത്തി റോമാ 8:30, ഈ തിരുവചനപ്രകാരം ദൈവീക ശുശ്രൂഷ ചെയ്യുവാൻ ബ്രദറിനെ തെരഞ്ഞെടുത്തതിൽ ഞങ്ങൾ ഈശോയ്ക്ക് നന്ദി പറയുന്നു.

ഏറ്റവും വലിയ സന്തോഷം ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനാൽ സ്ഥാപിതമായ സന്ന്യാസ സമൂഹത്തിൽ പരിശീലനം ലഭിക്കുവാൻ ഇടയായി എന്നതാണ്, ബ്രദറിന്റെ ജീവിതത്തിലുടനീളം ദൈവത്തിന്റെ പ്രത്യേകമായ ഇടപെടലും പരിപാലനയും കാണുവാൻ സാധിക്കും. ഈ അവസരത്തിൽ കൈപിടിച്ച് നടത്തിയ എല്ലാ വൈദികരെയും സിസ്റ്റേഴ്സിനെയും നന്ദിയോടെ ഓർക്കുന്നു. പ്രത്യേകമായി റവ.ഫാ.തോമസ് മരുതൂർ, റവ.ഫാ.റോയി വലിയിറക്കത്ത്, റവ.ഫാ.ജോൺസൺ കൊച്ചുതുണ്ടിൽ, റവ.ഫാ.കോശി പുന്നമൂട്ടിൽ, റവ.ഫാ.ശാന്തൻ ചരുവിൽ, ഇടവക വികാരി റവ.ഫാ.ജോൺ കിഴക്കേക്കര, സി.ഇൻഫന്റ് മേരി, സി.മരിയ റോസ് ഇപ്പോൾ ഇടവകയിൽ സേവനം ചെയ്യുന്ന സി.ആൻ എന്നിവരെയും പ്രാർത്ഥനയോടെ ഓർക്കുന്നു. അതോടൊപ്പം ഇടവക കൂട്ടായ്മയിലെ ഓരോരുത്തരോടും നന്ദി പറയുന്നു. നവവൈദികരെ ഈശോയുടെ കരങ്ങളിൽ സമർപ്പിക്കുന്നു. ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

# ഈ നവവൈദികൻ ബഹു.ജിജോ ബെഞ്ചമിൻ അഞ്ചാമട ഇടവകയുടെ അഭിമാനം

ഡോ.എം.വി.തോമസ്

മലങ്കര കത്തോലിക്കാ റീത്തിനൊപ്പം പഴക്കമുള്ള ഒരിടവകയാണ് തിരുവനന്തപുരത്ത് വട്ടിയൂർക്കാവിനു സമീപമുള്ള അഞ്ചാമട സെന്റ് ജോൺസ് ദേവാലയം. തിരുവനന്തപുരം ആസ്ഥാനമായി തിരുവനന്തപുരം അതിരൂപതയുടെ ഉത്ഘാടനകർമ്മം നടന്ന 1933-ൽ തന്നെ നഗരപ്രാന്തമായ വട്ടിയൂർക്കാവിനു സമീപം അഞ്ചാമട, കാഞ്ഞിരംപാറ, മൂന്നാംമൂട്, കാവടിത്തല എന്നീ മിഷൻ ഇടവകകൾ സ്ഥാപിതമായി. ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയുടെ ഭരണകാലത്ത് (1930-'53) തിരുവനന്തപുരം അതിരൂപതയിൽ അദ്ദേഹത്തിന്റെ സ്വന്തം കരങ്ങൾകൊണ്ട് സ്ഥാപിതമായ ദേവാലയങ്ങളിൽ പൊളിച്ചു മാറ്റാതെ അറ്റകുറ്റപ്പണികൾ മാത്രം ചെയ്ത് നിലനിർത്തിയിരിക്കുന്ന ഏകദേവാലയം എന്ന സവിശേഷതയയും അഞ്ചാമടയിലെ ഇടവകപ്പള്ളിക്കുണ്ട്. ഇപ്പോൾ ഇടവകയിലെ വികാരിപട്ടം സെന്റ് മേരീസ് ഹയർസെക്കൻഡറി സ്കൂളിന്റെ പ്രിൻസിപ്പൽ കൂടിയായ ബഹു.ജോൺ കിഴക്കേക്കര അച്ചനാണ്. ഇപ്പോൾ വൈദികസ്ഥാനത്തേക്ക് ഉയർത്തപ്പെട്ട ബഹു.ജിജോ ബെഞ്ചമിൻ അച്ചൻ ഈ ഇടവകയുടെ മാത്രമല്ല, സമീപസ്ഥമായ മറ്റ് ഇടവകകളുടെയും അഭിമാന ഭാജനമാണ്. ഈ പ്രദേശത്തുനിന്ന് വൈദികനാവുന്ന-വിശേഷിച്ചും ബഥനി സന്യസ്തൻ എന്ന നിലയിൽ-ആദ്യവ്യക്തിയാണ് ബഹു.ജിജോ ബെഞ്ചമിൻ അച്ചൻ എന്ന അഭിമാനവും ഞങ്ങൾക്കുണ്ട്.

ബഹു.അച്ചനും അദ്ദേഹത്തിന്റെ മാതാപിതാക്കളായ ബനറ്റ് ബഞ്ചമിൻ, ഹെലൻ പ്രേമി ഇളയസഹോദരനായ ഡോ.ബിനോയ് ബെഞ്ചമിൻ എന്നിവരും ഉൾപ്പെടുന്ന കുടുംബം ഈ ഇടവകയെ സംബന്ധിച്ചിടത്തോളം ഒരു മാതൃകാ കുടുംബമാണ്. ആ കുടുംബത്തിൽ നിറഞ്ഞു നിന്ന ആധ്യാത്മിക ചൈതന്യത്തിന്റെ മഹോന്നതമായ ഒരു സദ്ഫലമായി ബഹു.ജിജോ ബെഞ്ചമിന് ലഭിച്ച ദൈവവിളിയെ കണക്കാക്കാവുന്നതാണ്. അദ്ദേഹത്തിന്റെ വല്യച്ഛനായ പി.ജെ.ബെഞ്ചമിൻ പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് വകുപ്പിലെ (ഇപ്പോഴത്തെ വാട്ടർ അതോറിട്ടി) ജീവനക്കാരനായിരുന്നു. വല്യമ്മയായ ഡി.റെബേക്ക മെഡിക്കൽ കോളേജിലെ നേഴ്സായി പ്രവർത്തിച്ചു. പി.ജെ.ബെഞ്ചമിന്റെ പിതാവായ ജോസഫ് രക്ഷാസൈന്യത്തിലെ (Salvation Army) ഒരു സുവിശേഷപ്രഘോഷകനായിരിക്കെയാണ് കുടുംബസമേതം മലങ്കര കത്തോലിക്കാസഭയിൽ ചേർന്നത്. ജിജോ അച്ചന്റെ പിതാവായ ബെനറ്റ് ബെഞ്ചമിൻ അഞ്ചാമട ഇടവകയിലെ സെക്രട്ടറിയായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. വിൻസെന്റ് ഡി.പോൾ സംഘടനയുടെ ഇടവക തലത്തിലുള്ള പ്രസിഡന്റായിരുന്നു. അദ്ദേഹം മലങ്കര സുവിശേഷസംഘത്തിന്റെ സജീവപ്രവർത്തകനാണ്. അല്മായ ശുശ്രൂഷകനെന്ന നിലയിൽ അദ്ദേഹത്തിന് അത്യുന്നത കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവായിൽ നിന്ന് കൈവയ്പ് ലഭിച്ചിട്ടുണ്ട്. മക്കളായ ജിജോയെയും ബിനോയിയെയും ആത്മീയ ചൈതന്യത്തോടെ വളർത്തിക്കൊണ്ടുവരുന്നതിൽ പിതാവായ ബെനറ്റ് ബെഞ്ചമിനൊപ്പം മാതാവായ ഹെലനും നല്ല ശ്രദ്ധ ചെലുത്തിയിരുന്നു. ഇവരിൽ ഇളയവനെ ദൈവവേലയ്ക്ക്

അയയ്ക്കണമെന്ന് ആ മാതാപിതാക്കൾ ആഗ്രഹിച്ചിരിക്കെയാണ് മൂത്തവനായ ജിജോ ബെഞ്ചമിന് ദൈവവിളി ലഭിച്ചതെന്ന് ബെനഡിക്ട് ബെഞ്ചമിൻ എന്നോടു പറഞ്ഞു. അതിൽ അവൻ വളരെ സന്തുഷ്ടരാണ്. ഇളയവനായ ഡോ.ബിനോയ് ബെഞ്ചമിൻ തിരുവനന്തപുരം ലാറ്റിൻ അതിരൂപതയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ജൂബിലി മിഷൻ ആശുപത്രിയിലും മലങ്കര കത്തോലിക്കാ സഭ നടത്തുന്ന പിരപ്പൻകോട് മെഡിക്കൽ സെന്ററിലും ആതുര ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നു.

ജിജോ അച്ചന്റെ പിതാവായ ബെനറ്റ് ബെഞ്ചമിൻ തിരുവനന്തപുരം മൃഗശാലാവകുപ്പിൽ ജീവനക്കാരനായിരുന്നു. പി.ജെ.ബെഞ്ചമിന്റെയും റെബേക്കായുടെയും ആറുമക്കളിൽ അഞ്ചാമനും ആൺമക്കളിൽ മൂത്തവനും ആയിരുന്നു അദ്ദേഹം. ശോശാമ്മ അഥവാ പുഷ്പ (കുണ്ടറ), പി.ആർ.ലീല (കുണ്ടറ), മംഗള (ബി.എസ്.എൻ.എൽ.റിട്ട.സീനിയർ സൂപ്രണ്ട്, എറണാകുളം), മണിയമ്മ (കൊടുങ്ങാനൂർ) എന്നിവരാണ് മൂത്ത സഹോദരിമാർ. ബെനറ്റ് ബാബു (കൊടുങ്ങാനൂർ) ആണ് ഇളയ സഹോദരൻ.

ജിജോ ബെഞ്ചമിൻ വീട്ടിലും പള്ളിയിലും ആത്മീയ കാര്യങ്ങളിൽ സജീവപങ്കാളിയായിരുന്നു. പ്രൈമറി സ്കൂളിൽ പഠിക്കുന്ന കാലത്ത് ചിരട്ട കെട്ടിത്തൂക്കി ധൂപക്കുറ്റിപോലെ വീശി നടക്കുമായിരുന്നുവെന്നും ധ്യാനം കൂടുന്നതിൽ അതീവ തത്പരനായിരുന്നുവെന്നും പിതാവ് ബനറ്റ് ബെഞ്ചമിൻ പറഞ്ഞു. അഞ്ചാമടയിൽ വികാരിയായിരുന്ന ബഹു.തോമസ് മരുതൂർ അച്ചനാണ് ദൈവവിളിയിലേക്ക് നയിച്ച പ്രധാന വ്യക്തി. ഇടവകയിൽ സേവനം അനുഷ്ഠിച്ചിരുന്ന ബഹു.റോസ് മേരി എസ്.എച്ച്.സിസ്റ്ററിന്റെ സേവനവും അവിസ്മരണീയമാണ്. സൺഡേസ്കൂൾ ക്ലാസുകൾ, ക്വയർ സംഘം, യൂത്ത് മൂവ്മെന്റ് എന്നിവയിലെല്ലാം ജിജോ ഉത്സാഹപൂർവ്വം പങ്കെടുത്തിരുന്നു. നാലുവർഷത്തോളം അൾത്താര ബാലനായി പ്രവർത്തിച്ചു. കോളേജിൽ ബി.കോം രണ്ടാം വർഷ വിദ്യാർത്ഥിയായിരുന്ന കാലത്താണ് ജിജോ ബഥനിയിൽ ചേർന്നത്. അക്കാലത്ത് ആവശ്യമായ പ്രചോദനം നല്കിയിരുന്നത് ഇടവകവികാരി ആയിരുന്ന ബഹു.കോശി പുന്നമൂട്ടിലച്ചനാണ്. ബഹുമാന ശെമ്മാശൻ ഇടവകയിലുള്ള ഓരോരുത്തരുടെയും നല്ല സ്നേഹവും സൗഹൃദവും പുലർത്തുന്നു. വൈദികനെന്ന നിലയിൽ കർത്താവിന്റെ നല്ലൊരു കൊയ്ത്തുകാരനായി തീരുവാൻ ഈ നവവൈദികന് കഴിയട്ടെയെന്ന് ആശംസിക്കുന്നു.

(ലേഖകൻ അഞ്ചാമട സെന്റ് ജോൺസ് ഇടവകയിലെ അംഗവും ഗ്രന്ഥകാരനും സംസ്ഥാന പബ്ലിക് റിലേഷൻസ് വകുപ്പിലെ മുൻഡെപ്യൂട്ടി ഡയറക്ടറുമാണ്)

# സ്നേഹശുശ്രൂഷകനായ ജിജോ അച്ചൻ

**ബ്രദർ. ബിബിൻ ഡേവിഡ് ഒ.ഐ.സി**

"പിന്നെ അവൻ മലമുകളിലേക്ക് കയറി തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേക്ക് വിളിച്ചു. അവർ അവന്റെ സമീപത്തേക്കു ചെന്നു" (മർക്കോ. 3:13). തനിക്കിഷ്ടമുള്ളവരെ അടുക്കലേക്ക് വിളിച്ചുചേർക്കുന്ന ഗുരുനാഥൻ. വിളിക്ക് പ്രത്യുത്തരം നൽകുന്നവർ അവന്റെ സമീപത്തേക്ക് ചേർന്നു നിൽക്കുന്നു. ബഥനി സമൂഹത്തിനു വേണ്ടിയുള്ള പ്രാർത്ഥനയിൽ നാം ഇപ്രകാരം ചൊല്ലാറുണ്ട്, ആയിരമായിരങ്ങളിൽ നിന്ന് ഞങ്ങളെ പ്രത്യേകം വിളിക്കുകയും തിരഞ്ഞെടുക്കുകയും ചെയ്ത അങ്ങേയ്ക്ക് സ്തുതി. സ്വർഗരാജ്യത്തിന്റെ ശുശ്രൂഷകനായി ലോകത്തെ വിശുദ്ധികൊണ്ട് നന്മയിലേക്ക് നയിക്കാൻ പ്രത്യേകം വേർതിരിക്കപ്പെട്ടവരാണ് പുരോഹിതർ. ലോകത്തിലായിരുന്നുകൊണ്ട് ലോകത്തിന്റേതല്ലാതെ ക്രിസ്തുവിനുവേണ്ടി ജീവിതം സമർപ്പിക്കുന്ന പുണ്യജീവിതമാണ് ഒരു സന്ന്യാസ പുരോഹിതന്റേത്. ബഥനി കുടുംബം ഇന്ന് അത്യധികം ആനന്ദത്തിലാണ്. വിളവധികമുള്ള സ്വർഗരാജ്യവയലിലേയ്ക്ക് വേലയ്ക്കായി അഞ്ച് സന്ന്യാസവൈദികരെ സമർപ്പിക്കുന്ന ധന്യനിമിഷത്തിന്റെ നിർവൃതിയിലാണ് ബഥനി.

ശിഷ്യന്മാരിൽ യേശു സ്നേഹിച്ചിരുന്നവൻ അവന്റെ വക്ഷസ്സിലേക്ക് ചാരിക്കിടന്നു (യോഹ. 13:23). സ്നേഹത്തിന്റെ ഭാഷ്യം എപ്പോഴും മൃദുലവും നിശബ്ദവുമായിരിക്കും. ക്രിസ്തുവിൽ ഒരു സ്നേഹശുശ്രൂഷകനാണ് ബഹു. ജിജോ ബഞ്ചമിൻ അച്ചൻ. ക്രിസ്തുവിലേക്ക് ചേർന്ന് നിന്നുകൊണ്ട് ശുശ്രൂഷയുടെ പുണ്യജീവിതമായി സ്വർഗരാജ്യവേലയ്ക്കായി അയയ്ക്കപ്പെടുകയാണ്.

സന്ന്യാസ പൗരോഹിത്യ പദവിയിലേക്ക് ബഹു. ഡീക്കൻ ജിജോ ബഞ്ചമിൻ ഉയർത്തപ്പെടുന്ന ധന്യ നിമിഷത്തിന്റെ ആനന്ദത്തിലാണ് ബഥനി. ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കുകാരനാകുവാൻ പോകുന്ന ബഹു. ജിജോബഞ്ചമിൻ അച്ചന് പ്രാർത്ഥനാശംസകൾ.

തിരുവനന്തപുരം ജില്ലയിൽ അഞ്ചാംമട ഇടവകയിൽ ശ്രീ. ബെനറ്റ് ബെഞ്ചമിന്റെയും ശ്രീ ഹെലൻ പ്രേമിയുടെയും രണ്ട് ആൺമക്കളിൽ മൂത്തമകനായി 1991 ആഗസ്റ്റ് മാസം 24-ാം തീയതിയായിരുന്നു ജിജോ ബഞ്ചമിന്റെ ജനനം. തന്റെ ഹൈസ്ക്കൂൾ പഠനം സെന്റ് മേരീസ് പട്ടം ഹൈസ്ക്കൂളിൽ പൂർത്തിയാക്കിയതിനു ശേഷം ബിരുദ പഠനത്തിനായി തിരുവനന്തപുരം ആർട്ട്സ് കോളേജിൽ ചേർന്നു. എന്നാൽ തന്റെ ഉള്ളിൽ ജ്വലിച്ചിരുന്ന ദൈവവിളിയെ അദ്ദേഹം തിരിച്ചറിയുകയും 2012-ൽ നാലാഞ്ചിറ ബഥനി ആശ്രമത്തിൽ ചേരുകയും, ബഥനി നഗർ, ആശ്രമത്തിൽ ആദ്യ പരിശീലന വർഷം പൂർത്തിയാക്കുകയും തപോവനം ആലുവയിൽ 2013-ൽ നോവിഷ്യേറ്റ് നടത്തുകയും 2015-ൽ ആദ്യ വ്രതവാഗ്ദാനം നടത്തുകയും ചെയ്തു. തുടർന്നു ജ്ഞാന ദീപ, പൂനയിൽ തത്വശാസ്ത്രപഠനം പൂർത്തിയാക്കി തന്റെ ഒരു വർഷത്തെ പ്രായോഗിക പരിശീലനാർഥം തിരുവനന്തപുരം നവജീവൻ പ്രൊവിൻഷ്യലേറ്റിലും തുടർന്ന് കോട്ടയം

ജനറലേറ്റിലും അയക്കപ്പെട്ടു. തുടർന്ന് ദൈവശാസ്ത്രപഠനം ബഥനി വേദവിജ്ഞാനപീഠം, ജ്ഞാനദീപ പൂന എന്നിവിടങ്ങളിൽ പൂർത്തിയാക്കി.

ചിരിക്കുന്ന മുഖത്തിനുടമയാണ് ജിജോ അച്ചൻ. ജീവിതത്തിലെ തന്റെ ദൈവനുഭവത്തെയും പ്രവർത്തനങ്ങളെയും പുഞ്ചിരിയോടെ സ്വായത്ത്വമാക്കുന്ന വ്യക്തിത്വമാണ് അച്ചനിൽ ദർശിക്കാൻ കഴിയുന്നത്. തന്റെ സ്വതസിദ്ധമായ സംസാരശൈലിയിലൂടെ കൂടെയുള്ളവരെ നർമ്മത്തിന്റെ ഭാവങ്ങളിലേക്ക് കൊണ്ടുവരുവാൻ അച്ചന് സാധിച്ചിരുന്നു. അച്ചനിൽ കൂടുതലായി വിളങ്ങിയിരുന്നത് പ്രോത്സാഹന മനോഭാവമാണ്. എന്ത് നന്മ കണ്ടാലും കൈതന്നുകൊണ്ട് 'congrats' എന്ന് പുഞ്ചിരിയോടെ അച്ചൻ നമ്മെ പ്രോത്സാഹിപ്പിക്കുന്നു. അത് നല്ലൊരു പ്രസംഗത്തിനും, നല്ല പാട്ടിനും മാത്രമല്ല, കളിക്കളങ്ങളിലും ജോലിസ്ഥലങ്ങളിലും നല്ല ഭക്ഷണം പാകംചെയ്യുന്നതിൽവരെ ആ പ്രോത്സാഹനം ഉണ്ടായിരിക്കും. തന്റെ പ്രോത്സാഹനത്തിലൂടെ എല്ലാവർക്കും തങ്ങളുടെ കഴിവുകളിൽ ആത്മവിശ്വാസം വരുന്നതിനും അതിൽ കൂടുതൽ വളരുവാനും സാധിക്കും എന്നതാണ് അച്ചന്റെ ലക്ഷ്യം. ഒരു തികഞ്ഞ കഠിനാദ്ധ്വാനിയാണ് ബഹു. ജിജോ അച്ചൻ. കായികപരമായ ജോലികളിലായാലും പഠനമേഖലകളിലായാലും തന്റെ കഴിവിന്റെ പരമാവധി പ്രയോജനപ്പെടുത്താൻ അദ്ദേഹം പരിശ്രമിക്കാറുണ്ട്. ജോലിസമയങ്ങളിൽ കായികപരവും ശ്രമകരവുമായ എന്ത് ജോലിയും ചെയ്യാൻ മുൻകൈയെടുക്കുന്നത് അച്ചനായിരിക്കും. എല്ലാവരെയും ഒരുപോലെ സഹായിക്കുക എന്ന മനോഭാവത്തോടെയാണ് അച്ചൻ ഓരോ ജോലിയും ഏറ്റെടുക്കുക.

ആളുകളുമായി വളരെ പെട്ടെന്ന് തന്നെ സൗഹൃദത്തിലേർപ്പെടുന്ന മനോഭാവമുള്ള വ്യക്തിയാണ് ജിജോ അച്ചൻ. ബി.ബി.സ് ക്യാപുകളിൽ ഒന്നാം ദിവസംതന്നെ എല്ലാവരെയും പേരുചൊല്ലിവിളിക്കുന്ന ജിജോ അച്ചനെ കുട്ടികൾ ഒരിക്കലും മറക്കാറില്ല. യുവജനങ്ങളെയും മാതാപിതാക്കളെയും ഒന്നുപോലെ തന്റെ സൗഹൃദവലയത്തിലേക്ക് ആകർഷിക്കുന്ന ജിജോഅച്ചൻ ജനങ്ങൾക്കിടയിൽ സുവിശേഷം പ്രസംഗിക്കുന്ന ക്രിസ്തുവിനെ ഓർമ്മിപ്പിക്കുന്നു.

തന്റെ ജീവിതത്തിൽ അച്ചൻ ഏറെ ചേർത്തു പിടിച്ചിരുന്ന ഒന്നാണ് പ്രാർത്ഥനാജീവിതം. എല്ലാ ദിവസവും എല്ലാവരെയുംകാൾ മുന്നേ ദേവാലയത്തിൽ വരുകയും ക്രിസ്തുനാഥനോടൊപ്പം ഏറെസമയം ചിലവഴിക്കുകയും ചെയ്തിരുന്നു. മറ്റുള്ളവരുടെ നിയോഗങ്ങളും ആവശ്യങ്ങളും തന്റെ പ്രാർത്ഥനയിലൂടെ ദൈവസന്നിധിയിൽ സമർപ്പിക്കുവാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പൗരോഹിത്യ പദവിയിലേക്ക് ഉയർത്തപ്പെടുന്ന ജിജോ അച്ചനിലൂടെ അനേകം കാര്യങ്ങൾ പഠിക്കുവാൻ സാധിച്ചിട്ടുണ്ട്. ബലിപീഠത്തിൽ കൈകളുയർത്തി ഞങ്ങൾക്കുവേണ്ടിയും ലോകത്തിനുവേണ്ടിയും പ്രാർത്ഥിക്കുവാൻ സർവ്വേശ്വരൻ അച്ചനെ പ്രാപ്തനാക്കട്ടെ. സഭയ്ക്കും ബഥനി സന്ന്യാസസമൂഹത്തിനും വിശ്വസ്തനും വിവേകിയുമായ കാര്യവിചാരകനായി അങ്ങ് മാറട്ടെ  പ്രാർത്ഥനാശംസകൾ നേർന്നുകൊള്ളുന്നു.

# നാഥാ ഞങ്ങളോടൊത്തു വസിച്ചാലും ലൂക്കാ 24:29

**ഫാ. ജിജോ ബെഞ്ചമിൻ ഒ.ഐ.സി**

അഭിമാനിക്കാനും അവകാശപ്പെടാനും യോഗ്യതകൾ ഒന്നുമില്ലാതിരുന്നിട്ടും എന്റെ സന്ന്യാസപരിശീലന കാലഘട്ടത്തിൽ ദൈവം നടത്തി പരിപാലിച്ച വഴികളെ നന്ദിയോടെ ഓർക്കുന്നു. ഈ സന്ന്യാസപരിശീലനകാലഘട്ടത്തിൽ ജീവിതത്തെ നട്ടതും നനച്ചതും വളർത്തിയതും ദൈവത്തിന്റെ കൃപയിലാണ് എന്ന് എനിക്ക് ഉറച്ച ബോധ്യമുണ്ട്.

വി.വേദപുസ്തകത്തിൽ എമ്മാവൂസിലേക്ക് പോകുന്ന ശിഷ്യരെ നമുക്ക് കാണാൻ സാധിക്കും. ലൂക്കാ 24:13, എന്റെ ജീവിതത്തെ ഈ വചനഭാഗത്തോട് ചേർത്തുവച്ചു വായിക്കാനാണ് എനിക്കിഷ്ടം. ഉന്നതത്തിൽ നിന്ന് ശക്തി ധരിക്കുന്നതുവരെ നഗരത്തിൽ വസിക്കുവാനാണ് യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞത്. നഗരം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ജറുസലേം ആണ്. എന്താണ് ജറുസലേമിന്റെ പ്രത്യേകത. ജറുസലേം എന്നത് ദൈവസാന്നിധ്യത്തിന്റെ ഇടമാണ്. ഒരു ശിഷ്യനെന്ന നിലയിൽ എന്റെ ജറുസലേം എന്നു പറയുന്നത് ബഥനി ആശ്രമത്തിലെ എന്റെ സന്ന്യാസ പൗരോഹിത്യവിളിയാണ്. ആ ജറുസലേമിലായിരിക്കാനാണ് ഞാൻ വിളിക്കപ്പെടുന്നത്. ശിഷ്യൻ ആയിരിക്കണമെന്ന് ഗുരു ആഗ്രഹിക്കുന്ന കൂട്ടായ്മയുടെ ഇടം കൂടിയാണ് ജെറുസലേം.

പക്ഷേ ജറുസലേമിൽ നിന്ന് എമ്മാവൂസിലേക്ക് പോകുന്ന ശിഷ്യന്മാരെ സുവിശേഷത്തിൽ നമുക്ക് കാണാൻ സാധിക്കും. എമ്മാവൂസ് പ്രതിനിധാനം ചെയ്യുന്നത് ദൈവസാന്നിദ്ധ്യമില്ലായ്മയുടെ ഇടമാണ്, ജീവിതത്തിൽ ചിലപ്പോഴെങ്കിലും ഈ എമ്മാവൂസ് അനുഭവം, ലക്ഷ്യം തെറ്റിയുള്ള യാത്രകൾ ഉണ്ടായിട്ടുണ്ടെങ്കിലും നിരാശയുടെയും നഷ്ടപ്പെടലിന്റെയും ഏകാന്തതയുടെയും നിമിഷങ്ങളിൽ എന്റെ സന്ന്യാസപൗരോഹിത്യ യാത്രയിൽ ഇന്നും എനിക്ക് പൂർണ്ണ ബോധ്യത്തോടെ പറയാൻ കഴിയും ദൈവത്തിന്റെ കൃപ ഒന്നുകൊണ്ട് മാത്രമാണ് വീണ്ടും ജറുസലേമിലേക്ക് യാത്ര ചെയ്യാൻ പ്രചോദനം നൽകുന്നത്. അതുകൊണ്ടുതന്നെ എന്റെ വ്യക്തിജീവിതത്തിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട പ്രാർത്ഥന ശിഷ്യൻ ഗുരുവിനോട് പറഞ്ഞ വാക്കുകളാണ്. "നാഥാ ഞങ്ങളോടൊത്തു വസിച്ചാലും" ദൈവം കൂടെയുണ്ട് എന്ന് പറയുന്നതിനേക്കാൾ നമുക്ക് ജീവിതത്തിൽ എന്താണ് വേണ്ടത്. ജറുസലേമിലേക്കുള്ള വാതായനങ്ങൾ തുറന്നു തന്ന് എന്നെ വഴി നടത്തിയ പപ്പയെയും അമ്മയെയും നിരന്തരം പ്രോത്സാഹനത്തിന്റെ കരുതലിന്റെ വിരുന്നൂട്ടുന്ന ബിനോയിയെയും ബഥനിയൻ ജീവിതത്തിലേക്ക് എന്നെ കൂട്ടിക്കൊണ്ടുവന്ന ബോണി കെ.അലക്സ് ഒ.ഐ.സി. അച്ചനെയും നന്ദിയോടുകൂടി ഓർക്കുന്നു.


ദൈവസ്നേഹത്തിന്റെ ആദ്യപാഠങ്ങൾ ചൊല്ലി പഠിപ്പിച്ച സിസ്റ്റർ റോസ്മേരിയും ദൈവവിളിക്ക് എനിക്ക് പ്രചോദനമായ തോമസ് മരുതൂർ അച്ചനെയും ഇടവക വികാരിയായിരുന്ന എല്ലാവരെയും എല്ലാ സിസ്റ്റേഴ്സിനെയും, ഇടവക സമൂഹാംഗങ്ങളെയും നന്ദിയോടുകൂടി ഓർക്കുന്നു.

ബഥനി സന്ന്യാസ സമൂഹത്തിലേക്ക് എന്നെ കൈപിടിച്ച് നടത്തിയ മാർഗ്ഗദർശികളായ എല്ലാ ആശ്രമ ശ്രേഷ്ഠരെയും നന്ദിയോടെ ഓർക്കുന്നു. പ്രത്യേകിച്ച് സ്നേഹവാത്സല്യത്തോടെ ജീവിതത്തിൽ ഏറെ ഇഷ്ടപ്പെട്ട്, വാങ്ങിപ്പോയ അംബ്രോസ് മൂത്തേരിൽ ഒ.ഐ.സി. അച്ചനേയും, അതോടൊപ്പം നിരന്തരം പ്രോത്സാഹിപ്പിച്ചും കരുതിയും വഴി നടത്തുകയും ചെയ്യുന്ന സമൂഹാദ്ധ്യക്ഷൻ പെരിയ ബഹുമാനപ്പെട്ട മത്തായി കടവിൽ ഒ.ഐ.സി. അച്ചനേയും ജനറൽ കൗൺസിൽ അംഗങ്ങളെയും ഏറെ വാത്സല്യത്തോടെ ഈ ജീവിതയാത്രയിൽ എനിക്ക് പ്രചോദനവും ശക്തിയും നൽകും. നവജീവൻ പ്രോവിൻസിനെ നയിച്ചുകൊണ്ടിരിക്കുന്ന പെരിയ ബഹു.മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി അച്ചനേയും കൗൺസിൽ അംഗങ്ങളെയും നന്ദിപൂർവ്വം ഓർക്കുന്നു. അതോടൊപ്പം ഈ ജീവിതയാത്രയിൽ എന്നെ ഒരുക്കിയ എല്ലാ ശ്രേഷ്ഠരെയും ഗുരുക്കന്മാരെയും സ്നേഹവാത്സല്യങ്ങൾകൊണ്ട് എനിക്കൊപ്പമായിരുന്ന പൂനാ പഠനഗൃഹത്തിലെ ബ്രദേഴ്സിനെയും നന്ദിപൂർവ്വം ഓർക്കുന്നു.

എനിക്കുവേണ്ടി പ്രാർത്ഥനയുടെ കരങ്ങളുയർത്തിയ, താങ്ങായി, തണലായി മാറിയ അഭ്യുദയകാംക്ഷികൾ, സ്നേഹിതർ, വിജ്ഞാനത്തിന്റെ വിശാലമായ ലോകങ്ങളിലേക്ക് എന്നെ കൂട്ടിക്കൊണ്ടുപോയ ജ്ഞാനദീപവിദ്യാപീഠത്തിലെയും ബഥനി വേദവിജ്ഞാനപീഠത്തിലെയും പ്രൊഫസേഴ്സ്, ബ്രദേഴ്സ് കൂടെയുണ്ടായിരുന്ന പൂന മിഷനിലെ വ്യക്തികൾ എല്ലാവർക്കും എന്റെ ഹൃദയം നിറഞ്ഞ നന്ദി. സന്ന്യാസ പൗരോഹിത്യത്തിലെ എന്റെ ഓരോ ചുവടുകളിലും നാഥാ എന്നോടുകൂടെ വസിക്കേണമേ.

"The environment is God's gift to everyone, and in our use of it we have a responsibility toward the poor, toward future generations and toward humanity as a whole."

POPE BENEDICT XVI



# ജീവിതം പ്രകാശമാക്കുന്ന പുരോഹിതൻ

**ഫാ.ഡോ.സിജോൺ കുഴിക്കാട്ടുമ്യാലിൽ**
വികാരി

ആംഗലകവിയായ ലോങ്ങ്ഫെല്ലോയുടെ 'The Arrow and the Song' എന്ന കവിത വളരെ അർത്ഥവത്തും മനോഹരവുമാണ്. കവി തന്റെ കവിതയിൽ ഇപ്രകാരം പറയുന്നു: ഒരുദിവസം പ്രഭാതത്തിൽ അദ്ദേഹം പുറത്തിറങ്ങുന്നു. പ്രഭാതത്തിന്റെ പ്രത്യേകതകൾ അദ്ദേഹത്തെ ഉത്തേജിതനാക്കുന്നു. അങ്ങനെ അദ്ദേഹം തന്റെ അമ്പും വില്ലും കൈയിലെടുത്ത്, വില്ലിൽ ഒരു അമ്പ് തൊടുത്ത് അന്തരീക്ഷത്തിലേക്ക് അയയ്ക്കുന്നു. ആ അമ്പ് എവിടെ പോയി എന്ന് അറിയുവാൻ അദ്ദേഹത്തിന് സാധിച്ചില്ല. ദിവസങ്ങൾ പലതും കഴിഞ്ഞു, വീണ്ടും മനോഹരമായ ഒരു പ്രഭാതത്തിൽ കവി പുറത്തിറങ്ങുന്നു. അന്ന് അദ്ദേഹം ഒരു മനോഹരമായ ഗാനം ആലപിച്ചു. വളരെ ഹൃദയസ്പർശിയായിരുന്നു ആ ഗാനം. അതിന്റെ അലകൾ എവിടെ അവസാനിച്ചു എന്നറിയാൻ അദ്ദേഹത്തിന് സാധിച്ചില്ല. ദിവസങ്ങൾ പലതും കഴിഞ്ഞു. കവി ഒരു ദിവസം നടക്കാനിറങ്ങി. നടന്നുപോകവെ അദ്ദേഹം ഒരു ഓക്കുമരത്തിൽ ഒരു അമ്പ് തറച്ചിരുന്നതായി കണ്ടു. ആ ഓക്കുമരം സാവധാനം നശിക്കുകയാണ്, കാരണം അമ്പ് അതിനെ വല്ലാതെ മുറിവേല്പിച്ചിരുന്നു. അദ്ദേഹത്തിന് മനസ്സിലായി താൻ ദിവസങ്ങൾക്കുമുൻപ് അയച്ച അമ്പാണെന്ന്. വീണ്ടും അദ്ദേഹം മുന്നോട്ടു പോയി. അവിടെ ഒരു മനുഷ്യൻ വളരെ മനോഹരമായ രീതിയിൽ ഒരു ഗാനം ആലപിക്കുന്നു. കവിയുടെ മനസ്സിൽ ഒത്തിരി സന്തോഷം നിറഞ്ഞു. കാരണം താൻ ദിവസങ്ങൾക്ക് മുൻപ് ആലപിച്ച ഗാനമായിരുന്നു അത്. നമ്മുടെ എല്ലാ പ്രവർത്തനങ്ങൾക്കും പ്രതിപ്രവർത്തനമുണ്ട്. ഒരുവന്റെ തിന്മ പ്രവർത്തികളുടെ പ്രതിഫലനമാണ് ആ അമ്പ്, അതിപ്പോൾ ഒരു ഓക്കുമരത്തെ നശിപ്പിച്ചുതുടങ്ങിയിരിക്കുന്നു. നന്മ പ്രവർത്തികളുടെ പ്രതിപ്രവർത്തനമാണ് ആ ഗാനം. ഒരു വ്യക്തികൂടി സന്തോഷത്തിൽ ആറാടിക്കുവാൻ ആ ഗാനത്തിനു കഴിഞ്ഞു. കവി പറയുന്നത് ഇപ്രകാരമാണ്. നമ്മുടെ സത്പ്രവർത്തികൾ മറ്റുള്ളവർക്ക് കൂടെ സന്തോഷം പകരുന്നതാണ്. എന്നാൽ നമ്മുടെ തിന്മപ്രവർത്തികൾ മറ്റുള്ളവർക്ക് ദുഃഖം നൽകുന്നു.

പുരോഹിതൻ അധരത്തിൽ ജ്ഞാനം സൂക്ഷിക്കണമെന്ന് വേദപുസ്തകം വെയ്ക്കുമ്പോൾ പൗരോഹിത്യം അപരന് വാക്കുംകൊണ്ടും ജീവിതംകൊണ്ടും കാരുണ്യത്തിന്റെ വിരുന്നൊരുക്കാനുള്ള വിളിയാണ്. ഡിജിറ്റൽ ലോകത്തിന്റെ ഈ നവയുഗ കാലഘട്ടത്തിൽ, മനുഷ്യരുടെ സുഖദുഃഖങ്ങളിൽ ഒപ്പം നടക്കേണ്ടവനാണ് പുരോഹിതൻ. എല്ലാ അർത്ഥത്തിലും പാർശ്വവത്ക്കരിക്കപ്പെടുന്ന മനുഷ്യനെ ശക്തിപ്പെടുത്താൻ പുരോഹിതന് കടമയുണ്ട്.

മുളയം സെന്റ് പാട്രിക് ഇടവകയിൽ നിന്ന് ആദ്യമായി ക്രിസ്തുവിന്റെ പുരോഹിത്യത്തിൽ പങ്കാളിയായി. ശുശ്രൂഷാപൗരോഹിത്യം സ്വീകരിക്കുന്ന ബഹു.ഡീക്കൻ അലക്സിസ് നമ്മുടെ ഇടവക ജനത്തിന്റെ കാത്തിരിപ്പിന്റെ പ്രാർത്ഥനയുടെ പ്രതിഫലനമാണ്. നമ്മുടെ ഇടവകയുടെ ഭാഗമായ SOS കുടുംബവും ഇവിടെ പ്രത്യേകം സ്മരിക്കപ്പെടുന്നു. നവവൈദികനായ അലക്സിസിന് എല്ലാവിധ പ്രാർത്ഥനാശംസകളും മുളയം ഇടവക ജനം നേരുന്നു. പ്രാർത്ഥനയിൽ സമർപ്പിച്ച്, കാരുണ്യം നിറച്ച് കർമ്മനിരതമായ ഒരു പൗരോഹിത്യജീവിതം ഞങ്ങൾ ഇടവക മക്കൾ ആശംസിക്കുന്നു.

# ദൈവപരിപാലനയുടെ ചിറകിന്റെ നിഴലിൽ

**ഫിൻസി പെല്ലിശ്ശേരി**

'അങ്ങയുടെ വചനം എന്റെ പാദത്തിന് വിളക്കും പാതയിൽ പ്രകാശവുമാണ്' (സങ്കീ 119:105). കർത്താവിന്റെ വചനം പ്രഘോഷിക്കാനും അവിടുത്തെ അനുകരിച്ച്, അവിടുത്തെ ജനത്തെ നയിക്കുവാനുമായിട്ടാണ് ഓരോ പുരോഹിതനെയും ദൈവം തിരഞ്ഞെടുക്കുന്നത്.

ആഴമായ ദൈവവിശ്വാസവും തികഞ്ഞ പരി. അമ്മയുടെ ഭക്തയുമായ ഞങ്ങളുടെ വത്സല മാതാവ് മേരി പെല്ലിശ്ശേരിയുടെ ഏറ്റവും ഇളയ മകനും ഞങ്ങളുടെ കുഞ്ഞനുജനുമാണ് ഫാ.അലക്സിസ് പെല്ലിശ്ശേരി ഒ.ഐ.സി. പരി. അമ്മയുടെ വിമല ഹൃദയത്തിൽ എന്നും അമ്മ അലക്സിനെ സമർപ്പിച്ചു പ്രാർത്ഥിച്ചിരുന്നു. തന്റെ ചെറുപ്പത്തിൽ തന്നെ ഒരു വൈദികനാകാൻ ഉള്ള ആഗ്രഹം അലക്സ് പ്രകടിപ്പിച്ചിരുന്നു. തന്റെ ബാല്യപ്രായത്തിൽ അലക്സ് ബൈബിൾ സ്ഫുടമായി വായിക്കുവാനും, തിരുവചനം പഠിക്കുവാനും പറഞ്ഞു കേൾപ്പിക്കുവാനും, കുടുംബപ്രാർത്ഥനയ്ക്ക് നേതൃത്വം നൽകാനും ഉത്സുകനായിരുന്നു. ഒഴിവുസമയങ്ങളിൽ വൈദികരെ പോലെ വസ്ത്രം ധരിച്ച് ഒരു മുറിയുടെ ഷെൽഫ് അൾത്താരയാക്കി കുർബാന പുസ്തകം നോക്കി പ്രാർത്ഥനകൾ ഇമ്പകരമായി ഉറക്കെ ചൊല്ലുന്നത് ഞങ്ങൾ സഹോദരങ്ങൾ പലപ്പോഴും കൗതുകത്തോടെ നോക്കി നിൽക്കാറുണ്ട്.

തൃശൂർ ജില്ലയിലെ മണ്ണുത്തിയിൽ ഉള്ള ഹോളി ഫാമിലി ഇംഗ്ലീഷ് മീഡിയം സ്കൂളിൽ LKG മുതൽ ഏഴാം ക്ലാസ് വരെ പഠിക്കുന്ന കാലത്ത് ഹോളി ഫാമിലി സിസ്റ്റേഴ്സിന്റെ സ്നേഹവും കരുതലും പ്രാർത്ഥനയും പ്രവർത്തനങ്ങളും അവന്റെ ദൈവവിളിയെ ഒത്തിരി സ്വാധീനിച്ചിട്ടുണ്ട്. അവരെ പോലെ ഈശോയുടെ ഒരു പൈതൽ ആവാൻ അവൻ ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. പഠനം, പ്രസംഗം, പാട്ട്, കഥാരചന, കവിതാരചന, മിമിക്രി, മോണോ ആക്ട്, നാടകം തുടങ്ങി നിരവധി കലാപരിപാടികളിൽ ആവേശപൂർവ്വം അവൻ പങ്കുചേരുകയും ധാരാളം സമ്മാനങ്ങൾ നേടുകയും ചെയ്തിട്ടുണ്ട്.

കോട്ടയം കളത്തിപ്പടിയിൽ ബഥനി സന്ന്യാസ വൈദികർ നേതൃത്വം നൽകുന്ന ഗിരിദീപം ബഥനി സ്കൂളിലായിരുന്നു അലക്സിന്റെ ഹൈസ്ക്കൂൾ - ഹയർ സെക്കണ്ടറി വിദ്യാഭ്യാസം. ബോർഡിംഗിൽ താമസിച്ചുകൊണ്ടാണ് അവൻ പഠനം നടത്തിയത്. അവിടെയുള്ള ബഥനി യിലെ ശെമ്മാശന്മാരുടെയും വൈദികരുടെയും കൂടെ അനുദിനമുള്ള യാമപ്രാർത്ഥനയിലും വി.കുർബ്ബാനയിലും അവൻ സജീവമായി പങ്കെടുത്തിരുന്നു. ബഥനി സന്ന്യാസ വൈദികരുടെ കാവി സന്ന്യാസവസ്ത്രവും, കഴുത്തിൽ ധരിക്കുന്ന മരക്കുരിശും, അവരുടെ ലളിത ജീവിത ശൈലിയും സമൂഹജീവിതവും അവനെ ഏറെ ആകർഷിച്ചു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആരാധനാക്രമത്തോടുള്ള സ്നേഹവും താത്പര്യവും, ബഥാന്യരുടെ ആത്മീയ തീക്ഷ്ണതയും ഒരു വൈദികൻ ആകുന്നു എങ്കിൽ സന്ന്യാസ വൈദികനേ ആവുകയുള്ളൂ, അതും ബഥനി സന്യാസി സമൂഹത്തിൽ മാത്രമേ ചേരുകയുള്ളൂ എന്ന പിടിവാശിയിലേക്കും തീരുമാനത്തിലേക്കും നയിച്ചു. പ്ലസ് ടു പരീക്ഷകളിൽ ഡിസ്റ്റിംഗ്ഷൻ നേടി ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽ ഉന്നത വിദ്യാഭ്യാസത്തിന് അഡ്മിഷൻ എടുത്തതിനുശേഷം അലക്സിന് ഇതല്ല തന്നെ കുറിച്ചുള്ള ദൈവിക പദ്ധതി എന്ന് തോന്നാൻ തുടങ്ങി. ആശ്രമത്തിൽ ചേരാനുള്ള


തന്റെ ആഗ്രഹം തന്റെ ആത്മീയ പിതാക്കന്മാരോട് സംസാരിച്ചതിനു ശേഷം അവൻ വീട്ടിൽ അറിയിച്ചു. ചെറുപ്പം മുതൽ തന്നെയുള്ള അവന്റെ ഈ ആഗ്രഹത്തിന് അമ്മയും സഹോദരങ്ങളും SOS കുട്ടികളുടെ ഗ്രാമത്തിലെ അധികാരികളും പൂർണ്ണ പിന്തുണ നൽകി. അവന്റെ ആഗ്രഹം സാക്ഷാത്കരിക്കുന്നതിന് ബഥനി ആശ്രമം അവസരം ഒരുക്കി.

2012 ജൂൺ മാസം, അലക്സ് തിരുവല്ല ബഥനി ദയറായിൽ സന്യാസാർത്ഥിയായി ചേർന്നു. ആദ്യ വർഷ പരിശീലനത്തിനു ശേഷം ആലുവ തപോവനം ബഥനി ആശ്രമത്തിൽ പ്രീ നോവിഷ്യേറ്റും നോവിഷ്യേറ്റും പൂർത്തിയാക്കി 2014 ഡിസംബർ 20-ന് പ്രഥമ സന്ന്യാസ സമർപ്പണം നടത്തി. പിന്നീട് പൂനാ ജ്ഞാനദീപ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ഫിലോസഫി പഠനം ഡിസ്റ്റിംഗ്ഷനോടെയും പൂനാ യൂണിവേഴ്സിറ്റിയിൽ നിന്ന് ബി.എ ഇക്കണോമിക്സ് പഠനം ഫസ്റ്റ് ക്ലാസോടെയും പൂർത്തിയാക്കി. അതിനു ശേഷം കോട്ടയം ജനറലേറ്റിലും ചിറക്കൽ ബഥനി ആശ്രമത്തിലുമായി തന്റെ റീജൻസി പരിശീലനം അനുഗ്രഹ പ്രദമായി പൂർത്തിയാക്കി പൂനയിലേക്ക് മടങ്ങിയെത്തിയ അലക്സ് ബഥനി വേദവിജ്ഞാനപീഠം, ജ്ഞാനദീപ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളിൽ നിന്ന് തിയോളജി പഠനം ഡിസ്റ്റിംഗ്ഷനോടെ പൂർത്തിയാക്കി.

ഏറെ നാളായി ഞങ്ങൾ കാത്തിരുന്ന ഞങ്ങളുടെ കുഞ്ഞനുജന്റെ തിരുപ്പട്ടവും പ്രഥമ ബലിയർപ്പണവും നടക്കുമ്പോൾ ഒരു ചെറിയ സങ്കടം മാത്രം ബാക്കി. ഈ ഒരു നിമിഷത്തിനായി പ്രാർത്ഥനയോടെ കാത്തിരുന്ന ഞങ്ങളുടെ അമ്മ ഇന്ന് ഇല്ല. സ്വർഗ്ഗത്തിൽ ഇരുന്ന് സന്തോഷാശ്രുക്കൾ പൊഴിച്ച് അമ്മ ഭക്തിപൂർവ്വം ഈ തിരുക്കർമ്മങ്ങളിൽ പങ്കു ചേരും, അവനെ അനുഗ്രഹിക്കും എന്നതാണ് ഞങ്ങളുടെ വിശ്വാസം. എന്നും ഈ മകനെ വിശുദ്ധിയിൽ കാത്തു സൂക്ഷിക്കണമേ എന്ന പ്രാർത്ഥനയോടെ അലക്സിസ് അച്ചന് എല്ലാ പ്രാർത്ഥനാ മംഗളങ്ങളും ദൈവാനുഗ്രഹവും നേരുന്നു. പരി. അമ്മയുടെയും, മാർ യാസേപ്പിതാവിന്റെയും, സകല വിശുദ്ധരുടെയും, സകല മാലാഖമാരുടെയും, സ്വർഗ്ഗനിവാസികളുടെയും അച്ചന്റെ സ്വർഗീയ മധ്യസ്ഥനായ വി. അലക്സിസിന്റെയും സംരക്ഷണവും സഹായവും അനുദിനം ഉണ്ടായിരിക്കട്ടെ ആമ്മേൻ.

“God is the foundation of hope:
not any god, but the God who has a
human face and who has loved us to the end,
each one of us and humanity in its entirety.

POPE BENEDICT XVI



# The Servant in Christ's Vineyard 'Fr. Alexis'

**Br. Linson Mathew OIC**

The Order of the Imitation of Christ is elated beyond measures because God has abundantly blessed Bethany to be witness to Christ in this world. In order to continue the salvific ministry of God, He has graciously blessed us with five new priests to labour in his vineyard. On this occasion, I deem it as my great honour to congratulate Fr. Alexis Pallissery OIC who is going to partake in the Eternal Priesthood of Christ.

Fr. Alexis Pallissery was born in a beautiful village named Mulayam in the district of Thrissur, Kerala. He was born on 18/07/1993. He grew up in Christian faith in Mulayam parish. He was the youngest of his brothers and sisters bought up by his SOS loving mother. He had his primary and secondary education at Holy Family English Medium School, Mannuthi and Girideepam Bethany English H.S.S, Kottayam. It was the spiritual atmosphere at Girideepam and the prayerful lives of Bethany fathers and brothers that inspired him to join Bethany Ashram, Tiruvalla in the year 2012. After his first year formation, he went for Novitiate formation at Aluva and made his first profession on 20/12/2014. After that, he pursued his B.A. studies at Christ College, Pune and at the same time also under went B.A. Philosophy at Jnana Deepa, Pune. After his philosophical studies, he went for regency at Bethany Generalate, Kottayam and Bethany Ashram Chirackal,Thrissur. After regency, he came to Pune to pursue his theological priestly formation at Jnana Deepa and Bethany Vedavinjana Peeth.

There are no gloomy and dull faces in a community where Fr. Alexis lives. That is the impact that Fr. Alexis has in a community because his ever friendly, humorous and loving presence makes religious life more pleasant. Fr. Alexis has many talents and skills like singing, public speaking, socializing, cooking etc. God has blessed him with a pure and innocent heart that knows only to love God and others. It is this simple love that enables Fr. Alexis to share his deep love through humour and friendly demeanour.


Fr. Alexis is a man who knows to build up and keep relationships lively. His innate abilityto make friends with people of all sorts of life makes his life special. The life of a

Bethanian is deeply liturgy-oriented. Fr. Alexis has a close affinity to liturgy and liturgical practices. He really deserves to be called as a 'liturgist'. Just like Jesus Christ, the Eternal Priest who was both the 'offerer' and 'offered', Fr. Alexis selflessly surrenders himself to God in deep prayer and at the same time selflessly strives for the good of the community. He is brave and courageous to swim against the tides of present day philosophies.

Fr. Alexis is a man of his word because there are no contradictions between his words and actions. He lives what he preaches. He is also blessed with organisational skills. It is rest assured for anyone when Fr. Alexis helms the responsibility of any event. In spite of his vast repertoire of talents, one special quality of him is to remain humble before God and men. One cannot sum up the magnanimous personality and talents of Fr. Alexis in few words. But, definitely, it is an opportunity for all of us to rejoice in the Lord for his gift of this amazing person to our community. Let us all kneel before God that He showers his choice stgraces upon Fr. Alexis. Let us also pray that God makes him an instrument to bring Christ into the lives of many. Congratulations and good wishes to our dearest brother Fr. Alexis OIC.

"Faith is not an illusion, a flight of fancy,
a refuge or sentimentalism;
rather it is total involvement in the whole of life and is the proclamation of the Gospel, the Good News that can set the whole of the person free."

POPE BENEDICT XVI



# സ്വപ്നസാഫല്യത്തിന്റെ നിറവിൽ...

ഫാ. അലക്സിസ് പെല്ലിശ്ശേരി ഒ.ഐ.സി.

മദർ തെരേസ ഒരിക്കൽ പറഞ്ഞു: "God has not called the Qualified, he Qualifies the called" അതുകൊണ്ടാണ് വി. പൗലോസ് ശ്ലീഹാ ഇപ്രകാരം പറയുന്നത് "...ലൗകിക മാനദണ്ഡമനുസരിച്ച് നിങ്ങളിൽ ബുദ്ധിമാന്മാർ അധികമില്ല; ശക്തരും കുലീനരും അധികമില്ല. എങ്കിലും വിജ്ഞാനികളെ ലജ്ജിപ്പിക്കാൻ ലോകദൃഷ്ടിയിൽ ഭോഷന്മാരായവരെ ദൈവം തെരഞ്ഞെടുത്തു. ശക്തമായവയെ ലജ്ജിപ്പിക്കാൻ ലോകദൃഷ്ടിയില് അശക്തമായവയെയും' (1കോറി 1:26-27). ആത്മീയ ശുശ്രൂഷയ്ക്ക് ഞാൻ അയോഗ്യനായിരിക്കെ കരുണാപൂർവം എന്നെ വിളിക്കുകയും എന്റെ ബലഹീനകരങ്ങളിൽ തന്റെ അനുഗ്രഹത്തിന്റെ വലിയ നിക്ഷേപം നൽകുകയും ചെയ്യുന്ന പൊന്നുതമ്പുരാനോടുള്ള നന്ദി നിറഞ്ഞ ഹൃദയത്തോടെയാണ് ഞാൻ ആയിരിക്കുന്നത്.

"മാതാവിന്റെ ഉദരത്തിൽ നിനക്കു രൂപം നൽകുന്നതിനു മുൻപേ ഞാൻ നിന്നെ അറിഞ്ഞു. ജനിക്കുന്നതിനു മുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു. ജനതകൾക്ക് പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു" (ജെറമിയ 1:5). എന്റെ ജനനം മുതൽ ഈ നിമിഷം വരെ ദൈവത്തിന്റെ അദൃശ്യമായ കരങ്ങളുടെ സംരക്ഷണവും കരുതലും അനുഭവിച്ചറിയാൻ എനിക്കു സാധിച്ചിട്ടുണ്ട്. ഒരുപക്ഷേ, ഉദരത്തിൽ തന്നെ നശിപ്പിക്കപ്പെടാമായിരുന്ന അല്ലെങ്കിൽ തെരുവുകളിൽ വലിച്ചെറിയപ്പെടാമായിരുന്ന ഒരു ജീവിതത്തെ വിസ്മയനീയമാം വിധമാണ് ദൈവം ഇവിടെ വരെ കൊണ്ടെത്തിച്ചത്. 'ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല' എന്ന തന്റെ തിരുവെഴുത്ത് പ്രകാരം ദൈവവിശ്വാസത്തിലും തീക്ഷ്ണതയിലും എന്നെ വളർത്തുവാൻ വാത്സല്യനിധിയായ ഒരു അമ്മയെയും, എന്റെ ചുവടുകൾക്ക് കരുതലിന്റെ കരുത്ത് നൽകാൻ സ്നേഹനിധിയായ സഹോദരങ്ങളെയും നൽകി തമ്പുരാൻ എന്നെ അനുഗഹിച്ചു. പ്രാർത്ഥനയുടെ അന്തരീക്ഷം എപ്പോഴും നിറഞ്ഞുനിന്ന വീട്ടിൽ പ്രാർത്ഥനാനിരതയായ എന്റെ അമ്മയുടെയും സഹോദര ങ്ങളുടെയും സ്നേഹശിക്ഷണത്തിലും പരിചരണത്തിലുമാണ് ഞാൻ വളർന്നു വന്നത്.

ആഘോഷപൂർവ്വകമായ തിരുപ്പട്ട സ്വീകരണത്തിന് വേണ്ടി കാത്തിരുന്ന് പ്രാർത്ഥിച്ച, ഏറെ സ്വപ്നം കണ്ടിരുന്ന എന്റെ അമ്മയെ സ്വർഗം കൂട്ടിക്കൊണ്ടു പോയെങ്കിലും സ്വർഗീയ പിതാവിന്റെ പക്കലുള്ള അമ്മയുടെ മാധ്യസ്ഥം എന്റെ സന്യാസ പൗരോഹിത്യ യാത്രയിൽ കരുത്താകുന്നു. എന്നിലെ ദൈവിളിയാകുന്ന വിത്തിനെ വെള്ളമൊഴിച്ച് പരിപാലിച്ചതും പരിപോഷിപ്പിച്ചതും, എന്റെ വികാരിയച്ചന്മാരും, മതാധ്യാപകരും, മേരി മാതാ മേജർ സെമിനാരിയിലെയും സെന്റ് ജോൺ ദ് ബാപ്റ്റിസ്റ്റ് സെമിനാരിയിലെയും വൊക്കേഷനിസ്റ്റ് സെമിനാരിയിലെയും വൈദികരും ബ്രദേഴ്സും, എന്റെ ഇടവകയിലെ ബഹു. സിസ്റ്റേഴ്സും ഞാൻ പഠിച്ച മണ്ണുത്തി ഹോളി ഫാമിലി സ്കൂളിലെ സിസ്റ്റേഴ്സുമാണ്. കോട്ടയം ഗിരിദീപം സ്കൂളിലാണ് ഞാൻ എന്റെ ഹൈസ്ക്കൂൾ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം നടത്തിയത്. അന്ന് അവിടെ ഡിഗ്രി പഠനം നടത്തിയിരുന്ന ശെമ്മാശന്മാരായുള്ള സൗഹൃദം അവരോട് ഒരുമിച്ചുള്ള പ്രാർത്ഥന, അവിടെയുള്ള ബഥനി സന്ന്യാസ വൈദികരുടെ ആത്മീയ തീക്ഷ്ണത എന്നിവ ബഥാന്യൻ ജീവിതത്തിലേക്ക് എന്നെ ആകർഷിച്ചു. അവരോടൊപ്പം പ്രാർത്ഥനകളിൽ


ചെലവിടാനും ദൈവാലയ കാര്യങ്ങളിൽ സഹായിക്കാനും എന്നും ഞാൻ ഉത്സാഹം കാണിച്ചിരുന്നു. ഗിരിദീപം സ്കൂളിൽ വെച്ചാണ് മലങ്കര സഭയുടെ ആരാധനയിൽ ഞാൻ ആദ്യമായി പങ്കെടുക്കുന്നത്. ഒരു സീറോമലബാർ സഭാംഗമായ എനിക്ക് തീർച്ചയായും ഇത് വ്യത്യസ്തമായ ആത്മീയാനുഭവമാണ് പ്രദാനം ചെയ്തത്. ബഥനി സന്ന്യാസജീവിതത്തോടും അന്ത്യോക്യൻ ആരാധനക്രമത്തോടുമുള്ള സ്നേഹവും താത്പര്യവും ബഥനി സന്ന്യാസി സമൂഹത്തിലേക്ക് ചേരുന്നതിന് എനിക്ക് പ്രേരകശക്തിയായി.

കഴിഞ്ഞ 11 വർഷങ്ങൾ നീണ്ട സന്ന്യാസ വൈദികപരിശീലന വേളയിൽ എന്നെ പരിശീലിപ്പിച്ച എല്ലാ ഗുരുക്കന്മാരെയും, നന്ദിയോടെ ഓർക്കുന്നു. രൂപീകരണത്തിന്റെ നാളുകളിൽ സന്തോഷത്തിന്റെ നിമിഷങ്ങൾ ഏറെ ഉണ്ടായിരുന്നെങ്കിലും ഇടയ്ക്കൊക്കെ മുറിയപ്പെട്ട അനുഭവങ്ങളും ഉണ്ടായിട്ടുണ്ട്. ആ അവസരങ്ങളിൽ എന്നെ ആശ്വസിപ്പിച്ച എനിക്കായി പ്രാർത്ഥിച്ച ഒരുപാടു പേരുണ്ട്. ആത്മീയമായി എന്നെ വഴി നടത്തിയ ബഹു. വൈദികരും ബഹു സിസ്റ്റേഴ്സുമുണ്ട്. അവരുടെയൊക്കെ കണ്ണീരോടെയുള്ള പ്രാർത്ഥനയും മാർഗനിർദേശങ്ങളുമാണ് എന്റെ സന്യാസ പൗരോഹിത്യ യാത്രയിൽ നിലനിൽപിന്റെ വരം നൽകിയത്. അതോടൊപ്പം കരുതലോടെ എന്നെ ചേർത്തു നിർത്തിയ പൂനാ പഠനഗൃഹത്തിലെ എന്റെ കുഞ്ഞനിയന്മാരുണ്ട്. എല്ലാവരെയും നന്ദിയോടെ ഞാൻ ഓർക്കുന്നു.

ഇന്ന് പൗരോഹിത്യവും സന്ന്യാസവും ചോദ്യം ചെയ്യപ്പെടുമ്പോൾ നിത്യപുരോഹിതനായ ക്രിസ്തുവിനോട് ചേർന്ന് അവിടുത്തെ ഇഷ്ടങ്ങൾക്ക് നിന്നു കൊടുത്തുകൊണ്ട് ഈശോയുടെ സ്വർഗ്ഗത്തിലേക്കുള്ള വഴി അനേകർക്ക് ജീവിതംകൊണ്ടും കർമ്മംകൊണ്ടും കാണിച്ചു കൊടുക്കുവാനുള്ള പരിശുദ്ധാത്മാവിന്റെ സഹായവും സാന്നിധ്യവും കൂടെ ഉണ്ടാകുവാൻ എല്ലാവരും എനിക്കു വേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കണമെന്ന് അപേക്ഷിക്കുന്നു.

"Truth and love coincide in Christ.
To the extent that we draw close to Christ,
in our own lives too,
truth and love are blended.
Love without truth would be blind;
truth without love would be
like 'a clanging cymbal.'"

POPE BENEDICT XVI



# ശക്തനായവൻ ഞങ്ങൾക്കു വലിയ കാര്യങ്ങൾ ചെയ്തു തന്നിരിക്കുന്നു

**മത്തായി കുടായിൽ & ത്രേസ്യമ്മ കുടായിൽ**
(ജോസഫ് ഷൈജു അച്ചന്റെ മാതാപിതാക്കൾ)

"എന്നെ ശക്തിപ്പെടുത്തുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിനു ഞാൻ നന്ദി പറയുന്നു. എന്തെന്നാൽ, തന്റെ ശുശ്രൂഷയ്ക്കായി എന്നെ നിയമിച്ചുകൊണ്ട് അവൻ എന്നെ വിശ്വസ്തനായി കണക്കാക്കി" (1 തിമോ 1:12).

ഞങ്ങളുടെ മകൻ ജോസഫ് ഷൈജു ഒ.ഐ.സി. ദൈവകൃപയാൽ തിരുപ്പട്ടത്തിലേക്ക് പ്രവേശിക്കുന്ന സുന്ദര സുദിനം. മാതാവിന്റെ ഉദരത്തിൽ രൂപം നൽകുന്നതിനു മുമ്പേ തിരെഞ്ഞെടുക്കുന്നവനായ ദൈവം, ജനിക്കുന്നതിനുമുമ്പേ വിശുദ്ധീകരിക്കുന്നവനായ ദൈവം തന്റെ അനന്തകരുണയാൽ ഞങ്ങളുടെ മകനെ അവിടുത്തെ പൗരോഹിത്യത്തിലേക്ക് വിളിച്ചു ചേർത്തിരിക്കുന്നു. വിളിച്ചവനിലേക്ക് മനസ്സർപ്പിച്ച് ബലിപീഠത്തിലേക്ക് ആദ്യപാദങ്ങൾ ഊന്നുമ്പോൾ നന്ദി നിറഞ്ഞ ഹൃദയത്തോടെയാണ് ഇന്ന് ഞങ്ങൾ ദൈവതിരുമുമ്പിൽ ആയിരിക്കുന്നത്. കാരണം വിളിച്ചവരെ വിശുദ്ധീകരിക്കുന്ന ദൈവം (റോമ.8:30) അനേകായിരം ദൈവമക്കളിൽ നിന്നാണ് ഞങ്ങളുടെ മകനെ തന്റെ മകനെ തന്റെ പൗരോഹിത്യത്തിലേക്ക് വിളിച്ചടുപ്പിച്ചിരിക്കുന്നത്. വിളിച്ചവൻ പരിശുദ്ധനായിരിക്കുന്നതുപോലെ വിശുദ്ധിയുടെ ജീവിതം നയിക്കുവാൻ ഞങ്ങളുടെ മകനെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.


ചെറുപ്പം മുതൽ പൗരോഹിത്യജീവിതത്തോടുണ്ടായിരുന്ന ആഭിമുഖ്യമാണ് പൗരോഹിത്യജീവിതത്തിലേക്ക് ഞങ്ങളുടെ മകനെ നയിച്ചത്. ഉള്ളിൽ വൈദീകജീവിതത്തോടുണ്ടായിരുന്ന പച്ചകെടാത്ത ആഗ്രഹമാണ് ബഥനി ആശ്രമത്തിൽ ആയിരുന്ന് സന്ന്യാസ-പൗരോഹിത്യ ജീവിതത്തിലേക്ക് പ്രവേശിച്ച് ക്രിസ്തുവിനുവേണ്ടി ജീവിതം ഉഴിഞ്ഞുവയ്ക്കുവാൻ അവനെ പ്രാപ്തനാക്കിയത്. അറിയപ്പെടാത്ത ഇടങ്ങളിൽ ജനിച്ചു ആരാലും അറിയപ്പെടാതെ വളർന്ന് ഇന്നു പൗരോഹിത്യത്തിന്റെ പടവുകൾ കയറുമ്പോൾ തമ്പുരാന്റെ വിളി എത്ര ശ്രേഷ്ഠമാണെന്നു ഞങ്ങൾ തിരിച്ചറിയുന്നു. ഓർമ്മവച്ച കാലം മുതൽ പൗരോഹിത്യത്തോടുള്ള ആഗ്രഹം ഞങ്ങളുടെ മകന്റെ ഹൃദയത്തിൽ ജനിപ്പിച്ചവനാണു ദൈവം. അനുദിനമുള്ള കുടുംബ പ്രാർത്ഥനകളിലൂടെയും, ഭക്താഭ്യാസങ്ങളിലൂടെയും, ഞായറാഴ്ച ആചരണങ്ങളിലൂടെയും ദൈവം നല്കിയ വിളിയെ ചാരം മൂടാതെ ജ്വലിപ്പിക്കുവാൻ തമ്പുരാൻ ഇടയാക്കി. ഒരിക്കൽപ്പോലും ബഥനി ആശ്രമത്തെക്കുറിച്ച് അറിഞ്ഞിട്ടില്ലാതിരുന്ന ഞങ്ങളുടെ മകനെ ബഥനി ആശ്രമമുറ്റത്തെത്തിക്കുവാൻ ദൈവം വിഭാവനം ചെയ്ത പദ്ധതികൾ അതിശ്രേഷ്ഠമാണ്. വിളിച്ചവനെ തേടി വരുന്ന ദൈവത്തെയാണ് ഒരിക്കൽക്കൂടി ഞങ്ങൾ കണ്ടുമുട്ടിയത്. ഹൈസ്കൂൾ പഠനത്തിനായി ചിറക്കൽ ബഥനി ആശ്രമത്തിലേക്ക് അവനെ വഴി നടത്തിയ ദൈവം അവിടെ അവനുവേണ്ടി കാത്തുവച്ചത് അതിശ്രേഷ്ഠമായ സന്ന്യാസ-പൗരോഹിത്യ ജീവിതമായിരുന്നു. ഇന്ന് പൗരോഹിത്യ ജീവിതത്തിലേക്ക് ഞങ്ങളുടെ മകൻ ആദ്യപാദം ഊന്നുമ്പോൾ ഞങ്ങൾക്കു പറയാനുള്ളതും നന്ദിയുടെ കുറെ വാക്കുകളാണ്.

തന്നോടുകൂടെയായിരിക്കുവാൻ, തനിക്കായി സ്വയം സമർപ്പിക്കുവാനുമായി ഞങ്ങളുടെ മകനെ വിളിച്ച് വേർതിരിച്ച് തന്റെ ഹൃദയത്തോട് ചേർത്തുവച്ചവനായ തമ്പുരാന് എത്ര നന്ദി പറഞ്ഞാലും തീരുകയില്ല... സ്വന്തം വീടുപേക്ഷിച്ച് ദൈവതിരുവിഷ്ടത്തിനായി ഇറങ്ങിത്തിരിച്ച ഞങ്ങളുടെ മകന് ദൈവം കാത്തുവച്ചത് ശ്രേഷ്ഠമായ ഭവനാന്തരീക്ഷമാണ്. ഞങ്ങളുടെ മകന് ആവശ്യമായതെല്ലാം നൽകി വളർത്തി കർത്താവിന്റെ ബലിപീഠം വരെ വഴിനടത്തിയ ബഥനി സന്യാസി സമൂഹം... പൗരോഹിത്യത്തിലേക്കുള്ള പന്ഥാവിൽ ഞങ്ങളുടെ മകന് പ്രാർത്ഥനയും പ്രചോദനവുമായി നിലകൊണ്ട പ്രിയ വികാരി അച്ചന്മാർ സിസ്റ്റേഴ്സ്... അനുദിനം പ്രാർത്ഥനകളിലൂടെ ആത്മീയമായി ബലപ്പെടുത്തിയ ബന്ധുമിത്രാദികൾ... പ്രാർത്ഥനയും പ്രോത്സാഹനവും നൽകിയ ഇടവകാംഗങ്ങൾ... പൗരോഹിത്യത്തിലേക്കുള്ള ഈ യാത്രയിൽ താങ്ങും തണലുമായി നിന്ന് പ്രാർത്ഥനകളിലൂടെയും സന്നിദ്ധ്യത്തിലൂടെയും ഞങ്ങളുടെ മകനെ വഴിനടത്തിയ പരിശീലകർ, ഗുരുക്കന്മാർ... ഈ പൗരോഹിത്യപാതയിൽ വഴിവിളക്കായി നിന്ന അനേകരെ നന്ദിയോടെ ഓർക്കുന്നു.

പൗരോഹിത്യം ജീവിതമാക്കുമ്പോൾ കാലിടറാതെ, തമ്പുരാൻ തെളിക്കുന്ന പാതയിലൂടെ സഞ്ചരിച്ച് സഭയ്ക്കും സമൂഹത്തിനും പ്രതീക്ഷ നൽകുന്ന വിശുദ്ധ ജീവിതം നയിക്കുവാൻ ഞങ്ങളുട മകൻ പ്രാപ്തനാകുവാൻ അവനുവേണ്ടി പ്രാർത്ഥിക്കണമെ. പൗരോഹിത്യത്തിന്റെ നാൾവഴികളിൽ ഉടനീളം തമ്പുരാൻ തന്റെ വൻകൃപകൾ വർഷിച്ച്, ഞങ്ങളുടെ മകനെ ശക്തനാക്കട്ടെ. എന്തെന്നാൽ എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും (ഫിലിപ്പി. 4:13). തന്നെ ശക്തനാക്കുന്ന ദൈവത്തിൽ അടിയുറച്ച് എല്ലാം അവിടുത്തെ മഹത്വത്തിനായി ചെയ്യുവാൻ ഞങ്ങളുടെ മകന് സാധിക്കട്ടെയെന്നു ആശംസിക്കുന്നു.

"The liturgy is not the memory
of past events but is the living presence
of the paschal mystery of Christ,
who transcends and unites
times and places.
...The conviction must grow within us
every day that the liturgy is not our or
my 'doing' but rather is an action of God
in us and with us."

POPE BENEDICT XVI



# പൗരോഹിത്യം ദൈവശുശ്രൂഷയിലേക്കുള്ള വിളി


സി. ചിത്താനന്ദ എസ്.ഐ.സി.

മുണ്ടേരി ഇടവകയ്ക്ക് സന്തോഷത്തിന്റെ ധന്യമുഹൂർത്തമാണിന്ന്. ഈ ഇടവകയിൽ നിന്ന് ആദ്യമായി ഒരു വൈദികൻ ജന്മമെടുക്കുന്ന സന്തോഷത്തിലാണ് ഈ ഇടവകയും, ഇടവകജനവും, ഈ പ്രദേശം മുഴുവനും. മുണ്ടേരി ക്രിസ്തുരാജ ഇടവകയിൽ കുടായിൽ മത്തായി-ത്രേസ്യാമ്മ ദമ്പതികളുടെ മൂന്നു മക്കളിൽ ഇളയവനായി ഡീക്കൻ ജോസഫ് ഷൈജു ജനിച്ചു. ഷെറിൻ, ഷാബിൻ എന്നിവർ സഹോദരങ്ങളാണ്. ബഥനി സന്ന്യാസി സമൂഹത്തിൽ നീണ്ട പന്ത്രണ്ടു വർഷക്കാലം പഠിച്ച് ഇന്നു പൗരോഹിത്യം സ്വീകരിക്കുമ്പോൾ മലങ്കര കത്തോലിക്കാ സഭയും, പ്രത്യേകിച്ച് മുണ്ടേരി ഇടവകയും ഏറെ സന്തോഷിക്കുകയാണ്. നമുക്കു ഒന്നു ചേർന്ന് ദൈവത്തോട് നന്ദി പറയാം.

ജനങ്ങളിൽ നിന്നു ജനങ്ങൾക്കുവേണ്ടി തിരെഞ്ഞെടുക്കപ്പെടുന്ന പ്രധാനപുരോഹിതൻ ദൈവീക കാര്യങ്ങൾക്ക് നിയമിക്കപ്പെടുന്നത് പാപപരിഹാരത്തിനായി ബലികളും കാഴ്ചകളും അർപ്പിക്കുവാനാണ് (ഹെബ്രാ. 5:1).

മനുഷ്യകുലത്തിനുവേണ്ടിയുള്ള ദൈവപിതാവിന്റെ ഏറ്റവും വലിയ ദാനമാകുന്ന കർത്താവീശോ മിശിഹാ തമ്പുരാൻ അവിടുന്നു തന്റെ ശുശ്രൂഷ തുടരാൻ സ്ഥാപിച്ച കൂട്ടായ്മയാണ് തിരുസഭ. ഈ സഭയിൽ മുഴുവൻ സമയ ശുശ്രൂഷകരാകാൻ വൈദീകരെയും സമർപ്പിതരെയും കർത്താവാണ് വിളിച്ചു ചേർക്കുന്നത്. ദൈവത്തിനുവേണ്ടിയും ദൈവീകശുശ്രൂഷകൾക്ക് വേണ്ടിയും പ്രത്യേകം വേർതിരിക്കപ്പെട്ടവരാണ് പുരോഹിതർ. പുരോഹിതൻ എന്ന വാക്കിന്റെ അർത്ഥം മുന്നിൽ നിൽക്കുന്നവൻ എന്നാണ്. പുരോഹിതന്റെ ദൗത്യം ഭൂമിയിൽ സ്വർഗ്ഗരാജ്യം സ്ഥാപിക്കുക എന്നതാണ്. ഒരു പുരോഹിതന് സഭയിൽ തന്നെ ഭരമേൽപ്പിച്ചിരിക്കുന്ന വലിയ ഉത്തരവാദിത്വങ്ങൾ നിരവധിയാണ്. ഒന്നാമതായി, സഭയുടെ വിശ്വാസം എല്ലായിടത്തും ഏറ്റു പറഞ്ഞ് ആ വിശ്വാസം എല്ലായിടത്തും പ്രഘോഷിക്കുക. രണ്ടാമതായി, സഭയുടെ പഠനം. സഭയുടെ വിശ്വാസസത്യങ്ങൾക്ക് കളങ്കമേൽക്കാതെ, സഭ പഠിപ്പിച്ചതുപോലെ പഠിപ്പിക്കുവാൻ ഓരോ വൈദീകനും തയ്യാറാകണം. പരിശുദ്ധ അമ്മ പറഞ്ഞതുപോലെ "എന്റെ ഇഷ്ടമല്ല അങ്ങയുടെ ഇഷ്ടം നിറവേറട്ടെ" എന്ന് ഏറ്റുപറഞ്ഞ് ദൈവത്തിന്റെ ഇഷ്ടത്തിനുമാത്രം കാതോർത്ത് തന്റെ ഇഷ്ടങ്ങൾ മാറ്റിവച്ച് സഭയെ, ദൈവജനത്തെ ത്യാഗത്തോടെ ഏറ്റെടുക്കുവാൻ ഓരോ വൈദീകനും തയ്യാറാകണം. മൂന്നാമതായി, ദൈവത്തിന്റെ ജനത്തെ കർത്താവിന്റെ ആലയിലേക്ക് കൊണ്ടുവരുവാൻ ഓരോ വൈദീകനും പരിശ്രമിക്കണം. ബെനഡിക്റ്റ് പതിനാറാമൻ മാർപ്പാപ്പ പറയുന്നതുപോലെ, "ഓരോ വൈദീകനും ഐക്യത്തിന്റെ ശുശ്രൂഷകനാകണം." യേശുവാകുന്ന ശിരസ്സിനോട് ചേർന്നു നിന്നുകൊണ്ട്, തന്റെ ജനത്തെയും അതിലേക്ക് ചേർത്തു നിർത്തികൊണ്ട് പരിശുദ്ധാത്മാവിനാൽ പണിയപ്പെട്ട ഭവനമായ സഭയിൽ ചേർന്നു നിൽക്കുന്നവനാണ് പുരോഹിതൻ. വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ വൈദീകരെക്കുറിച്ച് ഇപ്രകാരം പറയുന്നു: "വലിയ ഇടയന്റെ സേവനത്തിനുള്ള ഇടയനാണ് പുരോഹിതനെന്ന്."

ഇന്ന് അഭിഷിക്തനാകുന്ന ജോസഫ് ഷൈജു അച്ചനെപ്പറ്റി പറയുമ്പോൾ, എല്ലാവർക്കും എല്ലാമായി, ദൈവജനത്തിനു വേണ്ടി കത്തിജ്വലിക്കുന്ന പ്രകാശമാകട്ടെ ജോസഫ് ഷൈജു അച്ചൻ എന്നു ആശംസിക്കുന്നു. മുണ്ടേരി ഇടവകയെ സംബന്ധിച്ച് വലിയ അഭിമാന നിമിഷങ്ങളാണ് ഇന്ന്. ഇനിയും ധാരാളം ദൈവവിളികൾ മുണ്ടേരി ഇടവകയിൽ നിന്നുണ്ടാകട്ടെ എന്ന് ആശംസിക്കുന്നു. വൈദീക അഭിഷേകത്തിൽ കിട്ടിയ ഈ നവചൈതന്യം അച്ചന്റെ ജീവിതത്തിൽ ഉടനീളം പ്രകാശം പരത്തട്ടെ എന്ന് ആശംസിക്കുന്നു. ഇടവക വികാരിയുടെയും, ഇടവകാംഗങ്ങളുടെയും എല്ലാ സിസ്റ്റേഴ്സിന്റെയും നാമത്തിൽ ജോസഫ് ഷൈജു അച്ചന് എല്ലാവിധ ഭാവുകങ്ങളും ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു. ദൈവം അച്ചനെ ധാരാളമായി അനുഗ്രഹിക്കട്ടെ.




# കൂടെ

**കൂടെയായിരിക്കാം...**
**കൂട്ടായിരിക്കാം...**

**പ്രൊഫ. ഫാ. ഐസക് പാറയ്ക്കൽ ഒ.ഐ.സി**

BP No. 197

ബഥനി പബ്ലിക്കേഷൻസ്
കോട്ടയം
2023

Price: 200/-

115 ചെറു ലേഖനങ്ങളുടെ സമാഹാരമാണിത്. അതിൽ പലതിലൂടെയും ഞാൻ കടന്നു പോയി. എല്ലാം വിശദീകരിക്കുന്നില്ല. നിങ്ങളുടെ സ്വതന്ത്രമായ വായനയ്ക്ക് സമർപ്പിക്കുന്നു. ഓരോ പുസ്തകവും തുറക്കുമ്പോൾ മനസ്സിൽ ഓരോ ജാലകങ്ങൾ തുറന്നു വീഴുകയാണ്. ജാലകം ചെറുതാണ്. പക്ഷേ അതിലൂടെ കാണുന്ന ആകാശം ഒരുപാട് വലുതും. ഗ്രന്ഥകാരൻ നമുക്ക് എഴുതുന്ന ഒരു തുറന്ന കത്താണ് ഈ പുസ്തകം.

– ഫാ. ഡാനി കപ്പൂച്ചിൻ

# കർമ്മകുശലനായ ശുശ്രൂഷകൻ ഷൈജുവച്ചൻ

**ബ്രദർ ഡെറിൻ ജോസ് ഒ.ഐ.സി**

"എന്നെ ശുശ്രൂഷിക്കാൻ ആഗ്രഹിക്കുന്നവൻ എന്നെ അനുഗമിക്കട്ടെ, അപ്പോൾ ഞാൻ ആയിരിക്കുന്നിടത്ത് എന്റെ ശുശ്രുഷകനും ആയിരിക്കും; എന്നെ ശുശ്രൂഷിക്കുന്നവനെ പിതാവ് ബഹുമാനിക്കും" (യോഹ 12:26).

ശുശ്രൂഷാ പൗരോഹിത്യത്തിലേക്ക് ദൈവം വിളിച്ചുചേർക്കപ്പെട്ട ഷൈജു അച്ചന് പ്രാർത്ഥനാ മംഗളങ്ങൾ നേർന്നുകൊള്ളുന്നു. പൗരോഹിത്യത്തിന്റെ മായാത്ത മുദ്രയുടെ അനുഗ്രഹത്തിനു പാത്രമാകാൻ അച്ചൻ നടന്നടുക്കുമ്പോൾ ഒരുപിടി നല്ല ഓർമ്മകൾ ഈ എളിയ സഹോദരന്റെ മനസ്സിലേക്കും കടന്നുവരുന്നു. ആരവങ്ങളോ ആർഭാടങ്ങളോ ഇല്ലാത്ത ഒരു സന്ന്യാസമുഖമാണ് ഷൈജു അച്ചന്റേത്. എന്റെ പരിശീലന കാലത്തിന്റെ ഏറിയ പങ്കും ഷൈജു ശെമ്മാശനോടായിരിക്കുവാൻ സാധിച്ചതിന്റെ വെളിച്ചത്തിൽ ഏതാനും ചില വാക്കുകൾ കോറിയിട്ടുകൊള്ളട്ടെ.

1993 മാർച്ച് മാസം 23-ാം തീയതി കൂടായിൽ വീട്ടിൽ മത്തായി, ത്രേസ്യാമ്മ ദമ്പതികളുടെ മൂന്നു മക്കളിൽ ഇളയവനായി ഷൈജു മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ ജനിച്ചു. ഉപ്പഡ ക്രിസ്തുരാജ മലങ്കര കത്തോലിക്കാ പള്ളിയിൽവച്ച് മാമോദീസാവഴി ജോസഫ് എന്ന മാമോദീസാ നാമം സ്വീകരിച്ചു. പിന്നീട് സന്ന്യാസ വ്രതം സ്വീകരിച്ചപ്പോൾ ജോസഫ് ഷൈജു എന്ന സന്ന്യാസനാമം സ്വീകരിച്ചു. എം.കെ.എം.എം എൽ പി സ്കൂൾ, ഗവ. ഹൈസ്ക്കൂൾ പേങ്ങമുക്ക് എന്നിവിടങ്ങളിൽ പ്രീ പ്രൈമറി, പ്രൈമറി, ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ഷൈജു 2010 ജൂൺ 15 ന് തിരുവല്ല ബഥനി ആശ്രമത്തിൽ അർത്ഥിയായി പ്രവേശിച്ചു. തുടർന്ന് നൂജിബാൽത്തിലയിൽ തന്റെ ഹയർ സെക്കൻഡറി പഠനം പൂർത്തിയാക്കി. 2014 ഡിസംബർ 20 ന് പ്രഥമ വ്രതവാഗ്ദാനവും നടത്തി. നോവിഷ്യേറ്റുകാലം മുതൽ ദൈവശാസ്ത്ര പഠനത്തിലെ നാലാംവർഷംവരെ ഏകദേശം 6 വർഷക്കാലം ഷൈജു ശെമ്മാശനൊപ്പം ആലുവാ നോവിഷ്യേറ്റ് ആശ്രമം, പൂനാ ബഥനി ആശ്രമം, കോട്ടയം ജനറലേറ്റ് എന്നിവിടങ്ങളിൽ ആയിരിക്കുവാൻ എനിക്കു സാധിച്ചു.

നല്ലൊരു സുഹൃത്ത് എന്ന നിലയിൽ അടുത്തറിഞ്ഞതിന്റെ വെളിച്ചത്തിൽ ഷൈജു അച്ചനിൽ വിളങ്ങി നിന്നിരുന്ന നല്ല ഗുണങ്ങൾ ദൈവസന്നിധിയിൽ നന്ദിയോടെ ഓർക്കുന്നു.

**കഠിനാധ്വാനി:** ഷൈജു അച്ചനെ അറിയാവുന്ന ആരും നിഷേധിക്കാത്ത വസ്തുതയാണ് അദ്ദേഹത്തിന്റെ കഠിനാധ്വാനം ചെയ്യുവാനുള്ള മനസ്സ്. കൃഷിയിടങ്ങളിൽ, കളിസ്ഥലങ്ങളിൽ, പഠനമേഖലകളിൽ അശ്രാന്ത പരിശ്രമത്തിലൂടെ തന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്ന വ്യക്തിയാണ് അദ്ദേഹം. ബഹു. അച്ചൻ ആർജിച്ചെടുത്ത വീഡിയോ എഡിറ്റിംഗ്, ടൈപ്പിംങ്സ്കില്ലുകൾ, ഫോട്ടോഷോപ്പ്, പേജ്മേക്കർ പാഠവങ്ങൾ, ഇലക്ട്രിക്കൽ ജോലിയിലുള്ള അറിവുകൾ എന്നിവ അദ്ദേഹത്തിന്റെ കഠിന പ്രയത്നത്തിന്റെ ഫലങ്ങളായിരുന്നു. ഏൽപ്പിക്കുന്ന ജോലി ക്രിയാത്മകമായും, വിശ്വസ്തതയോടും, വിവേകത്തോടുംചെയ്യുന്ന അദ്ദേഹത്തിന്റെ ശൈലി ഏറെ പ്രശംസനീയമാണ്.

**എപ്പോഴും സംലഭ്യൻ:** ആർക്കും എപ്പോഴും സംലഭ്യനായിരുന്നു ബഹു. ഷൈജു അച്ചൻ. താൻ ചെയ്തുകൊടുത്ത ഉപകാരങ്ങൾക്കും, നന്മകൾക്കും ആരിൽ നിന്നും ഒന്നും പ്രതീക്ഷി

ക്കാതെ, അവയെ കൊട്ടിഘോഷിക്കാതെ ശുശ്രൂഷാ മനോഭാവത്തോടെ ചെയ്യുന്നത് അച്ചന്റെ രീതിയായിരുന്നു. നല്ലൊരു വാഗ്മി, കവി, എഴുത്തുകാരൻ എന്നിങ്ങനെ ബഹുമുഖ പ്രതിഭയായിരുന്നെങ്കിലും എപ്പോഴും എല്ലാവർക്കും സമീപിക്കാൻ കഴിയുന്ന വ്യക്തിത്വമായിരുന്നു അച്ചന്റേത്. കുട്ടികൾക്കായി സംഘടിപ്പിക്കുന്ന വെക്കേഷൻ ക്യാമ്പുകളിലിൽപ്പോലും വേർതിരിവുകളില്ലാതെ എല്ലാവരെയും ചേർത്തു നിർത്തുന്ന നല്ലൊരു ലീഡർ കൂടിയായിരുന്നു അദ്ദേഹം.

**പ്രാർത്ഥനയുടെ മനുഷ്യൻ:** ആരവങ്ങളൊ ബഹളങ്ങളൊ ഇല്ലാതെ പ്രാർത്ഥിക്കുന്ന ഷൈജു ശെമ്മാശനെ അടുപ്പമുള്ളവർക്കു മാത്രമെ അറിയാൻ സാധിക്കു. രാത്രി പ്രാർത്ഥനയ്ക്കുശേഷം നടത്തിയിരുന്ന കൊന്ത നമസ്ക്കാരവും, ദൈവസാനിധ്യ സമർപ്പണവും ഷൈജു ശെമ്മാശന്റെ പ്രാർത്ഥനയുടെ മുഖമാണ്. ജ്ഞാനവായനകൾ അദ്ദേഹത്തിന്റെ പ്രസംഗങ്ങളിൽ പ്രതിഫലിച്ചിരുന്നു. ബൈബിൾ പഠനത്തോട് പ്രത്യേക ആഭിമുഖ്യം പുലർത്തിയിരുന്ന ഷൈജുവച്ചന്റെ സ്വയം പ്രേരിതപ്രാർത്ഥനകളും, ഞായറാഴ്ച്ച പ്രസംഗങ്ങളും ദൈവവചനത്താൽ സമ്പന്നമായിരുന്നു. ആരാലും പ്രശംസയോ, പ്രകീർത്തിയോ ആഗ്രഹിക്കാത്ത എളിയ സന്ന്യാസജീവിതവും എടുത്തു പറയേണ്ടതാണ്. സന്ന്യാസജീവിത്തിൽ വിളങ്ങി നിന്നിരുന്ന നന്മയാണ് അദ്ദേഹത്തിന്റെ ശുചിത്വബോധം. മുറിയിൽ മിതമായവ മാത്രമെ സൂക്ഷിക്കുകയുള്ളൂ, മാത്രമല്ല മുറിയും വസ്ത്രങ്ങളും എപ്പോഴും വൃത്തിയായി സൂക്ഷിക്കുന്ന സന്ന്യാസനിഷ്ഠയുടെ മാതൃകകൂടിയാണ് ശെമ്മാശൻ. ആരാധനാഗീതങ്ങളിൽ അദ്ദേഹത്തിനുണ്ടായിരുന്ന നിപുണതയും അനുസ്മരണീയമാണ്. രാഗങ്ങളോ, പാട്ടുകളോ പാടുമ്പോൾ ഒരിക്കൽപ്പോലും ഷൈജു ശെമ്മാശൻ തെറ്റിച്ചതായി ഞാൻ ഓർക്കുന്നില്ല. ഇതൊക്കെ പ്രർത്ഥനാജീവിതത്തിൽ അദ്ദേഹം തന്നോടുതന്നെ കാട്ടിയ കാർക്കശ്യതയുടെ ചില ഉദാഹരണങ്ങളാണ്.

സമൂഹജീവിതത്തെ പ്രണയിച്ചിരുന്ന വ്യക്തികൂടിയായിരുന്നു ഷൈജുശെമ്മാശൻ. ആരോടും പരിഭവമില്ലാതെ, എല്ലാവരോടും സൗമ്യമായി, എല്ലാവരിലും ഒരുവനാകുവാൻ, ഷൈജുശെമ്മാശന് കഴിഞ്ഞിരുന്നു. ജീവിതത്തിൽ ഒരുപാടു കനൽവഴി താണ്ടേണ്ടി വന്നപ്പോഴും അദ്ദേഹം പ്രകടിപ്പിച്ച ദൈവാശ്രയബോധം അങ്ങേയറ്റം മാതൃകാപരമാണ്. തന്റെ ബാച്ചിലുണ്ടായിരുന്ന കൂട്ടുകാർ ഹയർ സെക്കൻഡറി കാലഘട്ടത്തിൽ ആശ്രമം വിട്ടുപോയപ്പോഴും, പിന്നീട് പരിശീലന കാലഘട്ടത്തിൽ അനുഭവപ്പെട്ട ചില പ്രതിസന്ധിഘട്ടങ്ങളിലും ഷൈജു ശെമ്മാശൻ പ്രകടമാക്കിയ ധീരതയും ദൈവാശ്രയവും വരുംതലമുറയ്ക്ക് മാതൃകയാണ്. അതേപോലെ ഷൈജു ശെമ്മാശനിലെ ശുശ്രൂഷാ പുരോഹിതനെ വാർത്തെടുക്കാൻ ദൈവത്താൽ നിയോഗിക്കപ്പെട്ട എല്ലാ ഗുരുക്കന്മാരെയും, തുണയായി നൽകപ്പെട്ട അദ്ദേഹത്തിന്റെ സഹപാഠികളേയും ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.

അനേകരുടെ കണ്ണീരൊപ്പാൻ കഴിയുന്ന, ജ്ഞാനമുള്ള, അറിവുള്ള, വിവേകമുള്ള, വിശ്വസ്ഥനായ, വിശ്വാസിയായ, ധീരനായ സന്ന്യാസപുരോഹിതനാകുവാൻ ഷൈജു ശെമ്മാശനെ ദൈവം അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഷൈജു ശെമ്മാശനെ ബഥനിക്കു സമ്മാനിച്ച മാതാപിതാക്കളെയും സഹോദരങ്ങളെയും നന്ദിയോടെ ദൈവകരങ്ങളിൽ സമർപ്പിക്കുന്നു. ദൈവത്തിന്റെ തോട്ടത്തിലെ കർമ്മകുശലനായ ശുശ്രൂഷകനാകുവാൻ ദൈവം ഷൈജു ശെമ്മാശനെ അനുഗ്രഹിക്കട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു.

# എനിക്കെല്ലാം ക്രിസ്തുവാണ്...

ഫാ. ജോസഫ് ഷൈജു ഒ.ഐ.സി.

ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിതനായിരിക്കുന്നു ഇനിമേൽ ഞാനല്ല ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത് (ഗലാ.2:20)

പൗരോഹിത്യം വെറുമയുടെ ജീവിതമാകണം. വെറുക്കപ്പെടേണ്ടതും, ഉപേക്ഷിക്കപ്പെടേണ്ടതും ഉള്ളിലെ സ്വാർത്ഥതകളാണ്. ക്രിസ്തുവിനായി മാറ്റപ്പെട്ടവന് ഒന്നിനെയും ഹൃദയത്തോട് ചേർക്കാനാവില്ല... ക്രിസ്തുവിനെയല്ലാതെ. ഈ ജീവിതയാത്രയിൽ ഹൃദയത്തെ വല്ലാതെ തപിപ്പിക്കുന്ന ഒരു ചിത്രം സ്നാപക യോഹന്നാന്റേതാണ്... ആരായിരുന്നു അയാൾ... താനാരാണെന്ന ചോദ്യത്തിനു വ്യക്തമായ ഉത്തരം ഇല്ലാതിരുന്നൊരാൾ... അയാൾക്കെല്ലാം ക്രിസ്തുവായിരുന്നു. പുറകെ വരുന്നവനു വഴിയൊരുക്കുന്ന തത്രപ്പാടിനിടയിൽ സ്വന്തം അസ്ഥിത്വം മറന്നുപോയൊരാൾ... ഇന്നയാൾ എന്നെ ഒത്തിരിയധികം ചിന്തിപ്പിക്കുന്നുണ്ട്. വിശുദ്ധ ഗ്രന്ഥത്തിൽ ഇടറാതെ നിൽക്കുന്ന ചുരുക്കം ചിലരിൽ ഒരാളാണ് അയാൾ... കാരണം ഒന്നേയുള്ളു ക്രിസ്തുവിനപ്പുറം അയാൾക്ക് ഒന്നുമുണ്ടായിരുന്നില്ല. അയാൾ ഇടറിയതു മുഴുവൻ ക്രിസ്തുവിലായിരുന്നു... അഹങ്കരിച്ചതു മുഴുവൻ ക്രിസ്തുവിലായിരുന്നു. ഒരു ക്രിസ്തുദർശനത്തിനൊടുവിൽ തിരശ്ശീലകൾക്കു പിന്നിലേക്ക് മറയുമ്പോഴും അയാൾ പറയുന്നുണ്ടായിരുന്നു "അവൻ വളരുകയും ഞാൻ കുറയുകയും വേണം." വിശുദ്ധ ഗ്രന്ഥം അയാളെ അവതരിപ്പിച്ചത് വഴിയൊരുക്കുന്നവനായിട്ടാണ്. അതെ, അയാൾ ഇന്ന് എനിക്കും ഒരു വഴി കാട്ടിയാണ്. ക്രിസ്തുവിലേക്കുള്ള എന്റെ പാതകൾക്ക് വഴിതെളിക്കുന്നൊരാൾ. ഇന്ന് പരിശീലനത്തിന്റെ പാരമ്യത്തിൽ പൗരോഹിത്യത്തിന്റെ പച്ചമണ്ണിലേക്ക് ചുവടുവയ്ക്കുമ്പോൾ ഉള്ളിൽ ഉയരുന്നത് ഒരേയൊരു പ്രാർത്ഥനാമന്ത്രമാണ്, "ഇനിമേൽ ഞാനല്ല തമ്പുരാനേ അവിടുന്നാണ് എന്നിൽ ജീവിക്കേണ്ടത്."

ഉള്ളിൽ എവിടെയോ മുളച്ചുപൊങ്ങിയ പൗരോഹിത്യ സ്വപ്നങ്ങൾ തളിർത്ത് ഇന്നു പൂ ചൂടാൻ കാലമായി. ഈ ജീവിതയാത്രയിൽ ഉള്ളിൽ ഉണരുന്ന വികാരം നന്ദിയുടേത് മാത്രമാണ്. ചുവടു പൊട്ടിയ ഓട്ടക്കലത്തിൽ പൗരോഹിത്യത്തിന്റെ അമൂല്യനിധി നിക്ഷേപിച്ച തമ്പുരാൻ... ജീവിതാനുഭവങ്ങളുടെ ദുർമുഖത്ത് ഹൃദയവും മനസ്സും നീറി നിന്നപ്പോൾ അദൃശ്യ സാന്നിദ്ധ്യം കൊണ്ട് മനസ്സിനെ ബലപ്പെടുത്തിയ തമ്പുരാൻ... അർഹതയില്ലാത്ത അനുഗ്രഹങ്ങൾക്ക് പകരം നൽകാനുള്ളത് തമ്പുരാനേ ഈ ജീവിതം മാത്രമാണ്.

ഉള്ളുനിറയെ സ്നേഹത്തോടെ ദൈവത്തിങ്കലേക്ക് കൈപിടിച്ചു നടത്തിയ മാതാപിതാക്കൾ... അവരുടെ വിരിഞ്ഞ കൈകളിലും, നിറഞ്ഞ കണ്ണുകളിലുമാണ് ഇന്നെന്റെ പൗരോഹിത്യം ഉറപ്പിക്കപ്പെട്ടിരിക്കുന്നത്. സഹോദരസ്നേഹത്തിന്റെ വിരുന്നൂട്ടിയ പ്രിയപ്പെട്ട സഹോദരങ്ങൾ... ഈ ബലിപീഠത്തിലേക്ക് എന്നെ നയിച്ചത് എന്റെ ചുവടുകൾക്ക് അവരേകിയ കരുതലിന്റെ കരുത്താണ്. പ്രാർത്ഥനയും പ്രോത്സാഹനവുമായി ബലിപീഠത്തിലേക്ക് എന്നെ അനുധാവനം ചെയ്ത പ്രിയപ്പെട്ട ബന്ധുമിത്രാദികൾ... നിഷ്കളങ്ക സ്നേഹത്തിന്റെ കാണാച്ചരടിൽ ബന്ധിച്ച് പ്രചോദനമായി നിലകൊണ്ട പ്രിയ സുഹൃത്തുക്കൾ... സന്ന്യാസ-പൗരോഹിത്യ ജീവിതയാത്ര

കളിൽ താങ്ങും തണലുമായി എന്നെ സ്നേഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത പ്രിയപ്പെട്ട ഇടവകാംഗങ്ങൾ...

സ്നേഹവും പ്രോത്സാഹനവുമേകി വഴിനടത്തിയ വന്ദ്യ ജനറാളച്ചന്മാർ, പ്രൊവിൻഷ്യലച്ചന്മാർ... പരിശീലനത്തിന്റെ വിവിധ കാലഘട്ടങ്ങളിൽ നിറസാന്നിദ്ധ്യമായി തമ്പുരാനിലേക്ക് എന്നെ വഴിനടത്തിയ ഗുരു അച്ചന്മാർ... ആത്മീയ ജീവിതത്തിന്റെ മരുഭൂവനുഭവങ്ങളിൽ പോലും വസന്തം തീർത്ത പ്രിയപ്പെട്ട ആത്മീയ പിതാക്കന്മാർ... പ്രാർത്ഥനകൊണ്ടും, സ്നേഹം കൊണ്ടും, കരുതൽകൊണ്ടും എന്നും പ്രചോദനവും പ്രോത്സാഹനവുമായി നിലനിന്ന വികാരി അച്ചന്മാർ, സിസ്റ്റേഴ്സ്... തമ്പുരാനിലേക്കുള്ള ഈ യാത്രയിൽ സാഹോദര്യത്തിന്റെ തണലേകി കൂടെ നടന്ന് കണ്ണൊന്നു നിറഞ്ഞപ്പോഴും, ഉള്ളു കരഞ്ഞപ്പോഴും സഹോദരതുല്യം കരുതി വഴി നടത്തിയ പ്രിയ ബാച്ചുകാർ... സഹോദരസ്നേഹത്തിന്റെ കരുതൽ നൽകി എന്നും വഴികാട്ടിയായി നിൽക്കുന്ന ജ്യേഷ്ഠ ബഥാന്യർ... പരിശീലനത്തിലുടനീളം സാഹോദര്യത്തിന്റെ തണലേകി കൂടെനിന്ന പ്രിയ അനുജന്മാർ... ഈ ജീവിതയാത്രയിൽ പ്രാർത്ഥനയുടെ കരം എനിക്കായി ഉയർത്തി വിശുദ്ധ സാന്നിദ്ധ്യമായി കൂടെ നിന്നവർക്ക് ഒരായിരം നന്ദി.

ഇനിയീ ജീവിതയാത്രയിൽ, പൗരോഹിത്യത്തിന്റെ പച്ചമണ്ണിൽ ചവിട്ടി നിൽക്കുമ്പോൾ മനസ്സു മന്ത്രിക്കുന്നതും സ്നാപക യോഹന്നാന്റേതു പോലെയാണ്, “അവൻ വളരുകയും ഞാൻ കുറയുകയും വേണം.” ഈയൊരു പ്രാർത്ഥനാമന്ത്രം അനുനിമിഷം എന്നിൽ നിറഞ്ഞ് ക്രിസ്തു എന്നിൽ ജീവിക്കുവാനായി എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ.

“It is very helpful to confess with a certain regularity.
It is true: our sins are always the same,
but we clean our homes, our rooms,
at least once a week, even if the dirt is always the same, in order to live in cleanliness, in order to start again.
Otherwise, the dirt might not be seen, but it builds up. Something similar can be said about the soul.”

**POPE BENEDICT XVI**



# വിളിച്ചവനിലേക്ക് വിശ്വസ്തതാ പൂർവ്വം

**രാജൻ & സുധാ രാജൻ**
(ജിത്തു ജോൺ അച്ചന്റെ മാതാപിതാക്കൾ)

"നിങ്ങളെ വിളിക്കുന്നവൻ വിശ്വസ്തനാണ്. അവിടുന്ന് അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യും" (1തെസ 5:24).

സർവ്വശക്തനായ ദൈവത്തിന്റെ അനന്തമായ സ്നേഹവും കരുതലും ഉണ്ടായതുകൊണ്ട് ഞങ്ങളുടെ മകൻ ഡീക്കൻ ജിത്തു (ജിത്തു ജോൺ) പൗരോഹിത്യ പദവിയിലേയ്ക്ക് ഉയർത്തപ്പെടുന്നു. 1993-ഏപ്രിൽ 22-ന് ജിത്തു ജനിച്ചത്. എയ്ഞ്ചൽസ് സ്കൂളിൽ പ്രൈമറി വിദ്യാഭ്യാസവും തുടർ പഠനം നെല്ലിമൂട് കോൺവെന്റിലും കാഞ്ഞിരംകുളം പി. കെ.എസ്. എസ് ഹൈസ്കൂളിലും പൂർത്തിയാക്കി. തുടർന്ന് +1, +2 കുളത്തൂർ വി.എച്ച്.എസ്.എസ്-ലും പഠിച്ചു.

നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി 88 വർഷത്തെ കാത്തിരിപ്പിനൊടുവിൽ പൂവാർ ഇടവകയ്ക്ക് ലഭിച്ച ആദ്യത്തെ പൗരോഹിത്യ ദൈവവിളിയാണ് ജിത്തുവിന്റേത്. എല്ലാവരുടെയും പ്രാർത്ഥനയും പ്രോത്സാഹനവും ദൈവീക അനുഗ്രഹവും ഞങ്ങളുടെ മകനെ ഒത്തിരിയേറെ ബലപ്പെടുത്തി. വിശ്വസ്തനായവൻ വിളിച്ചപ്പോൾ യോഗ്യതയില്ലാത്ത ഞങ്ങളുടെ കുടുംബത്തിൽ നിന്നും ഒരു ദൈവവിളിയുണ്ടായി. അതിൽ ഞങ്ങൾ അത്യധികം സന്തോഷിക്കുന്നു. കുഞ്ഞുന്നാൾ മുതൽ തന്നെ പ്രാർത്ഥനയിലും ദൈവാലയ ശുശ്രൂഷയിലും താത്പര്യം ജിത്തു കാണിച്ചിരുന്നു. പൂവാർ ദേവാലയത്തിലെ അൾത്താര ശുശ്രൂഷകരിൽ ഒരാൾ ആയിരുന്നു ഞങ്ങളുടെ മകൻ. എന്നാൽ വൈദികനാകാൻ പോകുന്നു എന്ന മകന്റെ തീരുമാനം ഞങ്ങളെ അത്യധികം ഞെട്ടിച്ചു. ഞങ്ങൾക്കു ജിത്തുവിനെ കൂടാതെ ഒരു മകൾ കൂടിയുണ്ട്. ഒരു ആൺകുഞ്ഞായിരുന്നതിനാൽ വൈദികനായി പഠിക്കാൻ പോകുന്നതിൽ ഞങ്ങൾക്ക് (പപ്പ) താൽപര്യമില്ലായിരുന്നു. എന്നാൽ വീടുവിട്ട് ഇറങ്ങുമെന്നുള്ള തീരുമാനം അവൻ കൈക്കൊണ്ടപ്പോൾ ഞങ്ങൾ ദൈവികപദ്ധതിക്ക് സമ്മതം നൽകി. കുടുംബത്തിന് തുണയാകേണ്ടവൻ എന്ന് ഞങ്ങൾ വിചാരിച്ച ഞങ്ങളുടെ മകൻ അനേകം കുടുംബങ്ങളുടെ തുണയാകേണ്ടവൻ ആണ് എന്ന് ഞങ്ങൾ അഭിമാനപൂർവ്വം തിരിച്ചറിയുന്നു.

ദൈവത്തിന്റെ മഹത്വം വളരെ ഉന്നതമാണ്. മനുഷ്യഹൃദയങ്ങൾക്ക് ഗ്രഹിക്കാൻ കഴിയാത്ത ദൈവീകപദ്ധതികളെ മനുഷ്യരുടെ കരങ്ങൾ കൊണ്ട് തന്നെ സാധ്യമാക്കുന്ന അത്യുന്നതൻ തന്നെ സ്നേഹിക്കുന്നവർക്ക് ദൈവം ഒരുക്കിവെച്ചിരിക്കുന്നത് വലിയ വലിയ കാര്യങ്ങളാണ്. ബലഹീനരെ ശക്തിപ്പെടുത്തുന്ന ദൈവകൃപ ഇന്ന് ഞങ്ങളുടെ മകനിലൂടെ ഞങ്ങൾ തിരിച്ചറിയുന്നു. ഞങ്ങളുടെ മകൻ വൈദികനായി അഭിഷിക്തനാകുമ്പോൾ, ആയതിന് സഹായകമായ പരിശീലനവും ശിക്ഷണവും അനുഗ്രവും നൽകി വളർത്തിക്കൊണ്ടു വന്ന ബഥനി സന്ന്യാസ സമൂഹത്തിലെ എല്ലാ വൈദികരെയും കൂടാതെ പ്രാർത്ഥനയിലൂടെയും പ്രോത്സാഹനങ്ങളിലൂടെയും മറ്റും അനുഗ്രഹിച്ച വന്ദ്യപിതാക്കന്മാർ, സിസ്റ്റേഴ്സ്, പ്രത്യേകമായി സി. സംപ്രീത, ഗുരുക്കന്മാർ, ഇടവകാംഗങ്ങൾ ബന്ധുമിത്രാദികൾ നല്ലവരായ നാട്ടുകാർ എല്ലാവരെയും ഇത്തരുണത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

മകന്റെ പൗരോഹിത്യ ജീവിതത്തിൽ വിളിച്ചവൻ തന്നെ മുന്നോട്ടുള്ള ജീവിതം കാത്തുകൊള്ളട്ടെ. ഞങ്ങൾ അർപ്പിക്കുന്ന ഒരോ ജപമാല മണികളിലും മകനെ പ്രാണനായി സ്നേഹിക്കുന്ന അപ്പന്റെയും അമ്മയുടെയും അനിയത്തിയുടെയും അർത്ഥനകൾ ഉണ്ടാകും. പ്രാർത്ഥനയിലൂടെയും, പ്രോത്സാഹനത്തിലൂടെയും സഹായിച്ച എല്ലാ നല്ലവർക്കും ഒരിക്കൽ കൂടി നന്ദി അർപ്പിക്കുന്നു.

# ബലിയർപ്പകനായി ബലിവേദിയിൽ വിശുദ്ധീകരണത്തിന്റെ ബലിപീഠത്തിൽ

**ശ്രീ. രാജേന്ദ്രൻ. ജെ**
ഇടവക സെക്രട്ടറി

ബലിയർപ്പകനായ ജിത്തു അച്ചന് എല്ലാ ദൈവാനുഗ്രഹങ്ങളും നേരുന്നു...

പൂവാർ സെന്റ് ആന്റണീസ് ഇടവകയിലെ പള്ളിനട സ്നേഹതീരത്തിൽ ശ്രീ രാജന്റെയും ശ്രീമതി സുധാ രാജന്റെയും രണ്ട് മക്കളിൽ മൂത്ത മകനായി 1993 ഏപ്രിൽ 22 ന് ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം നെല്ലിമൂട് സ്റ്റെല്ലാ മേരീസ് എൽ.പി.സ്കൂൾ, ഹൈസ്കൂൾ പഠനം പി. കെ.എസ്.എസ് സ്കൂളിലും, ഹയർ സെക്കന്ററി പഠനം കുളത്തൂർ ഗവ.ഹയർ സെക്കണ്ടറി സ്കൂളിലും പൂർത്തിയാക്കി. അവധികാലത്ത് B.B.S camp-നു ശേഷം നെടുമങ്ങാട് വച്ചു നടന്ന ദൈവവിളി ക്യാമ്പിൽ പങ്കെടുക്കുകയും, തുടർന്ന് 2012 മെയ് 23-ന് നാലാഞ്ചിറ ബഥനി ആശ്രമത്തിൽ ചേർന്ന് ദൈവവിളിക്ക് അനുസൃതമായി ജീവിക്കാൻ ജിത്തു ശെമ്മാശൻ തീരുമാനിച്ചു.

ഞങ്ങളുടെ ഇടവകയിൽ നിന്നും ആദ്യമായി ദൈവീക പട്ടം സ്വീകരിക്കുന്ന വൈദികനാണ് ബഹുമാനപ്പെട്ട ജിത്തു അച്ചൻ. ജിത്തു അച്ചന്റെ ദൈവീക പട്ടത്തിൽ ഞങ്ങൾ അഭിമാനം കൊള്ളുന്നു. ഈ അവസരത്തിൽ ജിത്തു ബ്രദറിനെ വൈദികനാക്കാൻ പ്രചോദനം നൽകിയ സിസ്റ്റർ സംപ്രീത ഡി.എം.-ന് ഞങ്ങൾ നന്ദി അർപ്പിക്കുന്നു.

സൗമ്യതയോടും സ്നേഹത്തോടുമുള്ള പെരുമാറ്റവും, ആരാധന ശുശ്രൂഷയിലുള്ള ഭക്തിയും, മുതിർന്നവരോടുള്ള എളിമയും ബഹുമാനവും ചെറുപ്പം മുതൽ ജിത്തു അച്ചനിൽ പ്രകടമായിരുന്നു. തികച്ചും സൗമ്യ സ്വഭാവമുള്ള ജീവിതം ഞങ്ങളുടെ യുവജന സഹോദരങ്ങൾക്ക് ഒരു മാതൃകയായിരുന്നു. ശ്രുതി മധുരമായ ഗാനാലാപനവും അഭിനയപാഠവും അച്ചനെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനാക്കിയിരുന്നു.

ജിത്തു അച്ചന്റെ ദൈവിക കൂദാശയുടെ മഹത്വം പുതുതലമുറയ്ക്ക് പ്രചോദനം നൽകി ദൈവവിളിയിലേക്ക് യുവജനങ്ങളെ നയിക്കുമാറാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ദാരിദ്ര്യത്തിലും കഷ്ടതയിലും ഉഴലുന്ന ജനതയ്ക്ക് നന്മയുടെയും ആശ്വാസത്തിന്റെയും കരുണയുടെയും സമാധാനത്തിന്റെ വഴികൾ തുറക്കപ്പെടാൻ കണ്ണീരോടും ഹൃദയവേദനയോടും ദൈവതിരുമുൻപിൽ ഹൃദയം അർപ്പിക്കുന്ന ജനത്തെ കണ്ടെത്താൻ അങ്ങയുടെ പൗരോഹിത്യ യാത്രയ്ക്ക് കഴിയുമാറാകട്ടെ...

സ്നേഹ ബഹുമാനമുള്ള ജിത്തു അച്ചാ, അച്ചന്റെ പൗരോഹിത്യജീവിതം ദൈവജനത്തിന് പുതിയ ഉണർവ് പകരട്ടെ. അച്ചന്റെ സാന്നിധ്യവും സാമീപ്യവും വേദനിക്കുന്ന ജനഹൃദയങ്ങൾക്ക് സാന്ത്വനം പകരട്ടെ എന്ന് പ്രാർത്ഥിക്കുന്നു... ആശംസിക്കുന്നു...

# നല്ല ഇടമാകുന്ന ജിത്തുശെമ്മാശൻ

ബ്രദർ. അഗസ്റ്റിൻ വി. ഒ.ഐ.സി

ഞാൻ നല്ല ഇടയനാകുന്നു; നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നു. (യോഹ 10:11)

ക്രിസ്തുമാർഗം.... ബലിയാകേണ്ടവൻ ബലിവേദിയിലേയ്ക്ക്....

പരിശീലന കാലഘട്ടത്തിലെ ഒരു പതിറ്റാണ്ടിനപ്പുറം സ്വപ്നസാക്ഷാത്കാരത്തിന്റെ ധന്യ നിമിഷം...

അനേകരുടെ ഹൃത്തിൽ ഇടമാകാനും... ഇടയനാകാനും

പുണ്യപുരോഹിതാ ധന്യമാകട്ടെ നിൻ ജീവിതം

ലോകം എത്രതന്നെ മാറിയാലും നിത്യപുരോഹിതനായ യേശുക്രിസ്തുവിന്റെ മഹനീയ വാഴ്ച പുരോഹിത ഗണങ്ങളിലൂടെ നമുക്ക് കാണുവാൻ സാധിക്കുന്നു. ക്രിസ്തു പ്രദാനം ചെയ്ത പൗരോഹിത്യം ശിഷ്യരിലൂടെയും പിന്നീട് മെത്രാന്മാരിലൂടെയും പകർന്നു ക്രിസ്തുസഭയിലേയ്ക്ക് നൽകപ്പെടുന്നു. ആദിമുതലെ തന്റെ പരിശുദ്ധാത്മാവിനെ വഹിക്കുവാൻ തക്കവണ്ണം ക്രിസ്തു തന്റെ ഗണത്തെ പ്രാപ്തരാക്കികൊണ്ടേയിരിക്കുന്നു. ബഥനിയിലൂടെ ക്രിസ്തുവാൽ ഒരുക്കപ്പെട്ട അഞ്ചു പേർ, ഞങ്ങളുടെ സ്വന്തം ജ്യേഷ്ഠസഹോദരർ നിത്യപൗരോഹിത്യത്തിലേയക്ക് പ്രവേശിക്കുമ്പോൾ അനേകരോടൊപ്പം ഞങ്ങളും പ്രാർത്ഥനാമഞ്ജരികൾ നേരുന്നു.

ഏതാണ്ട് 10 വർഷങ്ങൾക്ക് മുൻപേയാണ് ജിത്തു ശെമ്മാശനെ ഞാൻ ആദ്യമായി കാണുന്നത്. ഞാൻ അർത്ഥിയായി നാലാഞ്ചിറ ബഥനി നഗർ ആശ്രമത്തിൽ വന്നപ്പോൾ കൂടെ നടക്കാൻ ഒരു ജ്യേഷ്ഠസഹോദരനും ഉണ്ടെന്ന് ഞാൻ മനസ്സിലാക്കി. ആ വർഷമാണ് ഞാൻ ബാച്ചുകാരനെ കുറിച്ച് കൂടുതലായി മനസ്സിലാക്കുന്നതും. 88 വർഷത്തെ പാരമ്പര്യമുള്ള പൂവാർ ഇടവകയിൽ നിന്ന് ആദ്യമായി ലഭിച്ച ഒരു സന്ന്യാസ ദൈവവിളിയാണ് ബഹുമാനപ്പെട്ട ജിത്തു ശെമ്മാശൻ. 1993 ഏപ്രിൽ 22- ന് പനംകാലവീട്ടിൽ ശ്രീമാൻ രാജന്റെയും ശ്രീമതി സുധയുടെയും രണ്ടു മക്കളിൽ മൂത്ത മകനായാണ് ജിത്തു ശെമ്മാശന്റെ ജനനം. എയ്ഞ്ചൽസ് സ്കൂളിലും നെല്ലിമൂട് കോൺവെന്റ് സ്കൂളിലുമായി പ്രൈമറി-അപ്പർ പ്രൈമറിവിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്ന് കാഞ്ഞിരംകുളം പി.കെ.എസ്.എസ്.സ്കൂളിൽ ഹൈസ്ക്കൂൾ പഠനവും കുളത്തൂർ വി.എച്ച്.എസ്.എസ്. സ്കൂളിൽ പ്ലസ് വൺ, പ്ലസ് ടു, വിദ്യാഭ്യാസവും പൂർത്തിയാക്കി. ദേവാലയത്തിലെ എല്ലാ കാര്യങ്ങളിലും പ്രശോഭിച്ചിരുന്ന ജിത്തു ശെമ്മാശൻ ആശ്രമത്തിൽ ചേരുക എന്ന തീരുമാനം എടുക്കുന്നത് തന്റെ പ്ലസ് ടു കാലഘട്ടത്തിന് ശേഷമാണ്.

തന്റെ ഏക സഹോദരിയെയും കുടുംബത്തെയും തന്റെ തമ്പുരാന്റെ കരങ്ങളിൽ ഏൽപിച്ച് വിളിച്ചവന്റെ വഴി ശെമ്മാശൻ തിരഞ്ഞെടുത്തു. തീരുമാനമെടുക്കാൻ ഒരുപാടു വെല്ലുവിളികൾ ഉണ്ടായിരുന്നപ്പോഴും തന്റെ നാഥന്റെ പാത തിരഞ്ഞെടുക്കണം എന്ന ബോധ്യം വളരെ ഉറച്ചതായിരുന്നു. അതുകൊണ്ട് തന്നെയാണ് 2012- ൽ നാലാഞ്ചിറ ബഥനി നഗർ ആശ്രമത്തിൽ അർത്ഥിയായി ചേർന്നതും. അന്നുതൊട്ടു ഇന്നുവരെ തന്റെ വിളിയെ ഒരു മൺപാത്ര നിധി പോലെ ഹൃത്തിൽ ഉടയാതെ സൂക്ഷിക്കാൻ ശെമ്മാശന് കഴിഞ്ഞു. നോവിഷ്യേറ്റ് കാലഘട്ടം ആലുവായിലും, പിന്നീട് തത്വശാസ്ത്രം പൂനാ ജ്ഞാനദീപാ കോളേജിലും പൂർത്തിയാക്കി.

തന്റെ റീജൻസി കാലഘട്ടത്തിന് ശേഷം പൂനായിൽ ബഥനി വേദവിജ്ഞാന പീഠം, ജ്ഞാനദീപ എന്നിവിടങ്ങളിലായി പരിശീലന കാലഘട്ടം പൂർത്തിയാക്കി. ഈ കാലയളവിൽ എല്ലാം അച്ചൻ തന്റെ ജീവിതത്തെ മറ്റുള്ളവർക്ക് വെളിച്ചമാക്കാൻ ഒരുക്കുകയായിരുന്നു. എന്റെ പരിശീലന ജീവിതത്തിലെ ഏകദേശം ആറുവർഷക്കാലം ഒരുമിച്ചുണ്ടായതിന്റെ പശ്ചാത്തലത്തിൽ എനിക്ക് ഉറപ്പിച്ചു പറയാൻ സാധിക്കും ക്രിസ്തുമാർഗമല്ലാതെ മറ്റൊരു മാർഗം അദ്ദേഹത്തിന്റെ ജീവിത ത്തിൽ ഉണ്ടായിരുന്നില്ല.

പരിശീലന കാലയളവിലെ ആദ്യവർഷങ്ങളിൽ തന്നെ തന്റെ കഴിവുകളെ മൂർച്ചപ്പെടുത്തി എടുക്കുന്ന ശെമ്മാശനെയാണ് ഞങ്ങൾ കണ്ടത്. ഏതുകാര്യത്തിനും ഒഴിച്ചു നിർത്താൻ കഴി യാത്ത വ്യക്തിയായി ജിത്തു ശെമ്മാശൻ മാറി. ഏതൊരു കാര്യമായാലും അതൊക്കെ തന്റെ കഴിവിന്റെ പരമാവധി നൽകിക്കൊണ്ട് മേന്മയുള്ളതാക്കാൻ ശെമ്മാശൻ പരിശ്രമിക്കും. പാട്ടു പാടാനും, കീബോർഡ് വായിക്കാനും, ബഥനി ബൈബിൾ സ്റ്റഡീസ് പുസ്തകങ്ങൾ രൂപകൽപന ചെയ്യാനും, ഫോട്ടോഷോപ്പ് ചെയ്യാനും, ഡാൻസ് ചെയ്യാനും, കമ്മ്യൂണിറ്റിയിൽ തമാശകൾ പങ്കുവെയ്ക്കാനുമുള്ള കഴിവുകൾ ജിത്തുശെമ്മാശനിൽ എടുത്തു പറയേണ്ടതാണ്. ഏതൊരു കാര്യത്തെയും വളരെ വ്യത്യസ്ഥമായി കണ്ടുകൊണ്ട് പുതിയ കാഴ്ചപ്പാടുകൾ നേടിയെടുക്കാൻ ജിത്തു ശെമ്മാശന് കഴിഞ്ഞിരുന്നു. ശെമ്മാശന്റെ കഴിവുകൾ കൊണ്ട് ബഥനി ബൈബിൾ സ്റ്റഡീസ് ക്യാംപുകൾ കുട്ടികൾക്ക് വളരെ വ്യത്യസ്ഥമായ അനുഭവം സമ്മാനിക്കാൻ സാധി ച്ചിട്ടുണ്ട്. ക്യാംപുകളിൽ മാത്രമല്ല താൻ ആയിരിക്കുന്ന ആശ്രമങ്ങളിലും തന്റെ നേതൃത്വ പാടവം പ്രദർശിപ്പിച്ചിരുന്നു. അതിന്റെ ഫലമെന്നോണം പൂനാ ആശ്രമത്തിലെ ബീഡിൽ ആയി ഒരു വർഷം സേവനം അനുഷ്ഠിച്ചു. ഈ നേട്ടങ്ങളൊക്കെ കൈവരിച്ചാലും എളിമ കൈവെടിയാത്ത ഒരു വ്യക്തിത്വമായിരുന്നു ശെമ്മാശന്റെത്. എല്ലാവരോടും സ്നേഹത്തിൽ പെരുമാറാനും എല്ലാ വരുടെയും എല്ലാമായി സുവിശേഷ മൂല്യങ്ങൾ പങ്കുവെയ്ക്കുവാൻ ശെമ്മാശന് സാധിച്ചു. ആരോടും ദേഷ്യപ്പെടുന്നതായിട്ടോ കയർത്തു സംസാരിക്കുന്നതായിട്ടോ ഞാൻ കണ്ടിട്ടില്ല. എന്ത് പ്രശ്നങ്ങൾ വന്നാലും വളരെ ക്രിയാത്മകമായി പ്രശ്നങ്ങളെ നേരിടാനും പരിഹരിക്കു വാനും ശെമ്മാശന് കഴിഞ്ഞിരുന്നു.

ഇടംതേടിയുള്ള ക്രിസ്തുവിന്റെ അലച്ചിൽചെന്ന് നിൽക്കുന്നത് നമ്മുടെ ഒക്കെ ഹൃദയ ങ്ങളുടെ വാതിലിലാണ്. അതേ കർത്തവ്യമാണ് ഇടയന്റെ മക്കൾക്കും നൽകപ്പെട്ടിരിക്കുന്നത്. നാഥനെ ഹൃത്തിൽ സ്വീകരിച്ചുകൊണ്ട് മറ്റ് അനേകരുടെ സങ്കടങ്ങൾക്ക് നാം ഇടം നൽകണം. ജിത്തു ശെമ്മാശന്റെ ജീവിതത്തിലും ക്രിസ്തു നാഥന്റെ ഇതേ മനോഭാവമാണ് നാം കാണുന്ന ത്. മറ്റുള്ളവർക്ക്വേണ്ടി സ്വയത്തെ വ്യയംചെയ്യുവാനും, അവർക്കുവേണ്ടി സമയം ചെലവഴി ക്കുവാനും ശെമ്മാശന് ഒരു മടിയും ഉണ്ടായിരുന്നില്ല. സങ്കടപ്പെടുന്നവന് ശെമ്മാശന്റെ മന സ്സിൽ വലിയ ഒരു ഇടമുണ്ട്. അത് എല്ലാവരെയും ഉൾക്കൊള്ളാൻ സാധിക്കുന്ന തുറവിയുള്ള ഒരു ഇടമാണ്. ഇതാണല്ലോ ക്രിസ്തുവും ആഗ്രഹിക്കുന്നതും നമ്മുടെ മുന്നിൽ ജീവിച്ച് കാണി ച്ചതും. ലോകത്തെ മുഴുവൻ ക്രിസ്തു തന്റെ സ്വന്തം ഹൃദയത്തിൽ ഉൾക്കൊള്ളിച്ചു.

പ്രിയ ജിത്തു ശെമ്മാശാ, ശെമ്മാശന്റെ സ്നേഹവും എളിമയും ഞങ്ങൾ സഹോദരങ്ങൾ ആവോളം അനുഭവിച്ചതാണ്. ഇനി ലോകത്തിന് വേണ്ടി പ്രകാശിക്കാനും, അനേകർക്ക് ഇട മാകാനുമായി പൗരോഹിത്യ യാത്ര പുറപ്പെടുന്നു. ഈ യാത്ര ലോകത്തിന് നന്മയായി തീരട്ടെ എന്നാശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.

# ദൈവദാനമീ... ജീവിതം

**ഫാ. ജിത്തു ജോൺ ഒ.ഐ.സി**

ജീവിതം ദൈവത്തിന്റെ ദാനമാണ്. ഈ ഭൂമിയിൽ ജനിക്കുന്ന നിമിഷം മുതൽ അനേകം വ്യക്തികളുടെ സ്നേഹവും കരുണയും ജീവിതാനുഭവങ്ങളുമാണ് ഓരോവ്യക്തിയെയും രൂപീകരിക്കുന്നത്. ഇന്ന് ക്രിസ്തുവിന്റെ ബലിപീഠത്തോട് ചേർന്ന് നിൽക്കുമ്പോൾ എന്റെ ജീവിതത്തിൽ പ്രകാശം പരത്തിയവർക്ക് ഹൃദയം നിറഞ്ഞ നന്ദി അർപ്പിക്കുന്നു.

എന്നെ അനേകരിലൂടെ നയിക്കുകയും ഉള്ളം കയ്യിൽ പേരെഴുതി തന്റെ ചിറകിൻകീഴിൽ സംരക്ഷിക്കുകയും ചെയ്യുന്ന തമ്പുരാന്റെ മുമ്പിൽ നന്ദി നിറഞ്ഞ ഹൃദയത്തോടെ പ്രണമിക്കുന്നു. സങ്കീർത്തകനോട് ചേർന്ന് ഞാനും പറയുന്നു. "കർത്താവ് എന്റെ മേൽ ചൊരിഞ്ഞ അനുഗ്രഹങ്ങൾക്ക് ഞാൻ എന്ത് പകരം കൊടുക്കും? ഞാൻ രക്ഷയുടെ പാനപാത്രം ഉയർത്തി കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കും. അവിടുത്തെ ജനത്തിന്റെ മുമ്പിൽ കർത്താവിന് ഞാൻ എന്റെ നേർച്ചകൾ നിറവേറ്റും" (സങ്കീ.116:1214).

എനിക്ക് ജന്മം നൽകുകയും... എന്നെ ഏറെ സ്നേഹിക്കുകയും... എന്നെ പ്രാർത്ഥനയിലൂടെ ശക്തിപ്പെടുത്തുകയും ചെയ്യുന്ന എന്റെ മാതാപിതാക്കൾ... സ്നേഹത്തോടെ എന്റെ കുറവുകളിലും നിറവുകളിലും കൂടെയായിരുന്ന സഹോദരി... പ്രാർത്ഥനയ്ക്കും പ്രോത്സാഹനത്തിനും നന്ദി. എന്നെ ബലപ്പെടുത്തിയ കുടുംബാംഗങ്ങൾ... ബന്ധുക്കൾ... എന്റെ നന്മ മാത്രം ആഗ്രഹിക്കുകയും പ്രാർത്ഥനയിലൂടെ എന്നെ ശക്തിപ്പെടുത്തുകയും ചെയ്യുന്ന എന്റെ ഇടവകാംഗങ്ങൾ, അയൽക്കാർ, അറിവിന്റെ തിരിനാളം എന്നിൽ തെളിയിച്ച ഗുരുക്കന്മാർ, മതാദ്ധ്യാപകർ, എനിക്ക് വേണ്ടി പ്രാർത്ഥനയുടെ കരം നീട്ടിയ എന്റെ പ്രിയപ്പെട്ടവർ... ഏവരെയും നന്ദിയുള്ള ഹൃദയത്തോടെ ഓർക്കുന്നു. പ്രത്യേകിച്ച് എന്റെ ഉള്ളിലെ ദൈവവിളിയെ തിരിച്ചറിയാൻ സഹായിച്ച സ്നേഹം നിറഞ്ഞ സിസ്റ്റർ സംപ്രീത.ഡി.എം-നെയും, എന്നെ പ്രോത്സാഹിപ്പിച്ച എന്റെ വികാരിയായിരുന്ന ബഹു. എബ്രഹാം ചിറത്തലയ്ക്കൽ ഒ.ഐ.സി അച്ചനെയും നന്ദിയോടു കൂടി ഓർക്കുന്നു. സന്യാസ പൗരോഹിത്യ ജീവിതം തിരഞ്ഞെടുത്തത് മുതൽ ഇന്നുവരെകൃപയുടെ നീർച്ചാലുകൾ തുറന്നു തരാൻ ആത്മാർത്ഥമായി പ്രാർത്ഥിച്ച ബഹു.വൈദികരെയും സിസ്റ്റേഴ്സിനെയും കൃതജ്ഞതയോടെ സ്മരിക്കുന്നു. എന്നെ സ്നേഹത്തോടെ സ്വീകരിച്ച് എന്നിലെ നന്മകളെയും കുറവുകളെയും മനസ്സിലാക്കി വളർത്തിയ ബഥനി കുടുംബാംഗങ്ങൾക്കും, സ്നേഹവും പ്രോത്സാഹനവുമേകിയ വന്ദ്യ ജനറൽ അച്ചന്മാർ... പ്രൊവിൻഷ്യൽ അച്ചന്മാർ... ഏവർക്കും നന്ദി അർപ്പിക്കുന്നു. സന്ന്യാസ ജീവിതത്തിന്റെ ബാലപാഠങ്ങൾ മാതൃകാ ജീവിതത്തിലൂടെ എനിക്ക് പകർന്നു നൽകിയ എന്റെ പ്രിയപ്പെട്ട ഗുരുക്കന്മാർക്കും ആദ്ധ്യാത്മിക പിതാക്കന്മാർക്കും സ്നേഹിച്ചും കരുതൽ കാണിച്ചും തിരുത്തലുകൾ നൽകിയും, അനുഭവങ്ങൾ പങ്കുവെച്ചും ബലിവേദിയിലേക്കുള്ള യാത്രയിൽ എന്നോടൊപ്പം പങ്കുചേർന്ന എന്റെ സ്നേഹിതർക്കും താങ്ങും തണലുമായി എന്നോടൊപ്പം നിന്ന സഹയാത്രികരായ സഹോദരങ്ങൾക്കും... സ്നേഹത്തിന്റെ ഭാഷയിൽ നന്ദി അർപ്പിക്കുന്നു.

ഒരിക്കൽകൂടി പ്രാർത്ഥനകൊണ്ടും സ്നേഹം കൊണ്ടും ശക്തിപകർന്നവർക്ക് നന്ദിയുടെ പൂച്ചെണ്ടുകൾ അർപ്പിക്കുന്നു. ദാനമായി ലഭിച്ച ഈ ജീവിതം സമ്പൂർണ്ണമായി തമ്പുരാന് സമർപ്പിക്കുവാൻ, തമ്പുരാനെ കൈകളിൽ എടുക്കുവാനും, ദൈവജനത്തിനു വേണ്ടി വിഭജിക്കുവാനും ബലഹീനനായ എന്നെ ദൈവം സഹായിക്കട്ടെ. അതിനെ നിങ്ങളുടെ പ്രാർത്ഥന തുണയായിരിക്കട്ടെ. പ്രാർത്ഥനയിൽ ഓർക്കുമല്ലോ...

# ചിന്തേര്: പുസ്തക അവലോകനം

സിസ്റ്റർ അർച്ചിത എസ്.ഐ.സി.

കാറ്റിനേക്കാൾ വേഗതയുള്ള മനസ്സിനെ തടഞ്ഞു നിർത്താൻ ആർക്കു കഴിയും? പെരിയ ബഹുമാനപ്പെട്ട മരിയ ദാസ് അച്ചന്റെ 'ചിന്തേര്' എന്ന പുസ്തകം നമ്മെ കൂട്ടിക്കൊണ്ടുപോകുന്നത് അങ്ങനെ ഒരു ലോകത്തേക്കാണ്. പുസ്തകത്തിൽ ഉടനീളം വിവരിക്കപ്പെടുന്ന യാത്രാവിവരണങ്ങൾ ഈ സ്ഥലങ്ങളെ നേരിട്ട് കണ്ടാൽ എന്ന വിധം അത്ര മനോഹരമായാണ് അവതരിപ്പിച്ചത്. വായനക്കാരന് ഈ സ്ഥലങ്ങളിൽ എല്ലാം പോയി വന്ന ഒരു പ്രതീതിയാണ് ഇതു വായിച്ചു കഴിയുമ്പോൾ നമുക്ക് ഉണ്ടാവുക.

പുസ്തകത്തിന്റെ ആദ്യ വരിയിൽ തന്നെ നാം യാത്ര തുടങ്ങും പിന്നീടങ്ങോട്ട് ഒരു നീണ്ട യാത്രയാണ്. വെറും കാഴ്ചകൾ കണ്ട് കേട്ട് പോകുന്ന യാത്രയല്ല ഇത്. മറിച്ച് ഓരോ കഥാപാത്രത്തിലൂടെയും നാം ജീവിക്കുകയാണ്. ജോസഫിന്റെയും മറിയത്തിന്റെയും യേശുവിന്റെയും കൂടെ യാത്ര ആരംഭിക്കുന്ന നാം ഈ കഥയിലൂടെ കണ്ടുമുട്ടുന്ന ഓരോ വ്യക്തിയിലൂടെയും യാത്ര ചെയ്യുകയാണ്. എന്നോ നടന്നുപോയ ഒരു പഴങ്കഥയോ, വാക്കുകൾ ചേർത്തുവെച്ച് മനോഹരമായി ഉണ്ടാക്കിയ ഒരു സാങ്കൽപിക കഥയോ വായിക്കുന്ന ലഹരി അല്ല ഇതു വായിക്കുമ്പോൾ നമ്മിൽ ഉണർത്തുന്നത്. ഓരോ കഥാപാത്രങ്ങളും ഞാനായി മാറുന്ന നിമിഷം ഈ കഥ വായിക്കുമ്പോൾ വായനക്കാരന് അനുഭവപ്പെടുന്നു. ഒരുമിച്ച് കളിച്ചും ചിരിച്ചും ജീവിതത്തിൽ കൂടെ കൂട്ടിയ യേശുവിനെ ജോനാഥൻ എന്ന ചെറുപ്പക്കാരൻ ജീവിതത്തിൽ എവിടെയൊക്കെയോ വെച്ച് ആ സ്നേഹത്തെ വേണ്ടവിധം മനസ്സിലാക്കാതെ മറുതലിച്ചു നിന്ന കഥ, അനുജന്റെ സ്നേഹത്തിന്റെ മുന്നിൽ തോറ്റുപോയ ഒരു ജേഷ്ഠന്റെ കഥ. ഓരോ വായനക്കാരനും തന്റെ മാനസിക നിലയിൽ ഈ കഥയെ വായിക്കാവുന്നതാണ്. ഒരമ്മ വായിക്കുമ്പോൾ അത് ഒരു അമ്മയുടെ തേങ്ങലിന്റെ കഥയായും, ഒരപ്പൻ വായിക്കുമ്പോൾ അത് ഒരു അപ്പന്റെ വികാരനിർഭരമായ കഥയായും വായനക്കാരന് അനുഭവപ്പെടും.

ശാന്തമായി ഒഴുകുന്ന നദിയെ പോലെ ജോസഫിനെയും, എല്ലാത്തിനെയും സസന്തോഷം സ്വീകരിക്കുന്ന കടലിനെ പോലെ പരിശുദ്ധ മറിയത്തെയും, ആർക്കും പിടിച്ചുനിർത്താൻ ആവാത്ത കാറ്റിനെ പോലെ യേശുവിനെയും, അവതരിപ്പിക്കുന്ന ഈ നോവൽ നീണ്ട വർഷങ്ങളുടെ പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും ഫലമാണ്. ഓരോ പുസ്തകത്താളും, അടുത്തത് അറിയാനുള്ള ആകാംക്ഷ വായനക്കാരനെ ത്രസിപ്പിക്കും. ഒരു തച്ചന്റെ ജീവിതം ഇത്ര മനോഹരമായും, അവന്റെ ചെയ്തികളെ കൃത്യയോടും സൂക്ഷമതയോടും ഇത്രമാത്രം ഹൃദ്യമായി എഴുതിയ മാറ്റൊരു പസ്തകം ഇല്ലെന്ന് തന്നെ പറയാം. ഒരു നല്ല യാത്രാവിവരണം പോലെ, യേശുവിനോട് ഒപ്പമുള്ള ഈ യാത്ര, വായനയുടെ മധ്യത്തിൽ ഇടയ്ക്ക് എപ്പോഴോ അവസാനിക്കരുതേ എന്ന് ഞാൻ പ്രാർത്ഥിച്ചിരുന്നു.

മനസ്സിൽ ചിന്തേരിട്ട് ഹൃദ്യമായി സൂക്ഷിക്കാൻ ഒരു നല്ല പുസ്തകം ഞങ്ങൾക്കായി സമ്മാനിച്ച പെരിയ ബഹുമാനപ്പെട്ട മരിയ ദാസ് അച്ചനെ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ഈ പുസ്തകത്തിന്റെ മനോഹാരിത വാക്കുകൾക്കപ്പുറം ആയതുകൊണ്ട് വാക്കുകളിൽ ഇതിന് ആശംസകൾ അറിയിക്കുക ശ്രമകരമാണ്. അതുകൊണ്ട് പ്രിയ വായനക്കാരാ മനോഹരമായ ഒരു യാത്ര പോകുവാൻ തയ്യാർ ആണെങ്കിൽ, ചിന്തകളെ ചിന്തേരിടുവാൻ തയ്യാറാണെങ്കിൽ, ഇത്ര മനോഹരമായ മറ്റൊന്ന് നിങ്ങൾക്ക് നൽകാനില്ല.






# BETHANY ETHIOPIAN MISSION









"God is alive, and he needs people to serve him and bring him to others. It does makes sense to become a priest: the world needs priests, pastors, today, tomorrow and always, until the end of time."

**POPE BENEDICT XVI**
**Letter to seminarians, Oct. 18, 2010**